# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2021 സെപ്റ്റംബർ വോള്യം: 10 ലക്കം: 1



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള



## എല്ലാം വിൽപ്പനയ്ക്ക്



പ്രഭാത് പട്നായ്ക് 07

## അഫ്ഗാനിൽ സംഭവിച്ചത്

ചൂഷണമുക്തമായ ജനാധിപത്യത്തിന്റെ പൂർണ സൗന്ദര്യം ആസ്വദിക്കാൻ കഴിയുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥയെ ഉന്മുലനം ചെയ്യാൻ സാമ്രാജ്യത്വം നടത്തുന്ന കടന്നാക്രമണങ്ങളുടെ അനന്തരഫലമാണ് അഫ്ഗാനിസ്ഥാനും ലോകവും അനുഭവിക്കുന്നത്.

എളമരം കരീം എം.പി 12

## ഭാരത ബന്ദിന്റെ പ്രസക്തി




കെ.എൻ. ഗോപിനാഥ് 20

രണ്ടാം എൽഡിഎഫ് സർക്കാരിന്റെ

## ആദ്യ 100 ദിന കർമ്മ പരിപാടി



24

## എൽഡിഎഫ് സർക്കാരിന്റെ തൊഴിൽനയം ഇന്ത്യക്കാകെ മാതൃക

28 പി. നന്ദകുമാർ

## എൽഐസി -ജിഐസി സ്വകാര്യവൽക്കരണം നാടിനാപത്ത്

30 ജോസ് ടി എബ്രഹാം

## സ്ക്രാപേജ് പോളിസി കുത്തക നിർമാതാക്കൾക്ക് വേണ്ടി

34 കെ.എസ്. സുനിൽകുമാർ

## ലോക ചരിത്രത്തിൽ തൊഴിലാളി പ്രസ്ഥാനം രൂപം കൊള്ളുന്നു



40 എൻ. പത്മലോചനൻ

## ആഴക്കടൽ മത്സ്യമേഖലയെ കുത്തകകൾക്ക് തീറെഴുതുന്നു

44 പി.പി. ചിത്തരഞ്ജൻ

## കർഷകവിരുദ്ധ ജനവിരുദ്ധ ബിജെപിയെ പരാജയപ്പെടുത്തുക

48 വിജു കൃഷ്ണൻ

# നാഷണൽ മോണിട്ടൈസേഷൻ പൈപ്പ് ലൈൻ എന്ന കൊള്ള

രാജ്യത്തിന്റെ ആസ്തികൾ, വിദേശിയും സ്വദേശിയുമായ കുത്തകകൾക്ക്, നിസ്സാര പണത്തിന് പകരമായി കൈമാറുന്ന നടപടിയാണ് ആഗസ്റ്റ് 23ന് കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ച നാഷണൽ മോണിട്ടൈസേഷൻ പൈപ്പ് ലൈൻ (NMP) എന്ന പദ്ധതി. സർക്കാരിന് എളുപ്പത്തിൽ പണം നേടാനുള്ള വിദ്യയാണിത്. രാജ്യത്തെ ഏറ്റവും വലിയ സമ്പത്തുടമ സർക്കാരാണ് സ്വാതന്ത്ര്യാനാന്തരം, ജനങ്ങളുടെ നികുതി പണം സ്വരൂപിച്ച്, ഒട്ടേറെ വികസന പദ്ധതികൾ, സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. റോഡുകൾ, റെയിൽവേ പദ്ധതികൾ, അണക്കെട്ടുകൾ, വൈദ്യുതി ഉത്പാദന പദ്ധതികൾ, ഗവേഷണ സ്ഥാപനങ്ങൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ തുടങ്ങിയവ. കോടാനുകോടി രൂപ വില മതിക്കുന്ന സമ്പത്താണിത്. ഇതിന് പുറമെ, വിലമതിക്കാനാവാത്ത പ്രകൃതി വിഭവങ്ങൾ വേറെയുമുണ്ട്. ഇതെല്ലാം സർക്കാരിന്റെ അധീനതയിലാണ്.

ഇവ വില്പന നടത്താതെ, സ്വത്തിന്റെ മൂല്യത്തെ വായ്പ രൂപത്തിലല്ലാത്ത വരുമാനമാക്കി മാറ്റലാണ് മോണിട്ടൈസേഷൻ. വില്ക്കാതെ, പണയപ്പെടുത്തി വായ്പയെടുക്കാതെ 6 ലക്ഷം കോടി രൂപ സംഭരിക്കാനാണ് സർക്കാർ തീരുമാനം. മുപ്പതോനാൽപ്പതോ വർഷം കൈമാറുന്ന സ്വത്തിൽ നിക്ഷേപം നടത്താനും, ലാഭമുണ്ടാക്കാനുമുള്ള അവകാശമാണ് വിൽക്കുന്നത്. ഉടമസ്ഥത സർക്കാരിൽ തന്നെ നിൽക്കും. ഇതിന് പ്രതിഫലമായി, സർക്കാരിന് എന്ത് നൽകുമെന്നത് സംബന്ധിച്ചാണ് ലേലം വിളി. കൂടിയ തുക നൽകുന്നവർക്ക് കൈവശാവകാശം നൽകും. ഉദാഹരണത്തിന് 1000 കോടി രൂപ മൂല്യമുള്ള ഏതാനും വിമാനത്താവളങ്ങളും, അനുബന്ധ ഭൂമിയും 30 വർഷത്തേക്ക് ടെണ്ടർ ചെയ്യുക. ടെണ്ടറിൽ 1000 കോടിയേക്കാൾ കൂടുതൽ തുക ഓഫർ ചെയ്യുന്ന വരുമായി ചർച്ച ചെയ്ത് കരാർ ഉറപ്പിക്കും. നിബന്ധനകൾ ഇപ്പോൾ വ്യക്തമല്ല. അനുബന്ധ ഭൂമിയിൽ എന്തെല്ലാം നിക്ഷേപങ്ങൾ, സംരംഭകന് നടത്താമെന്ന് വ്യക്തമാക്കിയിട്ടില്ല. സർക്കാരിന് നൽകുന്ന പണം, 30 വർഷം കൊണ്ട്, മുതലും പലിശയും പുതിയ നിക്ഷേപത്തിലൂടെ നേടലാണ് പദ്ധതി. എയർ പോർട്ടിലെ യൂസർ ഫീ വർദ്ധിപ്പിച്ചും, അനുബന്ധ ഭൂമിയിൽ ഹോട്ടൽഷോപ്പിംഗ് കോംപ്ലക്സ് പണിതും പണമുണ്ടാക്കാം. ഇതെല്ലാം ഉപഭോക്താക്കളുടെ മേൽവലിയ ഭാരമായി വരും. 30 വർഷം കഴിഞ്ഞാൽ, സ്വത്ത് സർക്കാരിലേക്ക് തിരിച്ച് വരുമെന്ന് ധനമന്ത്രി പറയുന്നു. സംരംഭകൻ മുടക്കുന്ന പുതിയ ആസ്തികളുടെ വില, സംരംഭകന് നൽകേണ്ടിവരില്ലേ? അതിനുള്ള പണം എങ്ങനെ കണ്ടെത്തും? മൂന്ന് വഴികൾ തേടാം.

ഒന്ന്: കരാർ കാലാവധി നീട്ടിക്കൊടുക്കൽ. 30 വർഷം എന്നത് അറുപതോ തൊണ്ണൂറോ ആക്കാം.

രണ്ട്: ഈ സ്വത്ത് വീണ്ടും ലേലം വിളിക്കുക. അങ്ങിനെ കിട്ടുന്ന പണം ആദ്യത്തെ സംരംഭകന് തിരിച്ച് നൽകുക.

മൂന്ന്: അല്ലെങ്കിൽ ഈ സ്വത്ത്, സംരംഭകന് വിൽക്കാം.

സ്വത്ത് മുൻകൂറായി വാങ്ങുന്ന മുതലാളിമാർ, 6 ലക്ഷം കോടി രൂപ എങ്ങിനെ സംഭരിക്കും? ചെറിയ ഒരു ഭാഗം അവരുടെ കൈവശമുണ്ടാവാം. ബാക്കി ഭീമമായ തുക ബാങ്കുകളിൽ നിന്ന് വായ്പയെടുക്കും. ബാങ്കുകളിലുള്ളത് ജനങ്ങളുടെ പണമാണ്. സർക്കാരിന്റെ സ്വത്തിന്റെ ഈടിൽ വാങ്ങി, സർക്കാരിന് തന്നെ നൽകും. പ്രയോഗത്തിൽ സ്വത്ത് അവരുടെതാകും. ഈ വായ്പയെടുക്കൽ സർക്കാർ തന്നെ നടത്തിയാൽ, ബജറ്റിൽ സർക്കാരിന്റെ വായ്പ എന്ന കണക്ക് കാണിക്കണം. അപ്പോൾ ധനകമ്മി വർദ്ധിക്കും. ഇത് വിദേശ മൂലധനത്തിന് ഇഷ്ട്ടപ്പെടാത്ത കാര്യമാണ്. അവർ പിണങ്ങിയാൽ, ആഗോളവത്കരണ കാലത്തെ സമ്പദ്ഘടന പ്രതിസന്ധിയിലാവും. വിദേശ മൂലധനത്തെ ആശ്രയിച്ച് സാമ്പത്തിക വളർച്ച നേടുക എന്ന നയത്തിന്റെ പേരിൽ ഇതെല്ലാം സ്വീകരിക്കപ്പെടുന്നു. ഇന്ത്യൻ മുതലാളിമാർക്കും സന്തോഷമുളവാക്കുന്ന നടപടിയാണിത്. പൊതുമേഖലാ കമ്പനികളും രാഷ്ട്രത്തിന്റെ പൊതുസമ്പത്തും ചുളുവിലയ്ക്ക് അവരുടെ കൈകളിലെത്തും. നവഉദാരവത്കരണ നയമാണ്, ഇതെല്ലാം നിർണയിക്കുന്നത്.

നാലു വർഷം കൊണ്ട് നടപ്പാക്കുന്ന ഒരു പദ്ധതിയാണ് എൻ.പി.എം. ബിജെപിയുടെ കൂട്ടാളികളായ കോർപ്പറേറ്റു

കൾക്ക്, ജനങ്ങളുടെ നികുതി പണം കൊണ്ട് പടുത്തുയർത്തിയ സമ്പത്ത് കൈവശപ്പെടുത്താനാവും. കോൺഗ്രസ്സ് സർക്കാർ 1991 ൽ ആരംഭിച്ച ആഗോളവൽക്കരണ നയങ്ങളുടെ കാലം മുതൽ തുടങ്ങിയതാണ് പൊതു സമ്പത്തിന്റെ സ്വകാര്യവത്കരണം. ഇപ്പോൾ ബി.ജെ.പി സർക്കാർ ഈ നയം ശക്തിയായി പിന്തുടരുന്നു. വിവിധ രൂപത്തിൽ തുടർന്ന സ്വകാര്യവത്കരണം ഇപ്പോഴത്തെ എൻ.എം.പിയിൽ എത്തി നിൽക്കുന്നു. സ്വകാര്യ വത്കരണത്തിൽ, മോഡി സർക്കാർ, മുൻ സർക്കാരുകളെ കടത്തി വെട്ടിയിരിക്കുന്നു.

ആഗോളവത്കരണ നയം ആരംഭിച്ചത് മുതൽ തൊഴിലാളിവർഗ്ഗം കടുത്ത എതിർപ്പുമായി രംഗത്ത് വന്നു. ഈ പ്രക്ഷോഭങ്ങളുടെ ഫലമായി, ചില മേഖലകളിലെ സ്വകാര്യവൽക്കരണ നടപടികൾ തടസ്സപ്പെട്ടു. ലോക സാമ്പത്തിക പ്രതിസന്ധിയുടെയും മറ്റും സാഹചര്യത്തിൽ, വില്പനയ്ക്ക് വെച്ച ചില പൊതുമേഖലാ ആസ്തികൾ വാങ്ങാൻ, ദേശീയ കുത്തകകൾ പ്രതീക്ഷിച്ചത് പോലെ മുന്നോട്ട് വന്നില്ല. മൊത്ത വില്പന നടത്തില്ലെങ്കിലും, ഓഹരി വില്പനകളിലൂടെ ഇതിനകം 5.5 ലക്ഷം കോടി രൂപ സർക്കാർ സംഭരിച്ചു. ഇതിൽ 3.96 ലക്ഷം കോടി രൂപയ്ക്ക് പൊതുമേഖലാ ഓഹരി വില്പന നടത്തിയത്, കഴിഞ്ഞ 7 വർഷത്തെ മോഡി ഭരണമാണ്.

ഓഹരിവില്പന പ്രതീക്ഷിച്ചത് പോലെ നടത്താൻ കഴിയാതിരുന്ന സാഹചര്യത്തിലാണ്, പൊതുസമ്പത്ത്, വൻതോതിൽ സ്വകാര്യ കുത്തകകൾക്ക് കൈമാറുന്ന പുതിയ മാർഗ്ഗം മോഡി സർക്കാർ സ്വീകരിച്ചത്. സർക്കാർ ഒരു ജൂനിയർ പാർട്ണറായി നിലകൊള്ളും. ഇതാണ് പുതിയ എൻ.എം.പി.

എൻ.എം.പി പദ്ധതിയനുസരിച്ച്, നാഷണൽ ഹൈവേ അതോറിറ്റിയുടെ റോഡുകളുടെ 22 ശതമാനം, 400 റെയിൽവേ സ്റ്റേഷനുകൾ, 150 ട്രെയിനുകൾ, 1,400 കി.മീറ്റർ റെയിൽവേ ട്രാക്കുകൾ, കൊങ്കൺ റെയിൽവേയുടെ 741 കി.മീറ്റർ ട്രാക്ക്, 265 ഗുഡ്സ് ഷെഡ്ഡുകൾ, തെരഞ്ഞെടുക്കപ്പെടുന്ന റെയിൽവേ കോളനികൾ, നാല് മലയോര റെയിൽവേകൾ, 25 എയർപോർട്ടുകൾ, 28,608 സർക്യൂട്ട് കി.മീറ്റർ പവർ ട്രാൻസ്മിഷൻ ലൈനുകൾ, 160 കൽക്കരിഖനികൾ, 14,197 ടെലികോം ടവറുകൾ, 2.86 ലക്ഷം കി.മീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ, NTPC -NHPC വൈദ്യുതി ഉത്പാദന കേന്ദ്രങ്ങൾ, IOC, HPC , GAIL എണ്ണപ്രകൃതി വാതക പൈപ്പ് ലൈനുകൾ, 9 മേജർ തുറമുഖങ്ങൾ ഉൾപ്പെടെ 31 തുറമുഖങ്ങൾ, സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ വെയർ ഹൗസുകളുടെ 39% സംഭരണ ശേഷി, ജവഹർലാൽ നെഹ്റു സ്റ്റേഡിയം ഉൾപ്പെടെ സ്പോർട്സ് അതോറിറ്റിയുടെ 3 സ്റ്റേഡിയങ്ങൾ എന്നിവ കൈമാറുന്ന ആസ്തികളുടെ പട്ടികയിലുണ്ട്.

ഇവയെല്ലാം പഴകിയ ആസ്തികളാണെന്നാണ് സർക്കാർ വാദം. ഇവകളിൽ നിന്ന് എളുപ്പത്തിൽ പണം സമ്പാദിക്കാൻ കഴിയുമെന്ന്, വാങ്ങാൻ വരുന്നവർക്ക് ബോധ്യമുണ്ട്. മുടക്ക് മുതൽ ഇടാക്കാൻ പ്രയാസം നേരിടില്ല. ഈ കൈമാറ്റത്തിൽ നിന്ന് കിട്ടുന്ന പണം, കൂടുതൽ പശ്ചാത്തല സൗകര്യ വികസനത്തിനുപയോഗിക്കാമെന്ന്, ജനങ്ങളെ ബോധ്യപ്പെടുത്താനാവുമെന്ന് സർക്കാർ കരുതുന്നു. ഈ വാദഗതി അടിസ്ഥാനരഹിതവും, ജനങ്ങളെ വിഡ്ഢികളാക്കാനുള്ളതുമാണ്.

സ്വകാര്യ കുത്തകകളുടെ കൈവശമെത്തുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾക്ക്, യൂസർ ഫീസ് വൻതോതിൽ വർദ്ധിപ്പിച്ച്, അവർ ജനങ്ങളെ കൊള്ളയടിക്കും. 30-50 വർഷത്തേക്കാണ് ഈ സ്വത്തുക്കൾ സ്വകാര്യ കുത്തകകൾക്ക് നൽകുന്നത്. ഈ കാലയളവിൽ മുടക്ക് മുതലും, ലാഭവും നേടാനാവും സ്വകാര്യ കുത്തകകളുടെ ശ്രമം. എൻ.എം.പിയുടെ ഭാഗമായി മാറുന്ന ഹൈവേകൾ, വൈദ്യുതി പ്രസരണ ലൈനുകൾ, എണ്ണ വാതക പൈപ്പ് ലൈൻ, റെയിൽവേ ശൃംഘല, റെയിൽവെ സ്റ്റേഷനുകൾ തുറമുഖങ്ങൾ തുടങ്ങിയവ വർദ്ധിച്ച തോതിൽ ജനങ്ങൾ ഉപയോഗിച്ച് വരുന്നവയാണ്.

ആഭ്യന്തര വൈദ്യുതി ഉത്പാദനം, വ്യവസായ നിക്ഷേപ വളർച്ച, എന്നിവയെ ആശ്രയിച്ചാണ്, വൈദ്യുതിപ്രസരണ ലൈനുകളുടെ ഉപയോഗം. ആഭ്യന്തര വൈദ്യുതി ഉത്പാദനം വർദ്ധിക്കാത്തതിനും, വൈദ്യുതി ഉപഭോഗത്തിൽ വരുന്ന കുറവിനും കാരണക്കാർ, പവർ ഗ്രിഡ് കോർപറേഷനല്ല.

എൻ.എം.പി പൂർണ്ണ വില്പനയല്ല എന്നാണ് സർക്കാർ പറയുന്നത്. നിശ്ചിതകാലം വരുമാന മുണ്ടാക്കാമെന്ന വ്യവസ്ഥയിൽ, മൊത്തം ഒരു തുക സർക്കാരിന് ലഭിക്കുന്ന വിധം, ഏൽപ്പിച്ച് കൊടുക്കൽ മാത്രമാണെന്ന് സർക്കാർ പറയുന്നു. വരുമാനത്തിന്റെ വിഹിതം സർക്കാരിന് നൽകണമെന്നും, ഏറ്റെടുക്കുന്നവർ കൂടുതൽ പണം ഈ പദ്ധതികളിൽ മുടക്കണമെന്നുമുള്ള വ്യവസ്ഥ നടപ്പാക്കാൻ ഒരു സാദ്ധ്യതയുമില്ല. ദേശീയ സമ്പത്ത്, വിലകുറച്ച് കണക്കാക്കി കുത്തകകൾക്ക് കൈമാറൽ മാത്രമാണിത്. പൊതുമേഖലാ സ്ഥാപനങ്ങൾ, രാഷ്ട്രത്തിന്റെ സ്വയം പര്യാപ്തതക്കും, തൊഴിൽ സൃഷ്ടിയിലും വലിയ പങ്കാണ് വഹിച്ചത്. സ്വകാര്യമേഖലയിൽ വ്യവസായ വളർച്ച കൈവരിക്കാനും പൊതുമേഖല വലിയ പങ്ക് വഹിച്ചിട്ടുണ്ട്. തൊഴിൽ നഷ്ടവും, തൊഴിലില്ലായ്മ രൂക്ഷമാകലും ആയിരിക്കും ഈ നയത്തിന്റെ സൃഷ്ടി. പൊതുമേഖല തകർന്നാൽ, നിയമനത്തിൽ സംവരണം നഷ്ടപ്പെടും. പട്ടികജാതി–പട്ടികവർഗ്ഗ മറ്റ് പിന്നോക്ക സമുദായങ്ങൾ എന്നിവർക്കുള്ള ആനുകൂല്യങ്ങൾ നഷ്ടമാവും. സ്വകാര്യമേഖലയിൽ സംവരണമില്ല. സാമൂഹ്യ നീതിയുടെ നിഷേധമാണ് ഈ നയം. തൊഴിലാളികളുടെ അവസ്ഥ കഷ്ടത്തിലാവും. സമ്പദ്ഘടനയ്ക്ക് വലിയ തിരിച്ചടിയാവും. സർക്കാരിന് ഡിവിഡണ്ട് നഷ്ടപ്പെടും. കോർപ്പറേറ്റുകൾക്ക് മാത്രം നേട്ടമുണ്ടാവും.

കൈമാറുന്ന ആസ്തികളുടെ വില കുറച്ചാണ് കാണിച്ചിരിക്കുന്നത്. ഈ സ്ഥാപനങ്ങൾ പടുത്തുയർത്താൻ ഇന്നെന്ത് ചെലവാകും എന്ന് കണക്കാക്കിയാൽ, സർക്കാർ കണക്കാക്കിയ കൈമാറ്റ തുക തുച്ഛമാണെന്ന് കാണാം. ഉദാ. നാഷണൽ ഹൈവേ; 22%26700 കി.മീറ്റർ ആണ് കൈമാറുന്നത്. ഇതിൽ നിന്ന് 1.6 ലക്ഷം കോടി രൂപ ലഭിക്കണമെന്നാണ് സർക്കാർ കണക്കാക്കുന്നത്. ഇതിന്റെ നിർമ്മാണ ചെലവ് എത്രയാണ്? 2019 ൽ 'റോഡ് ട്രാൻസ്പോർട്ട് മന്ത്രാലയം' കണക്കാക്കിയ എസ്റ്റിമേറ്റ് ഇന്നത്തെ മൂലധന ചെലവായി കണക്കാക്കിയാലും 26,700 കി.മീറ്റർ നാലുവരിപാത നാഷണൽ ഹൈവേനിർമിക്കാൻ 8 ലക്ഷം കോടി രൂപ ചെലവ് വരും. ഈ സ്വത്ത് 1.6 ലക്ഷം കോടി രൂപ നൽകുന്നവർക്ക് ദീർഘകാലത്തേക്ക് കൈമാറലാണ് എൻ.എം.പി സർക്കാർ മുന്നോട്ട് വെക്കുന്ന 1.6 ലക്ഷം കോടി രൂപ, എന്ന തുക, വിലപേശി, കുറവ് വരുത്താനും സാദ്ധ്യതയുണ്ട്. ഏറ്റെടുക്കുന്നവർക്ക് എത്ര ടോൾ പ്ലാസകൾ വേണമെങ്കിലും സ്ഥാപിക്കാം. ടോൾ ഫ്രീ അവർ നിശ്ചയിക്കും. റവന്യു ഷെയർ, വരുമാനത്തിന്റെ 70–80 ശതമാനം കുത്തകകൾക്കായിരിക്കും. ജനങ്ങളുടെ നികുതി പണം ഉപയോഗിച്ച് പടുത്തുയർത്തിയ പശ്ചാത്തല സൗകര്യം കുത്തകകളുടെ സ്വാധീനത്തിലാവുകയും, വർദ്ധിച്ച യൂസർഫീ നൽകാൻ യഥാർത്ഥ ഉടമകളായ ജനങ്ങൾ നിർബന്ധിതരാവുകയും ചെയ്യും. പ്രകൃതി വാതക പൈപ്പുകളുടെ 50 ശതമാനമാണ്, എൻ.എം.പി.യിൽ കൈമാറുന്നത്. അതായത് 8154 കി.മീറ്റർ. ഇതിന് കണക്കാക്കിയ തുക 24,642 കോടി രൂപയാണ്. 2018 ആഗസ്റ്റിൽ, പ്രകൃതി വാതകപൈപ്പ് 1.കി.മീറ്റർ സ്ഥാപിക്കാൻ ചെലവ് 5 കോടി രൂപയായിരുന്നു. 8154 കി.മീറ്റർ പൈപ്പ് ലൈൻ മൂലധന ചെലവ് 40,000 കോടിയിലധികം രൂപ വരും. ഈ പൈപ്പിലൂടെ പ്രവഹിക്കുന്ന വാതകത്തിന്റെ താരിഫ് നിശ്ചയിക്കാനുള്ള അധികാരം, പെട്രോളിയം & നാച്വറൽ ഗ്യാസ് റഗുലേറ്ററി ബോർഡിന് നഷ്ടമാവും. അതെല്ലാം, കോർപ്പറേറ്റുകൾ നിശ്ചയിക്കും. തീർച്ചയായും നിരക്കുയരും. സഹിക്കേണ്ടത് ജനങ്ങൾ. പ്രകൃതി വാതക വില വർദ്ധിക്കുമെന്നുറപ്പ്.

മറ്റ് പശ്ചാത്തല വികസന പദ്ധതികളുടെയും അവസ്ഥ ഇത് തന്നെയാണ്. സ്വാതന്ത്ര്യാനന്തരം 7 ദശാബ്ദക്കാലം സ്വാശ്രയത്വം വർദ്ധിപ്പിക്കാൻ പര്യാപ്തമാവും വിധം ജനങ്ങളുടെ പണം ഉപയോഗിച്ച് പടുത്തുയർത്തിയ പൊതുമേഖലയെയാണ് ബി.ജെ.പി സർക്കാർ വിറ്റ് തുലയ്ക്കുന്നത്. 2017–18 ൽ കോർപ്പറേറ്റുകൾ രാഷ്ട്രീയ പാർട്ടികൾക്ക് നൽകിയ സംഭാവനകളുടെ 92 ശതമാനവും ലഭിച്ചത് ബി.ജെ.പിക്കാണ്. കോർപ്പറേറ്റ് സംഭാവന ദിവസേന 10 കോടിയിൽപരം രൂപയാണ്, ബി.ജെ.പി അക്കൗണ്ടിലേക്ക് പോയിക്കൊണ്ടിരിക്കുന്നത്. ഫണ്ട് നൽകുന്നവരുടെ ലിസ്റ്റ് വെളിപ്പെടുത്താറില്ല. ഈ കോർപറേറ്റുകളെ തിരിച്ച് സേവിക്കുകയാണ് ബി.ജെ.പി സർക്കാർ. ഇതാണ് ചങ്ങാത്ത മുതലാളിത്തം.



# എല്ലാം വിൽപ്പനയ്ക്ക്



**പ്രഭാത് പട്നായിക്**

**എല്ലാറ്റിനെയും ചരക്കുവൽക്കരിക്കുക എന്നത് മോഡി സർക്കാരിന്റെ പ്രത്യേകമായ അജൻഡയാണ്. ഒന്നും പരമപവിത്രമല്ല, ഒന്നും വിശുദ്ധവുമല്ല, ഒന്നും കമ്പോളത്തിന് അതീതമല്ല; എല്ലാം വിൽപ്പനയ്ക്കുള്ളതാണ്.**

**ലോക**മെങ്ങും കോവിഡ് 19ന് എതിരെ ജനങ്ങൾ വാക്സിൻ എടുക്കുന്നത് ഒരു ചില്ലിക്കാശും കൊടുക്കാതെയാണ്; പക്ഷേ ഇന്ത്യയിൽ അങ്ങനെയല്ല. ലോകമെങ്ങും അതത് രാജ്യത്തിന്റെ മനഃസാക്ഷിയുടെ ഊടും പാവുമായ, അതത് രാജ്യങ്ങളെ നിർവചിക്കുന്ന ചരിത്രസ്മാരകങ്ങൾ പാവനമായും അവയെ മാറ്റം വരുത്താതെയും സൂക്ഷിക്കും, പക്ഷേ ഇന്ത്യയിൽ അങ്ങനെയല്ല. ലോകത്തെവിടെയും അടിസ്ഥാനപരമായ സേവനങ്ങളോ സാംസ്കാരിക വിദ്യാഭ്യാസ സേവനങ്ങളോ ഫലത്തിൽ സൗജന്യമാണ്. പക്ഷേ ഇന്ത്യയിൽ അത് അവസാനിച്ചിരിക്കുന്നു. ഇന്ത്യയുടെ അതിശയകരമായ ഈ 'അസാധാരണത്വ'ത്തിനു പിന്നിൽ എല്ലാറ്റിനെയും ചരക്കുവൽക്കരിക്കുക എന്ന മോഡി സർക്കാരിന്റെ പ്രത്യേകമായ അജൻഡയാണ്. ഒന്നും പരമപവിത്രമല്ല, ഒന്നും വിശുദ്ധവുമല്ല, ഒന്നും കമ്പോളത്തിന് അതീതമല്ല; എല്ലാം വിൽപ്പനയ്ക്കുള്ളതാണ്.





**നൂറുകണക്കിനാളുകൾ പിടഞ്ഞു മരിച്ച ജാലിയൻവാലാ ബാഗ് മൈതാനം ഓരോ ഇന്ത്യക്കാരനും പാവനമായാണ് കാണുന്നത്. ഇന്ത്യയുടെ കോളനിവിരുദ്ധ പ്രക്ഷോഭങ്ങളിൽ നിർണ്ണായകമായി മാറിയതാണ് ഈ ദാരുണ സംഭവം. അൽപ്പത്തം മാത്രം കൈമുതലാക്കിയ നമ്മുടെ സർക്കാർ, ജാലിയൻവാലാ ബാഗിനെ സൗന്ദര്യവൽക്കരിച്ച് വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനാണ് ശ്രമിച്ചത്. സംശയലേശമന്യെ പറയാം ഈ ആശയം പൂർണമായും അനുചിതമാണെന്ന്. ജാലിയൻവാലാ ബാഗും ഈ സർക്കാരിന് ഒരു ചരക്ക് മാത്രമാണ്. പാവനത്വമുള്ള ഒരു ഭൂമി എന്നതിനേക്കാൾ സർക്കാർ പരിഗണന നൽകിയത് ഒരു ചരക്ക് എന്ന നിലയിലുള്ള ജാലിയൻവാലാ ബാഗിന്റെ മൂല്യത്തിനാണ്.**

മേൽപ്പറഞ്ഞ മൂന്നു ഉദാഹരണങ്ങൾ എടുക്കാം. നേരത്തെ സ്വകാര്യ ആശുപത്രികൾ ജനങ്ങൾക്ക് വാക്സിൻ നൽകിയപ്പോൾ ആ സേവനത്തിന് ആശുപത്രികൾ ആവശ്യപ്പെട്ടത് 250 രൂപയായിരുന്നു. അതു തന്നെ ഒഴിവാക്കാമായിരുന്നുവെങ്കിലും അത് സഹിക്കാവുന്ന തരത്തിലുള്ള ഒരു ചെറിയ തുകയായിരുന്നു. ഇപ്പോൾ സർക്കാർ സൗജന്യമായി വാക്സിൻ നൽകാത്തതിനാൽ സ്വകാര്യ ആശുപത്രികളെ കോവിഷീൽഡിന് 780 രൂപയും കോവാക്സിന്1410 രൂപയും സ്പുട്നിക്കിന് 1145 രൂപയും ഈടാക്കാൻ അനുവദിച്ചിരിക്കുകയാണ്. ആശുപത്രികൾക്ക് വാക്സിൻ നൽകാതിരുന്നതോടെ കേന്ദ്രസർക്കാർ വാക്സിനും ഒരു ചരക്കായി മാറ്റുകയാണെന്ന് വ്യക്തമായി. അതുപോലെ തന്നെയാണ് ജാലിയൻവാലാബാഗ് സൗന്ദര്യവൽക്കരണ പദ്ധതി. ഇന്ത്യയുടെ കോളനിവിരുദ്ധ പ്രക്ഷോഭങ്ങളിൽ നിർണ്ണായകമായി മാറിയ ഈ ദാരുണ സംഭവം പുതിയ ഇന്ത്യയുടെ രൂപീകരണത്തിൽ സുപ്രധാന പങ്കാണ് വഹിച്ചത്. സമാധാനപരമായി തടിച്ചു കൂടിയ ജനങ്ങൾക്കു നേരെ ബുള്ളറ്റുകൾ തീരുംവരെ വെടിയുതിർക്കാൻ ഉത്തരവിടുകയായിരുന്നു. നൂറുകണക്കിനാളുകൾ പിടഞ്ഞു മരിച്ച ആ മൈതാനം ഓരോ ഇന്ത്യക്കാരനും പാവനമായാണ് കാണുന്നത്. ആ സ്മാരകം ഒരു മാറ്റവും വരുത്താതെയാണ് നിലനിർത്തിയിരുന്നത്. മറ്റൊരു ഉദാഹരണമെടുക്കാം. അമേരിക്കയിലേക്ക് ദശലക്ഷക്കണക്കിന് അടിമകളെ കടത്തിയത് സെനഗലിലെ ഡാക്കർ തീരത്തിനടുത്തുള്ള ഗോരീ ദ്വീപു വഴിയാണ്. അടിമകളുടെ അമേരിക്കയിലേക്കുള്ള ഹൃദയഭേദകമായ യാത്രക്കുപയോഗിച്ച കെട്ടിടങ്ങളും ബാരക്കുകളും നിലവറകളും അതേപടി നിലനിർത്തിട്ടുണ്ട്. നെൽസൺ മണ്ടേല ഒരിക്കൽ ഗോരീ ദ്വീപ് സന്ദർശിച്ചപ്പോൾ കണ്ണീർ വാർത്തത് നമുക്കോർമയുണ്ട്. എന്നാൽ ഇന്ത്യയിൽ അൽപ്പത്തം മാത്രം കൈമുതലാക്കിയ നമ്മുടെ സർക്കാർ ജാലിയൻ വാലാ ബാഗിനെ സൗന്ദര്യവൽക്കരിച്ച് വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനാണ് ശ്രമിച്ചത്. സംശയലേശമന്യെ പറയാം ഈ ആശയം പൂർണമായും ഭാവനാസ്രഷ്ടവും അനുചിതവുമാണെന്ന്. ജാലിയൻവാലാ ബാഗും ഈ സർക്കാരിന് ഒരു ചരക്ക് മാത്രമാണ്. പാവനത്വമുള്ള ഒരു ഭൂമി

എന്നതിനേക്കാൾ സർക്കാൻ പരിഗണന നൽകിയത് ഒരു ചരക്ക് എന്ന നിലയിലുള്ള ജാലിയൻ വാലാ ബാഗിന്റെ മൂല്യത്തിനാണ്. പൗരാണിക നഗരമായ വരാണസിയിലെ വിശ്വനാഥ ക്ഷേത്രത്തിന് സമീപമുള്ള ചെറു ഇടവഴികളും പഴയ വീടുകളും ചെറുക്ഷേത്രങ്ങളും നശിപ്പിച്ചുകൊണ്ട് 'സൗന്ദര്യവൽക്കരിക്കു'ന്നതിലും ഇതേ മൗലികമായ സമീപനമാണ് സ്വീകരിച്ചത്. വിദേശ ടൂറിസ്റ്റുകൾക്ക് വിശ്വനാഥ ക്ഷേത്രത്തിലേക്കും സമീപപ്രദേശങ്ങളിലേക്കും അനായാസം പ്രവേശിക്കാൻ വേണ്ടിയാണ് ഈ ആശയം നടപ്പാക്കിയത്. ഈ ക്ഷേത്രത്തെ ഒരു ചരക്കായി പരിഗണിക്കുന്നതിനു മാത്രമായിരുന്നു ഈ ആശയം.

ഇപ്പോഴിതാ റെയിൽവെ സ്റ്റേഷൻ, തുറമുഖം, വിമാനത്താവളം, സ്റ്റേഡിയം, റോഡ് തുടങ്ങിയ പൊതു ആസ്തികളത്രയും 'മോണിറ്റൈസേഷൻ' എന്ന പേരിൽ ചരക്കുകളാക്കി മാറ്റി സ്വകാര്യ ഓപ്പറേറ്റർമാർക്ക് കൈമാറാൻ ശ്രമിക്കുന്നു. മോണിറ്റൈസേഷനും സ്വകാര്യവൽക്കരണവും തമ്മിൽ വ്യത്യാസമുണ്ടെന്നാണ് ധനമന്ത്രി വാദിക്കുന്നത്. അത് കള്ളന്യായമാണ്. മോണിറ്റൈസേഷൻ എന്നതിനർഥം ആസ്തികൾ ഒരു നിശ്ചിത കാലത്തേക്ക് സ്വകാര്യകമ്പനികൾക്ക് കൈമാറുക എന്നതാണ്. ആ നിശ്ചിത കാലയളവിനു ശേഷം ആസ്തികൾ സർക്കാരിലേക്കു വന്നാലും ഈ കാലയളവിനിടെ ആസ്തിയിൽ നടത്തിയ നിഷേപത്തിന്റെ മൂല്യം സംബന്ധിച്ച പാട്ടത്തിനെടുക്കുന്നയാൾ ഉന്നയിക്കുന്ന പല പ്രശ്നങ്ങൾ സർക്കാരിനെ കാത്തിരിക്കുന്നുണ്ട്.. അതുകൊണ്ടുതന്നെ ആസ്തി പാട്ടത്തിനെടുത്തയാൾക്കോ അതുമല്ലെങ്കിൽ മറ്റാർക്കെങ്കിലുമോ ഒരു വില നിശ്ചയിച്ച് വീണ്ടും കൈമാറേണ്ടിവരും. അതായത് ഒറ്റയടിയ്ക്കുള്ള വില്പനയ്ക്ക് പകരം കുറച്ചുകാലത്തേക്ക് പലവട്ടം വില്ക്കുന്ന പ്രക്രിയയാണ് മോണറ്റൈസേഷൻ. എങ്കിലും ഫലത്തിൽ ഇതു വില്പനയല്ലാതെ മറ്റൊന്നുമല്ല.

സ്ഥൂല സാമ്പത്തിക ശാസ്ത്രപ്രകാരം പൊതുആസ്തികളുടെ മൊണിറ്റൈസേഷൻ എന്നത് ധനകമ്മിയുള്ളപ്പോൾ സർക്കാർ ചെലവുകൾ നടത്താൻ വേണ്ടിയുള്ളതാണ്. ധനകമ്മി ഉണ്ടാകുമ്പോൾ ആസ്തികൾ (ഗവൺമെന്റ് സെക്യൂരിറ്റിയുടെ രൂപത്തിൽ പിന്നീട് അവകാശം ഉന്നയിക്കാവുന്ന തരത്തിൽ) സ്വകാര്യ മേഖലയ്ക്ക് കൈമാറും. അതിന് പകരമായി കിട്ടുന്ന പണം ചെലവഴിക്കുകയും ചെയ്യും. മൊണിറ്റൈസേഷന്റെ കാര്യത്തിലും റോഡും റെയിൽവെ പ്ലാറ്റ്ഫോമും അടക്കമുള്ള ആസ്തികൾ സ്വകാര്യവ്യക്തികൾക്ക് കൈമാറുക തന്നെയാണ് ചെയ്യുന്നത്. അതിന് പകരമായി കിട്ടുന്ന തുകയും സർക്കാർ കാര്യങ്ങൾക്കായി ചെലവഴിക്കുന്നു. സ്ഥൂല സാമ്പത്തിക ശാസ്ത്രത്തിന്റെ തലത്തിൽ ഇതിന്റെ സാമ്പത്തികമായുള്ള വ്യത്യാസമെന്നത് സ്വകാര്യ കമ്പനികൾക്ക് കൈമാറുന്ന ആസ്തിയുടെ സ്വഭാവവുമായി ബന്ധപ്പെട്ട് മാത്രമാണ്. മറിച്ചാണെങ്കിൽ ധനകമ്മിയിലൂടെയും മൊണിറ്റൈസേഷനിലൂടെയുമുള്ള ഈ പ്രക്രിയ തികച്ചും സമാനമായിരിക്കും.




**റെയിൽവെ സ്റ്റേഷൻ, തുറമുഖം, വിമാനത്താവളം, സ്റ്റേഡിയം, റോഡ് തുടങ്ങിയ പൊതു ആസ്തികളത്രയും 'മോണിറ്റൈസേഷൻ' എന്ന പേരിൽ ചരക്കുകളാക്കി മാറ്റി സ്വകാര്യ ഓപ്പറേറ്റർമാർക്ക് കൈമാറാൻ ശ്രമിക്കുന്നു. മോണിറ്റൈസേഷൻ എന്നതിനർഥം ആസ്തികൾ ഒരു നിശ്ചിത കാലത്തേക്ക് സ്വകാര്യകമ്പനികൾക്ക് കൈമാറുക എന്നതാണ്. ഒറ്റയടിയ്ക്കുള്ള വില്പനയ്ക്ക് പകരം കുറച്ചുകാലത്തേക്ക് പലവട്ടം വില്ക്കുന്ന പ്രക്രിയയാണ് മോണറ്റൈസേഷൻ. എങ്കിലും ഫലത്തിൽ ഇതു വില്പനയല്ലാതെ മറ്റൊന്നുമല്ല.**

ഈ രണ്ടുകാര്യത്തിലും പിന്നീട് എന്താണ് സംഭവിക്കുന്നത്. പൊതു ആസ്തികൾ സ്വകാര്യ മേഖല കൈകാര്യം ചെയ്യുന്നതിന്റെ അനന്തരഫലം ധനകമ്മിയുടെതിനെക്കാൾ വളരെ വിനാശകരമായിരിക്കും. കാരണം ആസ്തികൾ പാട്ടത്തിനെടുത്ത കമ്പനികളുടെ ഏകലക്ഷ്യം ലാഭമുണ്ടാക്കുക

എന്നത് മാത്രമായിരിക്കും. അതിനു വേണ്ടി അവർ യൂസർ ചാർജ് കുത്തനെ കൂട്ടുകയും ആസ്തി കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കുള്ള വേതനം കുറയ്ക്കുകയും ചെയ്യും. സമ്പദ് ഘടന യിൽ ലാഭതോതിന്റെ ശരാശരി ഉയർത്താൻ ഈ നടപടികൊണ്ട് കഴിയും. അതായത് വേതനം കുറ യുകയും അത്രകണ്ട് ലാഭം കൂടുകയും ചെയ്യുന്നത് സാധ്യമാക്കുക. വേതനം ലഭിക്കുന്നവരുടെ ഉപ ഭോഗവും വരുമാനവും തമ്മിലുള്ള അനുപാതം ലാഭമുണ്ടാക്കുന്ന വരുടേതിനേക്കാൾ കൂടുതലാ യിരിക്കും എന്നതിനാൽ വേതനം കുറയുകയും ലാഭം കൂടുകയും ചെയ്യുന്നത് ഉപഭോഗത്തിലും അതുകൊണ്ട് ഡിമാന്റിലും ഇടിവ് ഉണ്ടാക്കും. സർക്കാർ ചെലവുകൾക്കായി ഈ മാർഗ്ഗത്തിലൂ ടെ പണമുണ്ടാക്കുന്നത് അതുകൊണ്ട് ധനകമ്മി വർദ്ധിപ്പിച്ചുകൊണ്ടോ അല്ലെങ്കിൽ ലാഭ/ സ്വത്ത് നികുതികൾ കൂടുതൽ ഈടാക്കിക്കൊണ്ട് പണം സ്വരൂപിക്കുന്നതിനെയോ അപേക്ഷിച്ച് കൂടുതൽ പണലഭ്യത ആവശ്യപ്പെടുന്നില്ല. മൊത്തം ശേഷിയെ വിനിയോഗിക്കാൻ കഴിയാത്തതിന്റെ യും തൊഴിലില്ലായ്മയുടെയും പ്രശ്നങ്ങളെ നേരി ടുന്ന സമ്പദ്ഘടനയെ സംബന്ധിച്ചിടത്തോളം മോണിറൈസേഷൻ തീർച്ചയായും ഒരു മെച്ചപ്പെ ട്ട നടപടിയല്ല. ഇത് വരുമാനത്തിന്റെ വിതരണ ത്തിൽ ഉണ്ടാക്കാൻ പോകുന്ന പിന്തിരിപ്പൻ പ്ര ത്യാഘാതം അപലപനീയവുമാണ്.

ഇത്തരം പ്രത്യാഘാതങ്ങൾക്കുമപ്പുറം സാ മ്പത്തികശാസ്ത്രത്തിന് അതീതമായി പറഞ്ഞാൽ നയപരമായ ഈ വ്യതിയാനം മൗലികമായ അർഥത്തിൽ ജനാധിപത്യവിരുദ്ധമാണ്. ഒരു ആധുനിക സമൂഹത്തിൽ ഉൽപ്പന്നങ്ങളും സേവ നങ്ങളും ഏറെക്കുറെ സൗജന്യമായി ലഭിക്കുക എന്നത് പൗരന്മാർ എന്ന നിലയ്ക്കുള്ള അവകാശമാ ണ്. ഇത്തരം ആസ്തികളിൽനിന്ന് ഉൽപ്പാദിപ്പിക്ക പ്പെടുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും ലഭിക്കുക എന്നത് പൗരന്മാർ എന്ന നിലയ്ക്കു ജനങ്ങളുടെ അവകാശമാണ്.

ഇത്തരം ഉൽപ്പന്നങ്ങളും സേവനങ്ങളും കഴി യാവുന്നത്രയും സൗജന്യമായി നൽകണമെന്ന അഭിപ്രായം കുറേക്കാലമായി സാമ്പത്തിക വിദഗ്ദ രിൽ ശക്തമാണ്. ഒരു പാർക്കിൽ സർക്കാർ സ്ഥാ പിച്ച ഒരു ബെഞ്ചൽ ആർക്കും ഒരു പൈസപോലും നൽകാതെ ഇരിക്കാനാകും. പ്ലാറ്റ്ഫോം ടിക്കറ്റിന് ഒരു ചെറിയ തുക നൽകി ഒരു റെയിൽവെ പ്ലാ റ്റ്ഫോം ആർക്കും ഉപയോഗിക്കാം. ഒരു മ്യൂസി യത്തിൽ സൗജന്യമായോ ഒരു ചെറിയ ടിക്കറ്റ് നിരക്ക് നൽകിയോ ആർക്കും സന്ദർശിക്കാം. ഈ നയത്തിൽ മാറ്റം വരുത്തിയ സർക്കാർ കുറച്ചു കാലമായി ഉയർന്ന യൂസർ ചാർജ് ഈടാക്കാൻ ആരംഭിച്ചിട്ടുണ്ട്. ഈ നിരക്ക് വർധിപ്പിക്കാൻ പാ ടില്ലെന്ന നയത്തിനാണ് ഇപ്പോഴും സ്വീകാര്യതയു ള്ളത്.

ഇത്തരം പൊതു ആസ്തി വഴി ഉൽപ്പാദിപ്പിക്ക പ്പെടുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും സൗജന്യ മായി ലഭിക്കുന്നത്, അല്ലെങ്കിൽ അവയ്ക്ക് കുറഞ്ഞ നിരക്കു മാത്രം ഈടാക്കുന്നത് എല്ലാ ഉപയോ ക്താക്കളെയും തുല്യമായി പരിഗണിക്കുന്നു എന്ന വസ്തുതയുടെ പ്രതിഫലനമാണ്, അതായത് ജനങ്ങൾ പൗരന്മാർ എന്ന നിലയ്ക്ക് ആസ്തികളുടെ സഹഉടമകൾ ആണെന്നർഥം. അവർക്കുവേണ്ടി യാണ് സർക്കാർ ഈ ആസ്തികളുടെ ഉടമകൾ ആകുന്നത്. പൊതു ആസ്തികളിൽ ഭൂരിഭാഗവും അതുകൊണ്ടുതന്നെ പൊതുസ്വത്തും എല്ലാ പൗ രന്മാർക്കും തുല്യമായി അനുഭവിക്കാൻ അവകാ ശമുള്ളതുമാണ്..

ഇതിനു വിപരീതമായി ഒരു വ്യക്തിയുടെ പ്രാ ധാന്യത്തിന്റെ അടിസ്ഥാനം അവന്റെ/ അവളുടെ ക്രയശേഷിയുടെ അളവ് ആകുമ്പോൾ വിപണി സ്വാഭാവികമായും അസമമാകും. സർക്കാർ നോക്കിനടത്തുന്നതിൽ നിന്ന് ഒരു ആസ്തി സ്വ കാര്യ നടത്തിപ്പുകാരുടെ കൈയിലെത്തുമ്പോൾ അതിനർഥം ആ ആസ്തി വഴി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ അതുവരെ തുല്യതയോടെ അനു ഭവിച്ചിരുന്ന പൗരന്മാരിൽനിന്ന് കൂടിയ ക്രയശേ ഷിയുള്ളവരിലേക്ക് എത്തപ്പെടുന്നു എന്നാണ്. പൊതു ഇടങ്ങളിൽനിന്നും പൗരന്മാരുടെ അവകാ ശങ്ങളിൽനിന്നും ഈ ആസ്തികൾ ക്രയശേഷിയു ള്ളവരുടെ മേഖലയിലേക്ക് മാറും.

ഒരവകാശം എന്ന നിലയ്ക്ക് ഈ പൊതു ഉൽ പ്പന്നങ്ങൾ അനുഭവിച്ചിരുന്ന വലിയൊരു വിഭാഗം പൗരന്മാർ ഈ മേഖലയിൽനിന്ന് പുറത്താക്ക പ്പെടാൻ കാരണമാകുന്ന അവസ്ഥ ജനാധിപത്യ ത്തിന്റെ ശോഷണമാണ്. മോണിറ്റൈസേഷൻ വരുമാനത്തിന്റെ വിതരണത്തിൽ വലിയ അന്തര മുണ്ടാക്കുമെന്നത് പൊതുവിൽ അറിയപ്പെടുന്ന വസ്തുത തന്നെയാണ്. വരുമാനത്തിന്റെ വിതരണ ത്തിലുള്ള അപകടകരമായ കുറവിനൊപ്പം ഇത് അവകാശങ്ങളുടെ വെട്ടിച്ചുരുക്കൽ കൂടിയാണ്. അതുവരെ ഒരു തടസ്സവുമില്ലാതെ ഉപയോഗിച്ചിരു ന്ന റോഡിലേക്കും റെയിൽവെ സ്റ്റേഷനിലേക്കും പ്രവേശനം നിഷേധിക്കപ്പെടും. ഇങ്ങനെ ചരക്കു വൽക്കരണമെന്ന ഓരോ പ്രക്രിയയിലൂടെയും വലിയ ഒരു വിഭാഗം പുറന്തള്ളപ്പെടും. പൗരത്വമെ ന്ന അവകാശം നഷ്ടപ്പെടും. ഈ സർക്കാർ നട പ്പാക്കുന്ന ചരക്കുവൽക്കരണം പൗരന്മാർക്കുള്ള തുല്യമായ ജനാധിപത്യ അവകാശങ്ങളുടെ സ്ഥാ നത്ത് സാമ്പത്തികമായ വർണവിവേചനമാണ് നിലവിൽ വരുത്താൻ പോകുന്നത്.●

# നടുവൊടിച്ച് പാചക വാതകം




ഗാർഹികാവശ്യത്തിനുള്ള 14.2 കിലോഗ്രാം പാചകവാതക സിലിൻഡറിന്റെ വില ബുധനാഴ്ച വീണ്ടും 25 രൂപ കൂട്ടി. ഇതോടെ കൊച്ചിയിൽ വില 891.50 രൂപയായി. വാണിജ്യാവശ്യത്തിനുള്ള 19 കിലോഗ്രാം സിലിൻഡറിന് 74.50 രൂപ വർധിച്ച് 1692.50 രൂപയിലെത്തി. അഞ്ചു കിലോഗ്രാം സിലിൻഡറിന് 19 രൂപ കൂടി 491 രൂപയായി.

തിരുവനന്തപുരത്ത് ഗാർഹിക എൽ.പി.ജിയ്ക്ക് 894 രൂപയാണ് വില. കോഴിക്കോട്ട് 893.5 രൂപയിലെത്തി. ഡൽഹിയിൽ 884.50 രൂപ.

ജൂലായ്, ആഗസ്റ്റ് മാസങ്ങളിലായി ഗാർഹിക എൽ.പി.ജിയ്ക്ക് 50.50 രൂപ വർധിപ്പിച്ചു. എപ്പോഴത്തെ വർധനകൂടി കണക്കിലെടുത്താൽ ഏതാണ്ട് 75 രൂപയുടെ വർധന. ഈ വർഷം ഇതുവരെ 180 രൂപയിലധികം കൂടി. ഫെബ്രുവരിയിൽ മാത്രം മൂന്നുതവണയായി 100 രൂപ കൂട്ടിയിരുന്നു.2020 നവംബർ മുതൽ ഗാർഹിക എൽ.പി.ജിയ്ക്ക് കൂടിയത് 265 രൂപയാണ്. വാണിജ്യ എൽ.പി.ജിയ്ക്ക് ഈ വർഷം 400 രൂപയിലധികമാണ് കൂടിയത്. കഴിഞ്ഞ വർഷം മെയ് മുതൽ സബ്സിഡി നിർത്തലാക്കിയതും ജനങ്ങളെ സംബന്ധിച്ച് ഇരുട്ടടിയാണ്.

വർഷം 12 സിലിൻഡറാണ് ഉപഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ നൽകുന്നത്. വൻവില വർധന വന്നതോടെ 2020 മെയ് മുതൽ സബ്സിഡി ലഭിക്കുന്നില്ല. സബ്സിഡിയുള്ളതും ഇല്ലാത്തതുമായ സിലിൻഡറുകൾക്ക് ഏകദേശമിപ്പോൾ ഒരേ വിലയാണ്.

# 15 ലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു




ആഗസ്റ്റ് മാസത്തിൽ ഔദ്യോഗിക - അനൗദ്യോഗിക മേഖലകളിലായി ഇന്ത്യയിൽ 15 ലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്നാണ് സെന്റർ ഫോർ മോണിട്ടറിംഗ് ഇന്ത്യൻ എക്കണോമി (CMIE)റിപ്പോർട്ട്. ജൂലൈയിൽ ചെറിയ പ്രതീക്ഷ നൽകിയ തൊഴിൽ രംഗം വീണ്ടും തിരിച്ചടിയിലേക്ക് പോയിരിക്കുകയാണ്. ജൂലൈയിൽ ഔദ്യോഗിക - അനൗദ്യോഗിക മേഖലകളിലായി 39.93 കോടി പേർക്കാണ് തൊഴിൽ ഉണ്ടായിരുന്നത്. അത് ആഗസ്റ്റ് മാസമായപ്പോൾ 39.78 കോടി പേർക്കെ തൊഴിലുള്ളു. ജൂലൈയിൽ തൊഴിലില്ലായ്മയുടെ ശതമാനം 6.95 ആയിരുന്നത് ആഗസ്റ്റ് മാസമായപ്പോൾ 8.32% ആയി ഉയർന്നു. നഗരപ്രദേശങ്ങളിൽ തൊഴിലില്ലായ്മ ജൂലൈ ലെ 8.3%ത്തിൽ നിന്ന് 9.78% ആയും ഗ്രാമീണ മേഖലയിൽ ജൂലൈയിൽ 6.34% ആയിരുന്നത് ആഗസ്റ്റ് ആയപ്പോൾ 7.64% ആയും ഉയർന്നു. ഇന്ത്യയിലെ തൊഴിൽ ശക്തി ആഗസ്റ്റ് മാസത്തില 43.39 കോടിയാണ്. ജൂലൈ മാസത്തിൽ നിന്നും 40 ലക്ഷം കൂടുതലാണ്. കോവിഡ് കാലഘട്ടത്തിൽ ഇന്ത്യയിൽ സൃഷ്ടിക്കപ്പെട്ട തൊഴിലുകൾ വളരെ നിലവാരം കുറഞ്ഞതും താത്കാലിക സ്വഭാവമുള്ളതുമായിരുന്നു. സാമ്പത്തിക രംഗം നല്ല രീതിയിൽ വളർച്ച നേടിയില്ലെങ്കിൽ സ്ഥിതി വരും മാസങ്ങളിലും ഗുരുതരമായി തുടരും. ഔദ്യോഗിക തൊഴിൽ രംഗങ്ങൾ വളർച്ച നേടുന്നില്ലെങ്കിൽ നല്ല നിലവാരമുള്ള തൊഴിലും ഉണ്ടാകില്ല.

# അഫ്ഗാനിൽ സംഭവിച്ചത്



ചൂഷണമുക്തമായ ജനാധിപത്യത്തിന്റെ പൂർണസൗന്ദര്യം ആസ്വദിക്കാൻ കഴിയുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥയെ ഉന്മൂലനം ചെയ്യാൻ സാമ്രാജ്യത്വം നടത്തുന്ന കടന്നാക്രമണങ്ങളുടെ അനന്തരഫലമാണ് അഫ്ഗാനിസ്ഥാനും ലോകവും അനുഭവിക്കുന്നത്.

**ബുഷും കൂട്ടാളികളും ആരംഭിച്ച ഭീകരതക്കെതിരായ പോരാട്ടം അമേരിക്കൻ സാമ്രാജ്യത്തിന്റെ കടന്നാക്രമണത്തിനും, കയ്യേറ്റത്തിനുമുള്ള മുഖംമൂടി മാത്രമായിരുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥയെ ഉന്മൂലനം ചെയ്യാൻ സാമ്രാജ്യത്വം ആവിഷ്കരിച്ച പദ്ധതികളുടെ ദുരന്തമാണ് അഫ്ഗാൻ ജനതയും ലോകവും നേരിടുന്നത്. ഒരു തലമുറ മുമ്പ് അഫ്ഗാനിസ്ഥാൻ സ്വാതന്ത്ര്യം നേടിയിരുന്നു. അമേരിക്കയും, ബ്രിട്ടനും അവരുടെ കൂട്ടാളികളും ചേർന്നാണ് അതിനെ തകർത്തത്. ഇപ്പോഴത്തെ സംഭവങ്ങളിൽ പാശ്ചാത്യ രാഷ്ട്രീയ നേതാക്കൾ ഒഴുക്കുന്നത് മുതലക്കണ്ണീരാണ്. അവർ ചരിത്രം വളച്ചൊടിക്കുകയാണ്. തിരിച്ചടികളിൽ നിന്ന് ഒരു പാഠവും ഉൾക്കൊള്ളാതെ ലോകാധിപത്യ മോഹവുമായി തന്നെയാണ് ഇപ്പോഴും അമേരിക്ക മുന്നോട്ട് പോവുന്നത്.**



**എളമരം കരീം**

**അ**മേരിക്കൻ പിന്തുണയോടെ അഫ്ഗാനിസ്ഥാൻ പ്രസിഡന്റ് പദവിയിലിരുന്ന അഷ്‌റഫ് ഗനിയുടെ ഭരണം 2021 ആഗസ്റ്റ് 15 ന് നിലംപരിശായി. കഴിഞ്ഞ 20 വർഷമായി അമേരിക്കയും പടിഞ്ഞാറൻ യൂറോപ്യൻ രാജ്യങ്ങളും ചേർന്ന് ഉയർത്തിക്കാണിച്ച അഫ്ഗാനിലെ ജനാധിപത്യ ഭരണകൂടം യഥാർത്ഥത്തിൽ ഭൂരിപക്ഷ ജനതയുടെ പിന്തുണ ഇല്ലാത്തവരായിരുന്നു. അഴിമതിയിൽ മുങ്ങിയ അഷ്‌റഫ് ഗനിയുടെ യഥാർത്ഥ അവസ്ഥ കുത്തകമാധ്യമങ്ങൾ മറച്ച് വെയ്ക്കുകയായിരുന്നു. ഈ കാലയളവിൽ ആയിരക്കണക്കിന് മനുഷ്യരാണ് അമേരിക്കയുടെയും കൂട്ടാളികളുടെയും ബോംബാക്രമണങ്ങളിൽ കൊല്ലപ്പെട്ടത്.

2001 സെപ്തംബർ 11 ന് വേൾഡ് ട്രേഡ് സെന്ററിന് നേരെ നടന്ന ഭീകരാക്രമണത്തെ തുടർന്ന് അമേരിക്കൻ പ്രസിഡന്റ് ജോർജ്ജ് ബുഷ് കൊട്ടിഘോഷിച്ച 'ഭീകരക്കെതിരായ യുദ്ധ"ത്തിന് നിഗൂഢ ലക്ഷ്യങ്ങളുണ്ടായിരുന്നു. 1980 കളിൽ

**1980 കളിൽ സോവിയറ്റ് സേനക്കെതിരെ ജിഹാദ് (വിശുദ്ധ പോരാട്ടം) സംഘടിപ്പിച്ച മുജാഹിദീൻ എന്ന ഭീകര പ്രസ്ഥാനത്തിന്റെ ഉൽപന്നമായിരുന്നു ഉസാമ ബിൻ ലാദനും, താലിബാൻ ഭരണകൂടവും എന്ന കാര്യം വിസ്മരിക്കരുത്. ലാദനും മറ്റ് ഇസ്ലാമിക തീവ്രവാദ സംഘടനകൾക്കും സാമ്പത്തിക സഹായം നൽകിയത് അമേരിക്കയായിരുന്നു; അവർക്ക് ആയുധ പരിശീലനം നൽകിയത് പാക്ക് ചാരസംഘടന 'ഐ.എസ്.ഐ' മുഖേനയും. ഈ ഭീകര പ്രസ്ഥാനത്തിൽ നിന്നാണ് പിന്നീട് അൽഖ്വയ്ദ രൂപംകൊണ്ടത്. പഷ്തൂൺ ദേശീയ മുജാഹിദീൻ പോരാളികളിലൂടെയാണ് താലിബാൻ ജന്മമെടുത്തത്.**

സോവിയറ്റ് സേനക്കെതിരെ ജിഹാദ് (വിശുദ്ധ പോരാട്ടം) സംഘടിപ്പിച്ച മുജാഹിദീൻ എന്ന ഭീകര പ്രസ്ഥാനത്തിന്റെ ഉൽപന്നമായിരുന്നു ഉസാമ ബിൻ ലാദനും, താലിബാൻ ഭരണകൂടവും എന്ന കാര്യം വിസ്മരിക്കരുത്. ലാദനും മറ്റ് ഇസ്ലാമിക തീവ്രവാദ സംഘടനകൾക്കും സാമ്പത്തിക സഹായം നൽകിയത് അമേരിക്കയായിരുന്നു; അവർക്ക് ആയുധ പരിശീലനം നൽകിയത് പാക്ക് ചാരസംഘടന 'ഐ.എസ്.ഐ' മുഖേനയും. ഈ ഭീകര പ്രസ്ഥാനത്തിൽ നിന്നാണ് പിന്നീട് അൽഖ്വയ്ദ രൂപംകൊണ്ടത്. പഷ്തൂൺ ദേശീയ മുജാഹിദീൻ പോരാളികളിലൂടെയാണ് താലിബാൻ ജന്മമെടുത്തത്.



ബുഷും കൂട്ടാളികളും ആരംഭിച്ച ഭീകരതക്കെതിരായ പോരാട്ടം അമേരിക്കൻ സാമ്രാജ്യത്തിന്റെ കടന്നാക്രമണത്തിനും, കയ്യേറ്റത്തിനുമുള്ള മുഖംമൂടി മാത്രമായിരുന്നു. അഫ്ഗാനിസ്ഥാന് ശേഷം ഇക്കൂട്ടരുടെ ലക്ഷ്യം 2003 മാർച്ച് മുതൽ ഇറാഖായിരുന്നു. സദ്ദാംഹുസൈന് "അൽഖ്വയ്ദ"യുമായി ബന്ധമുണ്ടെന്നായിരുന്നു ആരോപണം. ഒരു

മതനിരപേക്ഷഭരണത്തിന് നേതൃത്വം നൽകിയ സദ്ദാം ഹുസൈൻ നിരീശ്വരവാദിയാണെന്നായി രുന്നു ബിൻ ലാദന്റെ ആക്ഷേപം. ഭീകരതക്കെതി രായ അമേരിക്കയുടെ യുദ്ധം പിന്നീട് ലിബിയയി ലേക്കും, സിറിയയിലേക്കും വ്യാപിപ്പിച്ചു.

രണ്ടാം ലോകമഹായുദ്ധാനന്തരം സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിൽ സുശക്തമായ ഒരു സോഷ്യലിസ്റ്റ് ചേരി ഉയർന്നുവന്നു. ലോകം ഇരുധ്രുവ ലോകമായി മാറി. സാമ്രാജ്യത്വവും സോഷ്യലിസവും തമ്മിലുള്ള വൈരുദ്ധ്യം രൂക്ഷ മായി. സാമ്രാജ്യത്വ ശക്തികൾ ആരംഭിച്ച "ശീതയു ദ്ധം" സോവിയറ്റ് യൂണിയനെ തകർക്കണമെന്ന ലക്ഷ്യത്തോടെയായിരുന്നു. അമേരിക്കയുടെ നേതൃ ത്വത്തിലുള്ള ഏ കധ്രുവ ലോകമായിരുന്നു സാ മ്രാജ്യത്വ ശക്തികളുടെ ലക്ഷ്യം. 1981-89 കാലത്ത് പ്രസിഡന്റ് റീഗൻ നടപ്പാക്കിയ നയം "കയ്യൂക്കിന്റെ വിദേശ"നയമായിരുന്നു.

ഈ കാലത്ത് സദ്ദാംഹുസൈൻ കൂട്ടക്കൊ ലക്കുള്ള ആയുധങ്ങൾ (Weapons of Mass



Destruction-WMD) സംഭരിച്ച് വെച്ചിരിക്കുന്നു എന്ന ആരോപണം സാമ്രാജ്യത്വശക്തികൾ ഉന്നയിക്കുന്നത്. അത് ലോകത്തിനാകെ ഭീഷണി യാണെന്നാരോപിച്ചാണ് അമേരിക്ക ഇറാക്കിന് നേരെ കടന്നാക്രമണം നടത്തിയത്. ലക്ഷക്കണ ക്കിന് മനുഷ്യരാണ് ഇറാക്കിൽ മൃഗീയമായി കൊ ലചെയ്യപ്പെട്ടത്. ഇറാക്കിനെ കയ്യടക്കലായിരുന്നു യഥാർത്ഥ ലക്ഷ്യം. ഇറാക്കിലെ എണ്ണസമ്പത്ത് കൈവശപ്പെടുത്തിയ അമേരിക്കൻ കമ്പനികൾ വൻ സമ്പത്ത് നേടി.

ഇറാക്ക് കൈയ്യടക്കിയ ശേഷം സദ്ദാംഹു സൈന്റെ "ആയുധശേഖരം" കണ്ടെത്താൻ 1625 വിദഗ്ധരെ അമേരിക്ക അയച്ചു. അവർ 1700 ൽപരം കേന്ദ്രങ്ങളിൽ പരിശോധന നടത്തിയിട്ടും ബുഷ് ആരോപിച്ച വിധത്തിലുള്ള ഒരായുധശേഖരവും കണ്ടെത്താനായില്ല.

അധിനിവേശത്തിന് പുറപ്പെട്ട അമേരിക്കക്ക് കൊറിയൻ യുദ്ധത്തിലും, വിയറ്റ്നാം യുദ്ധത്തിലും നാണംകെട്ട പരാജയം ഏറ്റുവാങ്ങേണ്ടി വന്നിട്ടു ണ്ട്. കൊറിയൻ യുദ്ധത്തിൽ ലക്ഷക്കണക്കിന് മനുഷ്യരാണ് കൊല്ലപ്പെട്ടത്. മഹാഭൂരിപക്ഷവും കൊറിയക്കാർ. 54000 യു.എസ്. ഭടന്മാരും കൊല്ല പ്പെട്ടു. വിയറ്റ്നാം യുദ്ധ അന്ത്യത്തിൽ അമേരിക്കൻ സേനയെ വിയറ്റ്നാം പോരാളികൾ തുരത്തി ഓടിച്ചു. 2003 ൽ ആരംഭിച്ച ഇറാഖ് യുദ്ധത്തിൽ അമേരിക്കൻ കമ്പനികൾ കുറെ സമ്പത്ത് കൈവ ശപ്പെടുത്തിയതല്ലാതെ സാമ്രാജ്യ മോഹികൾക്ക് വലിയ നേട്ടം കൈവരിക്കാനായില്ല. ഇറാഖ് ജന തക്ക് വലിയ നഷ്ടം സംഭവിച്ചു. ഭീകരതെക്കെതി രായ യുദ്ധം ഇറാഖ് യുദ്ധം അവസാനിക്കുമ്പോൾ ഭീകരത ആഗോളവൽക്കരിക്കപ്പെട്ടു. ജോർജ്ജ് ബുഷ് വിജയ പ്രഖ്യാപനം നടത്തുമ്പോഴും ഐ.എസ്(ഇസ്ലാമിക് സ്റ്റേറ്റ്) എന്ന ഭീകരസംഘ ടന രൂപംകൊണ്ട് കഴിഞ്ഞിരുന്നു. 2014 ആവുമ്പോ ഴേക്ക് 1 ലക്ഷം ചതുരശ്ര കിലോമീറ്റർ ഭൂപ്രദേശം ഐ.എസിന്റെ അധീനതയിലായി. 11 ദശലക്ഷം ജനങ്ങൾ ഐ.എസ്. ആധിപത്യത്തിന് കീഴിലായി. ഐ.എസ് നേതാവ് അബൂബക്കർ അൽബാഗ്ദാദി സ്വയം ഖലീഫയായി പ്രഖ്യാപിച്ചു.

2019 ഒക്ടോബറിൽ അമേരിക്കൻ സൈനികാ ക്രമണത്തിൽ ബാഗ്ദാദി കൊല്ലപ്പെട്ടു. ഇതോടെ ലോകം സുരക്ഷിതമായെന്ന് ഡൊണാൾഡ് ട്രംബ് വീമ്പടിച്ചു. എന്നാൽ ഐ.എസ്. അല്ലെങ്കിൽ അതിന്റെ വകഭേദങ്ങൾ പലരാജ്യങ്ങളിലേക്കും വ്യാപിച്ചുകഴിഞ്ഞിരുന്നു. മൗരിട്ടാനിയ, മാലി, നൈജർ, നൈജീരിയ, ഛാഡ്, സൊമാലിയ, മൊ സാമ്പിക്, കോംഗോ എന്നീ രാജ്യങ്ങളിലെല്ലാം ഇസ്ലാമിക തീവ്രവാദ പ്രസ്ഥാനങ്ങൾ സജീവമാ ണ്.

തിരിച്ചടികളിൽ നിന്ന് ഒരു പാഠവും ഉൾക്കൊ ള്ളാതെ ലോകാധിപത്യ മോഹവുമായി തന്നെയാ ണ് ഇപ്പോഴും അമേരിക്ക മുന്നോട്ട് പോവുന്നത്. സാമ്പത്തിക രംഗത്ത് ചൈനയിൽ നിന്നുള്ള കടുത്ത മത്സരവും അഫ്ഗാനിൽ നിന്ന് ലഭിച്ച തിരിച്ചടിയും അമേരിക്കൻ മോഹങ്ങൾക്ക് പ്രതി ബന്ധമാവും. ഭീകരതക്കെതിരായ യുദ്ധത്തിന്റെ മൊത്തം ചെലവ് 6.4 ട്രില്യൺ ഡോളറാണ് (1 ട്രില്യൺ 1 ലക്ഷം കോടി).

1977-81 കാലത്ത് അമേരിക്കൻ പ്രസിഡന്റായിരു ന്ന ജിമ്മികാർട്ടറുടെ ദേശീയ സുരക്ഷാഉപദേഷ്ടാ വ് പോളണ്ടിൽ നിന്ന് വിമതനായി അമേരിക്കയിൽ എത്തിയ "ബ്രെസൻസ്കി" ആയിരുന്നു. സോവി യറ്റ് ചേരിയിലുണ്ടായിരുന്ന പോളണ്ടിനെയും, കി. യൂറോപ്യൻ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളെയും സോ ഷ്യലിസത്തിൽ നിന്ന് മോചിപ്പിക്കാൻ വ്രതമെടു ത്ത ആളായിരുന്നു "ബ്രെസൻസ്കി". സോവിയറ്റ്




**സാമ്പത്തിക രംഗത്ത് ചൈനയിൽ നിന്നുള്ള കടുത്ത മത്സരവും അഫ്ഗാനിൽ നിന്ന് ലഭിച്ച തിരിച്ചടിയും അമേരിക്കൻ മോഹങ്ങൾക്ക് പ്രതിബന്ധമാവും. ഭീകരതക്കെതിരായ യുദ്ധത്തിന്റെ മൊത്തം ചെലവ് 6.4 ട്രില്യൺ ഡോളറാണ് (1 ട്രില്യൺ 1 ലക്ഷം കോടി).**

പട്ടാളത്തെ അഫ്ഗാനിസ്ഥാനിൽ കുടുക്കിയിടുക അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. ഈ ലക്ഷ്യം വെച്ചാണ് 1979 ൽ ഒരു പ്രത്യക സേനയെ അമേരിക്ക അഫ്ഗാനിലേക്കയച്ചത്. പീപ്പിൾസ് ഡമോക്രാറ്റിക് പാർടി ഓഫ് അഫ്ഗാനിസ്ഥാൻ (PDPA) നേതൃത്വത്തിലുള്ള ഭരണമായിരുന്നു അക്കാലത്ത് നിലവിലുണ്ടായിരുന്നത്. ഡോ.നജീബുള്ളയുടെ നേതൃത്വത്തിലുണ്ടായിരുന്ന ഭരണകൂടം ഒട്ടേറെ പരിഷ്കാരങ്ങൾ അവിടെ നടപ്പാക്കിയിരുന്നു.

രാജഭരണകാലത്ത് ജനങ്ങളുടെ ആയുർ ദൈർഘ്യം ശരാശരി 35 വയസ്സായിരുന്നു. മൂന്നിൽ ഒന്ന് എന്ന തോതിൽ കുട്ടികൾ ശൈശവത്തിൽ തന്നെ മരിക്കുമായിരുന്നു. 90 ശതമാനം ജനങ്ങളും നിരക്ഷരരായിരുന്നു. ജനകീയ സർക്കാർ സൗജന്യ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തി. ബഹുജന സാക്ഷരത പരിപാടി ആരംഭിച്ചു. ജനാധിപത്യഭരണത്തിൽ മുമ്പൊരിക്കലുമില്ലാത്ത നേട്ടങ്ങളാണ് സ്ത്രീകൾ കൈവരിച്ചത്. 1980 കളുടെ അവസാനത്തിൽ സർവ്വകലാശാല വിദ്യാർത്ഥികളിൽ പകുതി പെൺകുട്ടികളായിരുന്നു. അഫ്ഗാൻ ഡോക്ടർമാരുടെ 40 ശതമാനം സ്ത്രീകളായിരുന്നു. അദ്ധ്യാപകരിൽ 70 ശതമാനവും, സർക്കാർ ജീവനക്കാരിൽ 30 ശതമാനവും സ്ത്രീകളായിരുന്നു.

എല്ലാ പെൺകുട്ടികളും ഹൈസ്കൂളുകളിലും, സർവ്വകലാശാലകളിലും പഠിക്കാനാരംഭിച്ചു. സ്ത്രീകൾക്ക് ഇഷ്ടമുള്ള വസ്ത്രം ധരിക്കാനും സ്വതന്ത്രമായി സഞ്ചരിക്കാനും അവസരം ലഭിച്ചു. അവർ കഫേകളിൽ പോകുകയും, പുതിയ ഇന്ത്യൻ സിനിമകൾ കാണുകയും ചെയ്തു. മുജാഹിദിൻ എന്ന ഭീകരപ്രസ്ഥാനം അഫ്ഗാൻ കീഴടക്കുന്നത് വരെ ഇതേനില തുടർന്നു.

ഭൂപരിഷ്കരണ നടപടികളിൽ അസംതൃപ്തരായ പഴയ ഭൂഉടമകളും, ഫ്യൂഡൽ പ്രഭുക്കളും, അവരുടെ ശിങ്കിടികളും കടുത്ത അമർഷത്തിലായി. മതതീവ്രവാദ പ്രസ്ഥാനങ്ങളും ഇവരോടൊപ്പം ചേർന്നു. ഈ പിന്തിരിപ്പൻ ശക്തികൾക്ക് പാകിസ്ഥാൻ ശക്തമായ പിന്തുണ നൽകി. അമേരിക്കൻ പണവും, ആയുധങ്ങളും, പാക് ചാരസംഘടന ISI-യും ചേർന്നായിരുന്നു അട്ടിമറി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. അമേരിക്കയും, നാറ്റോ ശക്തികളും, പാകിസ്ഥാനും ചേർന്ന് പണവും, ആയുധവും, പരിശീലനവും നല്കിയ ഭീകരന്മാരുടെ സേനയെ ഒറ്റക്ക് നേരിടാൻ പി.ഡി.പി.എ. പാർട്ടിയുടെ സർക്കാരിനാവുമായിരുന്നില്ല. ഡോ.നജീബ് സോവിയറ്റ് യൂണിയന്റെ സഹായം തേടി. കാബൂളിൽ നജീബ് സർക്കാരിനെതിരായ അട്ടിമറി ശ്രമങ്ങളെ നേരിടാൻ സോവിയറ്റ് ഇടപെടൽ ഉണ്ടാവുമെന്ന് സാമ്രാജ്യത്വശക്തികളും കണക്ക്കൂട്ടിയിരുന്നു. 1979 ൽ അത് സംഭവിച്ചു. ബ്രഷ്നേവ്, സോവിയറ്റ് സേനയെ കാബൂളിലേക്കയച്ചു. "സോവിയറ്റ് യൂണിയൻ അവരുടെ വിയറ്റ്നാമിൽ എത്തി" എന്നായിരുന്നു ജിമ്മി കാർട്ടർക്ക്



**ഡോ. നജീബുള്ളയുടെ നേതൃത്വത്തിലുള്ള അഫ്ഗാനിലെ ആദ്യ മതനിരപേക്ഷ പുരോഗമന സർക്കാരിനെ അട്ടിമറിക്കാൻ അമേരിക്കൻ ഭരണകൂടം ജിമ്മി കാർട്ടറുടെ നേതൃത്വത്തിൽ 1979 ൽ 500 ദശലക്ഷം ചെലവ് വരുന്ന ഒരു പദ്ധതി തയ്യാറാക്കി. ''ഓപ്പറേഷൻ സൈക്ലോൺ'' എന്നായിരുന്നു അട്ടിമറി പദ്ധതിക്ക് സി.ഐ.എ. നൽകിയ പേര്.**

ബ്രെസൻസ്കി അയച്ച സന്ദേശം. ഈ ഘട്ടത്തിലാണ് ഉസാമ ബിൻലാദനെ ഭീകരപ്രസ്ഥാനത്തിന്റെ നേതാവായി സി.ഐ.എ. ഉയർത്തിക്കൊണ്ട് വന്നത്.

2001 ൽ അഫ്ഗാനിസ്ഥാനിലേക്ക് അമേരിക്ക സൈന്യത്തെ അയച്ച നടപടിയെ അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി വാജ്പെയ് ശക്തമായി പിന്തുണച്ചു. സാമ്രാജ്യത്വ അധിനിവേശത്തോട് ബിജെപിയുടെ നിലപാട് വ്യക്തമാക്കുന്നതാണ് ഈ സംഭവം. നജീബുല്ല ഭരണകൂടത്തെ സഹായിക്കാൻ സോവിയറ്റ് സേന അഫ്ഗാനിലേക്ക് ചെന്നതിനെതിരെ ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി കടുത്ത പ്രചരണം നടത്തി. ''റഷ്യൻ ചെങ്കരടി അഫ്ഗാനിൽ നിന്ന് കടന്ന് പുറത്ത് പോവുക'' എന്ന പോസ്റ്റർ നാടെമ്പാടും അവർ പതിച്ചു. എന്നാൽ അമേരിക്കൻ സൈന്യം ചെന്നതിനെ ഇവരാരും എതിർത്തില്ല.

ഗോർബച്ചേവ് സോവ്യറ്റ് യൂണിയൻ പ്രസിഡന്റ് ആയ ശേഷം 1989 ൽ സോവിയറ്റ് സേനയെ അഫ്ഗാനിസ്ഥാനിൽ നിന്ന് പിൻവലിച്ചു. തുടർന്ന് മുജാഹിദ്ദീൻ, താലിബാൻ ശക്തികൾ അമേരിക്കൻപാകിസ്ഥാൻ, നാറ്റോ ശക്തികൾ എന്നിവരുടെ പിന്തുണയോടെ നടത്തിയ ആക്രമണത്തിൽ ഡോ:നജീബിന്റെ ഭരണം തകർന്നു. ഡോ: നജീബിനെ താലിബാൻ ഭീകരർ പിടികൂടി മൃഗീയമായി കൊലപ്പെടുത്തി കാബൂൾ തെരുവിലെ ഇലക്ട്രിക് പോസ്റ്റിൽ കെട്ടിത്തൂക്കി. ഇസ്ലാമിന്റെ പേരിൽ തീവ്രവാദം പ്രചരിപ്പിക്കുന്ന കൂട്ടരുടെ പൈശാചികത ലോകം കണ്ടു. എന്നാൽ ജനാധിപത്യവാദികൾ എന്ന് ഉൽഘോഷിക്കുന്ന പശ്ചാത്യ ലോകം ഇതൊന്നും കണ്ടതായി നടിച്ചില്ല. സോവിയറ്റ്സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിന്റെ തകർച്ചയോടെ കിഴക്കൻ യൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങളിലും സോഷ്യലിസ്റ്റ് ഭരണകൂടങ്ങൾ തകർന്നു. മുസ്ലീം രാജ്യങ്ങളെ സോവിയറ്റ് യൂണിയനെതിരാക്കുക എന്ന ലക്ഷ്യവും സാമ്രാജ്യശക്തികൾ നേടി. ഇത്രയുമായപ്പോഴേക്ക് അമേരിക്കക്കും, കൂട്ടാളികൾക്കും അഫ്ഗാനിസ്ഥാനോടുള്ള താല്പര്യം അവസാനിച്ചു. പി.ഡി.പി.എ. പാർടി സോവിയറ്റ് പിന്തുണയോടെയാണ് പ്രവർത്തിച്ചത് എന്നത് മാത്രമായിരുന്നു അമേരിക്കയുടെ പ്രശ്നം. എന്നാൽ പി.ഡി.പി.എ. സർക്കാർ ഒരു പാവ സർക്കാരായിരുന്നില്ല. രാജഭരണത്തെ തൂത്തെറിഞ്ഞത് സോവിയറ്റ് പിന്തുണയോടെയുള്ള അട്ടിമറി ആയിരുന്നില്ല. ജനങ്ങളുടെ മുന്നേറ്റമായിരുന്നു പുതിയ ഭരണത്തിലേക്ക് അഫ്ഗാനെ എത്തിച്ചത്.

അഫ്ഗാനിലെ ആദ്യ മതനിരപേക്ഷ പുരോഗമന സർക്കാരിനെ അട്ടിമറിക്കാൻ അമേരിക്കൻ ഭരണകൂടം ജിമ്മി കാർട്ടറുടെ നേതൃത്വത്തിൽ 1979 ൽ 500 ദശലക്ഷം ചെലവ് വരുന്ന ഒരു പദ്ധതി തയ്യാറാക്കി. "ഓപ്പറേഷൻ സൈക്ലോൺ" എന്നായിരുന്നു അട്ടിമറി പദ്ധതിക്ക് സി.ഐ.എ. നൽകിയ പേര്. അഫ്ഗാനിലെ ഗോത്രവർഗ്ഗ ഗ്രൂപ്പുകൾ, മുജാഹിദിൻ എന്നറിയപ്പെട്ടിരുന്ന മത തീവ്രവാദികൾ എന്നിവരെ സി.ഐ.എ. വിലക്കെടുത്തു. 70 ദശലക്ഷം ഡോളർ ഇതിനായി സി.ഐ.എ. ചെലവഴിച്ചതായി "വാഷിംടൺ പോസ്റ്റ്" എന്ന പത്രത്തിന്റെ റിപ്പോട്ടർ "ബോബ് വുഡ്‌വാർഡ്" പറഞ്ഞു.

മുസ്ലീം രാജ്യങ്ങളിൽ നിന്നെല്ലാം തീവ്രവാദികളെ റിക്രൂട്ട് ചെയ്ത് രൂപീകരിച്ച രഹസ്യസേനക്ക് പ്രത്യേക ക്യാമ്പുകളിൽ പാകിസ്ഥാൻ രഹസ്യ ഏജൻസി, അമേരിക്കൻ സി.ഐ.എ, ബ്രിട്ടന്റെ 'എം16' എന്ന ഏജൻസി എന്നിവരാണ് പരിശീലനം നല്കിയത്. മറ്റ് ചിലരെ റിക്രൂട്ട് ചെയ്ത് പരിശീലിപ്പിച്ചത് അമേരിക്കയിൽ ന്യൂയോർക്കിലെ ബ്രൂക്ക്ലിൻ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന "ഇസ്ലാമിക് കോളേജ് " ആയിരുന്നു. ഇവരിൽ ഒരാളായിരുന്നു സൗദിയിൽ നിന്നുള്ള എഞ്ചിനീയർ ഉസാമ ബിൻ ലാദൻ. മദ്ധ്യഏഷ്യ മുഴുവൻ ഇസ്ലാമിക തീവ്രവാദം വളർത്തിയെടുത്ത് സോവിയറ്റ് യൂണിയന്റെ അന്ത്യം കുറിക്കുക എന്നതായിരുന്നു ലക്ഷ്യം. സി.ഐ.എ. നൽകിയ ആധുനിക ആയുധങ്ങളുമായി അഫ്ഗാൻ സേനയേയും, സോവിയറ്റ് സേനയെയും നേരിടാൻ പുറപ്പെട്ട തീവ്രവാദികൾ "സ്വാതന്ത്ര്യസമര സേനാനികളാ"ണെന്നായിരുന്നു ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരറ്റ് താച്ചർ വിശേഷിപ്പിച്ചത്. അന്തിമമായി സോവിയറ്റ് സൈന്യം അഫ്ഗാനിൽ നിന്ന് തിരിച്ച് പോയി. മതനിരപേക്ഷ സർക്കാർ തകരുകയും ചെയ്തു.

1992 ൽ ഡോ: നജീബിന്റെ ഭരണം തകർന്ന ശേഷം അഫ്ഗാൻ ആഭ്യന്തരകലാപത്തിലായി. വിവിധ തീവ്രവാദ ഗ്രൂപ്പുകൾ പരസ്പരം ഏറ്റുമുട്ടി. ഒടുവിൽ 1996 ൽ താലിബാൻ ഭരണനേതൃത്വത്തിലെത്തി. അവർ "ഇസ്ലാമിക് എമിറേറ്റ് ഓഫ് അഫ്ഗാനിസ്ഥാൻ" സ്ഥാപിച്ചു. സൗദി അറേബ്യ, പാകിസ്ഥാൻ, യു.എ.ഇ. എന്നീ രാജ്യങ്ങൾ താലിബാൻ ഭരണകൂടത്തെ അംഗീകരിച്ചു. ശരീഅത്ത് നിയമം എന്നപേരിൽ കാടൻ നിയമങ്ങളാണ് താലിബാൻ ഭരണകൂടം നടപ്പാക്കിയത്. സ്ത്രീകളുടെ മുഴുവൻ അവകാശങ്ങളും തകർത്തു. ഇതിലൊന്നും പാശ്ചാത്യർക്ക് ഒരു വിഷമവും തോന്നിയില്ല.

2001 സെപ്തംബർ 11 ന് ന്യൂയോർക്കിലെ "ലോക വ്യാപാര സമുച്ചയങ്ങൾ"ക്ക് നേരെ ഭീകരാക്രമണം നടന്ന ശേഷം അമേരിക്കയുടെ



നിലപാട് മാറി. ബിൻലാദനും, അൽഖ്വയ്ദയുമാണ് ഭീകരാക്രമണത്തിന് പിന്നിലെന്ന് അമേരിക്ക ആരോപിച്ചു. പ്രസിഡന്റ് ബുഷ് ബിൻലാദനെ അമേരിക്കക്ക് വിട്ടുനൽകാൻ താലിബാൻ സർക്കരിനോട് ആവശ്യപ്പെട്ടു. ഭീകരാക്രമണത്തിൽ ലാദന്റെ പങ്കിന് തെളിവ് വേണമെന്ന് താലിബാൻ മറുപടി നല്കി. വിചാരണ നടത്തി കുറ്റക്കാരനാണെന്ന് കണ്ടാൽ ലാദനെ അമേരിക്കക്ക് കൈമാറാമെന്നായിരുന്നു താലിബാൻ ഭരണകൂടത്തിന്റെ നിലപാട്. താനൊരു സൂപ്പർമാനാണെന്ന് തെളിയിക്കാനുള്ള ബുഷിന്റെ വ്യഗ്രതയിൽ 2001 ഒക്ടോബർ 7 ന് അമേരിക്ക അഫ്ഗാനിസ്ഥാനിൽ ബോംബാക്രമണം ആരംഭിച്ചു. ഏഴ് ദിവസത്തിന് ശേഷം, ബോംബാക്രമണം നിർത്തിയാൽ ബിൻലാദനെ ഒരു മൂന്നാം രാജ്യത്തിന് കൈമാറാം എന്ന് താലിബാൻ പ്രഖ്യാപിച്ചു. ബുഷ് വഴങ്ങിയില്ല. 2001 ഡിസംബർ ആവുമ്പോഴേക്ക് താലിബാന് ഭരണനിയന്ത്രണം നഷ്ടപ്പെട്ടു. നേതാവ് മുല്ല ഉമർ രാജ്യം വിട്ടു. തുടർന്ന് അമേരിക്കൻ താൽപര്യ





**താലിബാന്റെ പ്രതിലോമ പിന്തിരിപ്പൻ സ്വഭാവം ഉൾകണ്ഠ ഉളവാക്കുന്നതാണ്. താലിബാൻ ഭരണമേറ്റെടുത്തതോടെ അഫ്ഗാന്റെ ഭാവി എന്താവുമെന്നത് അനിശ്ചിതത്തിലാണ്. താലിബാൻ നിയന്ത്രിത ഭരണകൂടം, അഫ്ഗാനിലെ വംശീയ വൈവിദ്ധ്യം, സ്ത്രീകളുടെ സുരക്ഷ, ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സംരക്ഷണം എന്നീ പ്രശ്നങ്ങളിൽ എന്ത് നിലപാടാണ് സ്വീകരിക്കുമെന്നതിനെ ആശ്രയിച്ചാണ് അഫ്ഗാന്റെ ഭാവി. മുമ്പത്തെ താലിബാൻ ഭരണം ഈ പറഞ്ഞ പ്രശ്നങ്ങളിലെല്ലാം അറുപിന്തിരിപ്പൻ നിലപാടാണ് സ്വീകരിച്ചിരുന്നത്.**

അനുസരിച്ച് ഐക്യരാഷ്ട്ര സഭ ഇടപെട്ട് 'ഹമീദ് കർസായി'യെ താൽക്കാലിക ഭരണത്തലവനായി അവരോധിച്ചു. ബിൻലാദനെ പിടികൂടാൻ അമേരിക്കൻ പട്ടാളത്തിന് കഴിഞ്ഞില്ല. അഫ്ഗാനിൽ നിന്ന് എങ്ങനെയെങ്കിലും പുറത്ത് കടക്കണമെന്ന ചർച്ച അമേരിക്കൻ ഭരണാധികാരികൾക്കിടയിൽ സജീവമായി. ബറാക്ക് ഒബാമ പ്രസിഡന്റായ ഘട്ടത്തിൽ അഫ്ഗാനിൽ നിന്ന് യു.എസ്. സേന പിന്മാറണമെന്ന് അദ്ദേഹം താല്പര്യപ്പെട്ടിരുന്നു. എന്നാൽ ഉപദേശകർ അനുവദിച്ചില്ല.

താലിബാനും മറ്റ് തീവ്രവാദികളും അമേരിക്കൻ സേനക്ക് നേരെ ആക്രമണം ശക്തിപ്പെടുത്തി. അമേരിക്ക വളർത്തിയെടുത്ത താലിബാൻ അവർക്ക് തന്നെ തലവേദനയായി മാറി. ഈ സാഹചര്യത്തിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പ് താലിബാനുമായി ചർച്ച നടത്തി. അഫ്ഗാനിൽ നിന്ന് അമേരിക്ക പിന്മാറുക, താലിബാന് അധികാരം കൈമാറുക എന്നതായിരുന്നു ചർച്ചാവിഷയം. ഈ ചർച്ചകളിലൊന്നും അമേരിക്കൻ പിന്തുണയോടെ പ്രസിഡന്റായ അഷ്റഫ് ഗനിയെ കൂട്ടിതൊടിച്ചില്ല. എന്ത് സംഭവിച്ചാലും ആഗസ്റ്റ് 31 നകം അമേരിക്കൻ സേനയെ പിൻവലിക്കുമെന്ന് ഇപ്പോഴത്തെ അമേരിക്കൻ പ്രസിഡന്റ് ബൈഡൻ പ്രഖ്യാപിച്ചു. ഈ ചർച്ചകൾ നടക്കുമ്പോഴെല്ലാം കാബൂൾ ലക്ഷ്യമാക്കി താലിബാൻ സേന മുന്നേറുകയായിരുന്നു. തടയാൻ ആർക്കും കഴിഞ്ഞില്ല.

2021 ആഗസ്റ്റ് 15 ന് താലിബാൻ സേന കാബൂളിൽ കടന്നു. ഒരു വെടിയൊച്ചപോലും കേൾക്കേണ്ടി വന്നില്ല. അമേരിക്ക പണവും ആയുധവും നൽകി പരിശീലിപ്പിച്ച അഫ്ഗാൻ സേന താലിബാന് മുമ്പിൽ കീഴടങ്ങി. താലിബാൻ പ്രസിഡന്റിന്റെ കൊട്ടാരം കയ്യടക്കി. താലിബാന്റെ പഴയ ഭരണകാലത്തെ കൊടുംക്രൂരതകൾ ഓർത്ത് ജനങ്ങൾ ആത്മരക്ഷാർത്ഥം പരക്കംപാഞ്ഞു. കാബൂൾ വിമാനത്താവളത്തിൽ വലിയ ജനക്കൂട്ടം വന്ന് ചേർന്നു. ഇപ്പോഴും അഫ്ഗാനിൽ നിന്ന് പുറത്ത് പോകാൻ ജനങ്ങൾ കാത്ത് നിൽക്കുകയാണ്.

ചുമരെഴുത്ത് മനസിലാക്കാൻ ഇന്ത്യ വളരെ വൈകി. കാബൂളിൽ നിന്ന് അമ്പാസഡറെയും, ഉദ്യോഗസ്ഥരെയും പെട്ടെന്ന് പിൻവലിച്ചു. റഷ്യൻ എംബസി കാബൂളിൽ ഇപ്പോഴും പ്രവർത്തിക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്ന ഭരണം സ്ഥാപിക്കുമെന്ന് താലിബാൻ പറയുന്നു. 1996-2001 കാലത്തെക്കാൾ മയപ്പെട്ട നയങ്ങൾ സ്വീകരിക്കുമെന്നാണ് അവർ പറയുന്നത്. റഷ്യ, ചൈന, ഇറാൻ, പാകിസ്ഥാൻ തുടങ്ങിയ രാജ്യങ്ങൾ അഫ്ഗാൻ പ്രശ്നത്തിൽ ഏറെക്കുറെ ഒരേ

നിലപാടിലാണ്. തൊട്ടടുത്ത രാജ്യങ്ങളിൽ നിന്നെല്ലാം വ്യത്യസ്ഥ നിലപാട് ഇന്ത്യക്ക് ദോഷമാവും. തെക്കൻ ഏഷ്യൻ രാഷ്ട്രീയത്തിന്റെ ഗതി നിർണയിക്കുന്ന പുതിയ സംഭവങ്ങൾ ഇന്ത്യ ഗൗരവമായി വീക്ഷിക്കണം. ഇന്ത്യ അമേരിക്കയുടെ ശിങ്കിടിയായി സാമ്രാജ്യത്വ താല്പര്യത്തിനനുസരിച്ച് പോകുന്നത് രാജ്യതാല്പര്യത്തിന് ഹാനികരമാണ്. ഇന്ത്യൻ വിദേശ നയത്തിൽ മാറ്റം വരുത്തണം.

അഫ്ഗാനിസ്ഥാനിലെ സംഭവവികാസങ്ങൾ തെക്കൻ ഏഷ്യയിൽ ഇസ്ലാമിക തീവ്രവാദം വളരാൻ ഇടയാക്കും. 'ഹിന്ദുത്വ'നയം സ്വീകരിക്കുന്ന മോഡി സർക്കാരിന്റെ നിലപാട് ഇന്ത്യയിൽ സ്ഥിതി വഷളാക്കും. മതന്യൂനപക്ഷങ്ങൾക്ക് നേരെ സംഘപരിവാർ ശക്തികൾ നടത്തുന്ന ആക്രമണങ്ങൾ തീവ്രവാദ ശക്തികൾക്ക് വളമേകും. ഉറച്ച മതനിരപേക്ഷ നിലപാട് കൈക്കൊള്ളൽ മാത്രമാണ് ഇന്ത്യക്ക് സുരക്ഷ ഉറപ്പാക്കാനുള്ള പോംവഴി.

അഫ്ഗാനിസ്ഥാൻ ജനതയുമായി ഇന്ത്യക്ക് ചരിത്രപരവും, സാസ്കാരികവുമായ ബന്ധമാണുള്ളത്. ഇന്ത്യയിലേക്ക് വരാനാഗ്രഹിക്കുന്ന അഫ്ഗാൻ അഭയാർത്ഥികൾക്ക് സംരംക്ഷണം നൽകണം. ഇന്ത്യയിൽ പഠനം നടത്തുന്ന നൂറ്കണക്കിന് വിദ്യാർത്ഥികൾ ഉണ്ട്. അവർക്ക് പഠനം തുടരാനുള്ള സാഹചര്യം സൃഷ്ടിക്കണം. ആവശ്യമുള്ളവർക്ക് സാമ്പത്തികസഹായം നല്കണം. അഫ്ഗാൻ ജനതയുടെ ക്ഷേമവും, സംരക്ഷണവുമായിരിക്കണം ഇന്ത്യയുടെ നയത്തിന്റെ കാതൽ. ഒരിക്കലും രാഷ്ട്രീയ കളിയുടെ ഭാഗമാവരുത്.

താലിബാന്റെ പ്രതിലോമ പിന്തിരിപ്പൻ സ്വഭാവം ഉൽകണ്ഠ ഉളവാക്കുന്നതാണ്. താലിബാൻ ഭരണമേറ്റെടുത്തതോടെ അഫ്ഗാന്റെ ഭാവി എന്താവുമെന്നത് അനിശ്ചിതത്തിലാണ്. താലിബാൻ നിയന്ത്രിത ഭരണകൂടം, അഫ്ഗാനിലെ വംശീയ വൈവിദ്ധ്യം, സ്ത്രീകളുടെ സുരക്ഷ, ന്യനപക്ഷ ജനവിഭാഗങ്ങളുടെ സംരക്ഷണം എന്നീ പ്രശ്നങ്ങളിൽ എന്ത് നിലപാടാണ് സ്വീകരിക്കുമെന്നതിനെ ആശ്രയിച്ചാണ് അഫ്ഗാന്റെ ഭാവി. മുമ്പത്തെ താലിബാൻ ഭരണം ഈ പറഞ്ഞ പ്രശ്നങ്ങളിലെല്ലാം അറുപിന്തിരിപ്പൻ നിലപാടാണ് സ്വീകരിച്ചിരുന്നത്. ആഗസ്റ്റ് 16 ന് യോഗം ചേർന്ന യു.എൻ. സെക്യൂരിറ്റി കൗൺസിൽ ഒരു പൊതു നിലപാടിൽ എത്തിച്ചേർന്നു. ഐ.എസ്, അൽഖ്വയ്ദ തുടങ്ങിയ ഭീകര പ്രസ്ഥാനങ്ങൾക്ക് അഫ്ഗാൻ മണ്ണിൽ സുരക്ഷിത താവളമനുവദിക്കരുത് എന്ന് സുരക്ഷാ സമിതി ആവശ്യപ്പെട്ടു. ഇന്ത്യയെ സംബന്ധിച്ചും സുപ്രധാനമായ പ്രശ്നമാണിത്. അഫ്ഗാൻ ആരംഭിച്ചിരുന്ന ഇന്ത്യൻ പദ്ധതികൾക്ക് നേരെ ആക്രമണം നടത്തിയിരുന്ന സിറാജുദ്ദീൻ ഹഖാനിയുടെ

**അഫ്ഗാനിസ്ഥാനിലെ സംഭവവികാസങ്ങൾ തെക്കൻ ഏഷ്യയിൽ ഇസ്ലാമിക തീവ്രവാദം വളരാൻ ഇടയാക്കും. 'ഹിന്ദുത്വ'നയം സ്വീകരിക്കുന്ന മോഡി സർക്കാരിന്റെ നിലപാട് ഇന്ത്യയിൽ സ്ഥിതി വഷളാക്കും. മതന്യൂനപക്ഷങ്ങൾക്ക് നേരെ സംഘപരിവാർ ശക്തികൾ നടത്തുന്ന ആക്രമണങ്ങൾ തീവ്രവാദ ശക്തികൾക്ക് വളമേകും. ഉറച്ച മതനിരപേക്ഷ നിലപാട് കൈക്കൊള്ളൽ മാത്രമാണ് ഇന്ത്യക്ക് സുരക്ഷ ഉറപ്പാക്കാനുള്ള പോംവഴി.**

നേതൃത്വത്തിലുള്ള ഭീകരസംഘം താലിബാന്റെ സഖ്യത്തിലാണെന്നതും നമുക്ക് ഉൽകണ്ഠ ഉണ്ടാക്കുന്നതാണ്.

ചുരുക്കത്തിൽ സോഷ്യലിസ്റ്റ് വ്യവസ്ഥയെ ഉന്മൂലനം ചെയ്യാൻ സാമ്രാജ്യത്വം ആവിഷ്കരിച്ച പദ്ധതികളുടെ ദുരന്തമാണ് അഫ്ഗാൻ ജനതയും ലോകവും നേരിടുന്നത്. ഒരു തലമുറ മുമ്പ് അഫ്ഗാനിസ്ഥാൻ സ്വാതന്ത്ര്യം നേടിയിരുന്നു. അമേരിക്കയും, ബ്രിട്ടനും അവരുടെ കൂട്ടാളികളും ചേർന്നാണ് അതിനെ തകർത്തത്. ഇപ്പോഴത്തെ സംഭവങ്ങളിൽ പാശ്ചാത്യ രാഷ്ട്രീയ നേതാക്കൾ ഒഴുക്കുന്നത് മുതലക്കണ്ണീരാണ്. അവർ ചരിത്രം വളച്ചൊടിക്കുകയാണ്. 1978 ൽ മുഹമ്മദ് ദാവൂദ് എന്ന ഏകാധിപതിയുടെ ഭരണത്തെ തൂത്തെറിഞ്ഞ് "പീപ്പിൾ ഡെമോക്രാറ്റിക് പാർടി ഓഫ് അഫ്ഗാനിസ്ഥാൻ" എന്ന പ്രസ്ഥാനം അഫ്ഗാൻ ജനതയെ ജനാധിപത്യത്തിലേക്ക് നയിച്ചു. ഇത് ഒരു ജനകീയ വിപ്ലവമായിരുന്നു. ഈ സംഭവം അമേരിക്കയെയും, ബ്രിട്ടനെയെയും അമ്പരപ്പിച്ചു. ആ ദിവസങ്ങളിൽ പാശ്ചാത്യ പത്രങ്ങൾ ജനങ്ങളുടെ വിജയത്തെ പ്രകീർത്തിച്ചു. "ന്യൂയോർക്ക് ടൈംസ്" എഴുതി "ഞങ്ങൾ സംസാരിച്ച എല്ലാവരും ഭരണമാറ്റത്തിൽ സന്തുഷ്ടി പ്രകടിപ്പിച്ചു."വാൾസ്ട്രീറ്റ് ജർണൽ എഴുതി"പുതിയ രാഷ്ട്രത്തെ ആദരിക്കുന്ന ചടങ്ങിലേക്ക് കാബൂളിൽ ഒന്നരലക്ഷം ജനങ്ങളാണ് മാർച്ച് ചെയ്തത്". ജനങ്ങൾ ആവേശഭരിതരായിരുന്നു.

'വാഷിംഗ് ടൺ പോസ്റ്റ്' എന്ന പത്രം എഴുതിയത് ഇപ്രകാരമാണ് "മതനിരപേക്ഷപുരോഗമനവലിയെ രളവോളം സോഷ്യലിസ്റ്റ് സർക്കാർ, ദീർഘ വീക്ഷണത്തോടെയുള്ള പരിഷ്കരണനടപടികൾക്ക് തുടക്കമിട്ടു. അവയിൽ സ്ത്രീകൾക്കും, മതന്യൂനപക്ഷങ്ങൾക്കും തുല്യ അവകാശം രാഷ്ട്രീയ തടവുകാരെ വിട്ടയക്കൽ എന്നിവയും ഉൾപ്പെടും."

ചൂഷണമുക്തമായ ജനാധിപത്യത്തിന്റെ പൂർണ സൗന്ദര്യം ആസ്വദിക്കാൻ കഴിയുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥയെ ഉന്മൂലനം ചെയ്യാൻ സാമ്രാജ്യത്വം നടത്തുന്ന കടന്നാക്രമണങ്ങളുടെ അനന്തരഫലമാണ് അഫ്ഗാനിസ്ഥാനും ലോകവും അനുഭവിക്കുന്നത്.●

### സ്വതന്ത്ര ഇന്ത്യയുടെ ഏഴര പതിറ്റാണ്ടിനു ശേഷമുള്ള

# ഭാരത ബന്ദിന്റെ പ്രസക്തി



കെ.എൻ.ഗോപിനാഥ്

**ഇക്കഴിഞ്ഞ** പാർലമെന്റിലെ മൺസൂൺ കാഴ്ചകൾ ഏവരെയും വിഷമിപ്പിക്കുന്നതായിരുന്നു. അടിയന്തരാവസ്ഥയുടെ കാളരാത്രികൾ ബിജെപി ഭരണത്തിൽ 'കാളപകലുകളായി' മാറുകയാണോ? ഇന്ത്യ രാഷ്ട്രീയ സ്വാതന്ത്ര്യം നേടി 75 ആണ്ട് പിന്നിടുമ്പോൾ, ഇന്ത്യൻ ജനത പാരതന്ത്ര്യത്തിന്റെ കയ്പ്നീര് കുടിച്ച് തീർക്കേണ്ടി വരുമോ? ബിജെപി സർക്കാരിന്റെ രണ്ടാംവരവോടെ ഈ സ്ഥിതിവിശേഷം കൂടുതൽ അപകടമായിരിക്കുകയാണ്. പാരതന്ത്ര്യം മൃതിയേക്കാൾ ഭയാനകമാണെന്നും, സ്വാതന്ത്ര്യം തന്നെയാണ് അമൃതെന്നും അഭിമാനം കൊണ്ട ഓരോ ഇന്ത്യക്കാരനും ഇന്ന് ദുഃഖിക്കുകയാണ്. നാം മറക്കാൻ ശ്രമിക്കുന്ന അടിയന്തിരാവസ്ഥയുടെ മർദ്ദനമുറകളുടെ കളരിയായി അധികാരകേന്ദ്രങ്ങൾ മാറുകയാണോ? ഇന്ത്യൻ ജനാധിപത്യത്തിന്റെ ശ്രീകോവിലെന്ന് വിശേഷിപ്പിക്കുന്ന പാർലമെന്റിൽ ഒരു ചർച്ചയും അനുവദിക്കാതെ, പണിമുടക്ക് നിരോധനമുൾപ്പെടെ നാല് ഡസനോളം നിയമനിർമ്മാണങ്ങളാണ് 'ചിപ്സ് വറുത്തെടുക്കുന്നതുപോലെ'പാസ്സാക്കിയെടുത്തത്.

മതനിരപേക്ഷ ജനാധിപത്യ ഭരണഘടന അംഗീകരിച്ചിട്ടുള്ള ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്ത് വീണ്ടുമൊരു വാഗൺ ട്രാജഡിയും, ജാലിയൻവാലാ ബാഗും തിരിച്ചു വരുന്നത് കാണാൻ ഒരൊറ്റ ഇന്ത്യാക്കാരനും ആഗ്രഹിക്കുന്നുണ്ടാകില്ല. സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികാഘോഷ (അമൃത മഹോത്സവ്) പരിപാടിയിലെ പോസ്റ്ററിൽ വീരസവർക്കറെയും, മദൻ മോഹൻ മാളവ്യയെയും ഉൾപ്പെടുത്തിയ ഇന്ത്യൻ ചരിത്ര കൗൺസിൽ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ ഒഴിവാക്കിയിരുന്നു. വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, അലിമുസ്ലിയാർ ഉൾപ്പെടെ 387 പേരുകൾ സ്വാതന്ത്ര്യസമര രക്തസാക്ഷികളുടെ പട്ടികയിൽ നിന്നും നീക്കിയ ഇന്ത്യൻ ചരിത്ര കൗൺസിലിന്റെ നടപടിക്ക് പിന്നാലെയാണ് പുതിയ വിവാദം സൃഷ്ടിച്ചിട്ടുള്ളത്.



ഇരുപത്തൊന്നാം നൂറ്റാണ്ടിലൂടെ കൂടുതൽ സാമ്പത്തിക ഭദ്രതയും സാമൂഹ്യ സുരക്ഷയും ആഗ്രഹിക്കുന്ന പുതിയ തലമുറയ്ക്ക് നിരാശ മാത്രം സമ്മാനിക്കുവാനായിരുന്നോ നാം രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയത്? മൂലധനത്തിന്റെ അനിയന്ത്രിതമായ ഒഴുക്കിന്, ആർ.എസ്.എസും അവർ നയിക്കുന്ന നരേന്ദ്ര മോദി ഭരണവും കൊട്ടും കുരവയുമായി അർപ്പു വിളിച്ച് സ്വാഗതം അരുളുകയാണ്. രാജ്യത്തിന്റെ രാഷ്ട്രീയമായ അഖണ്ഡതക്കെതിരെയായി ജാതീയ ധ്രുവീകരണം സൃഷ്ടിക്കാനുള്ള ഏതൊരു കരു നീക്കവും ചടുലമായാണ് കേന്ദ്ര സർക്കാർ തന്നെ സ്പോൺസർ ചെയ്യുന്നത്. ഇന്ത്യൻ ചീഫ് ജസ്റ്റിസ് എൻ.വി. രമണയും, നോബെൽ സമ്മാന ജേതാവ് അമർത്യാസെന്നും, ചിന്തകനും, എഴുത്തുകാരനുമായ നോംചോസ്കിയും അതിരൂക്ഷമായ വിമർശനങ്ങളാണ് ഇന്നത്തെ ഇന്ത്യയെ കുറിച്ച് ഉയർത്തിയിട്ടുള്ളത് എന്നതുകൊണ്ട് ഇന്ത്യൻ പ്രസിഡന്റ് രാംനാഥ് കോവിന്ദും പ്രധാനമന്ത്രി നരേന്ദ്രമോദിയും ഉപരാഷ്ട്രപതി വെങ്കയ്യ നായിഡുവും അടങ്ങുന്ന ഇന്ത്യൻ ഭരണകർത്താക്കൾക്ക് മാത്രം ഒരു വീണ്ടും വിചാര മുണ്ടാകുന്നില്ല. സംഘപരിവാറിനെയും ആർഎസ് എസ് തലവൻ മോഹൻ ഭഗവതിനെയും, അദാനിയെയും, അംബാനിയെയും അവർ തൃപ്തിപ്പെടുത്തുകയാണോ? എല്ലാത്തിനെക്കാള്ളും വലുത് ജനങ്ങളുടെ തൃപ്തിയാണെന്ന് എന്തുകൊണ്ട് അവർ തിരിച്ചറിയുന്നില്ല?

'പാർലമെന്റിൽ ക്രിയാത്മകമായ ചർച്ചകൾ നടക്കുന്നില്ല എന്നും, ശരിയായ സംവാദങ്ങൾ നടക്കാത്തതിനാൽ പല നിയമങ്ങളുടെയും ആവശ്യകതയും ലക്ഷ്യവും കോടതിക്ക് പോലും തിരിച്ചറിയാനാവുന്നില്ലന്നുമാണ് ചീഫ് ജസ്റ്റിസ് വിമർശിച്ചത്.' ഇന്ദിരാഗാന്ധിയുടെ കാലത്ത് വ്യവസായ ബന്ധനിയമം അവതരിപ്പിച്ചപ്പോൾ പി.രാമമൂർത്തി നടത്തിയ ഇടപെടൽ ഫലപ്രദമായിരുന്നു എന്നും എൻ.വി രമണ കൂട്ടിച്ചേർത്തിരിക്കുന്നു. ആഡംബരങ്ങളും പ്രസംഗങ്ങളും ഉത്പാദിപ്പിച്ച് കൂട്ടുന്ന മോദിഭരണം പാർലമെന്ററി ജനാധിപത്യത്തെ പോലും മാനിക്കാത്ത നിലയിലെത്തിയിരിക്കുന്നു.

സ്വാതന്ത്ര്യം എന്നത് നമുക്കൊരു ആവേശമായിരുന്നു. ദേശീയ ഗാനം കേൾക്കുമ്പോൾ ഔപചാരികതയുടെ പേരിലാണെങ്കിലും എഴുന്നേറ്റ് നിൽക്കുന്ന ഓരോരുത്തരും ആ വരികളാൽ അഭിമാനം കൊള്ളുന്നവരാണ്. ജനങ്ങളുടെ കൂട്ടം അധികാരത്തിൽ വന്ന് ഭാഗ്യവതിയായ ഭാരതം (ജനഗണമന അധിനായക ജയഹേ) എന്ന മഹത്തായ ദേശീയഗാനത്തിന്റെ സത്തയിലൂന്നി പുതിയ തലമുറയ്ക്ക് ആവേശവും പ്രാപ്തിയും നൽകുന്ന ഒരു ഇന്ത്യയല്ലേ നമുക്ക് വേണ്ടത്? മാനവികത ഉയർത്തിപ്പിടിച്ച മഹാരഥന്മാരുടെ ഇന്ത്യ ഇന്ന് ഭീഷണിയുടെയും ആക്രമണങ്ങളുടെയും വിളനിലമായിരിക്കുന്നു. നാടിന്റെ അഭിമാനം കാത്ത ദേശീയ നേതാക്കന്മാരെ കേവലം ചങ്ങാത്ത മുതലാളിത്വത്തിന്റെ ബ്രാൻഡ് അംബാസിഡർമാരാക്കി മാറ്റാനുള്ള നീക്കങ്ങളാണ് എവിടെയും. ഗാന്ധിയെയും നെഹ്റുവിനെയും, തിലകനെയും, സുഭാഷ് ചന്ദ്രബോസിനെയും അഭിനവ ഫാസിസത്തിന്റെ പ്രതീകങ്ങളാക്കാനും അതു വഴി പിടിച്ചു നിൽക്കുവാനുമാണ് നരേന്ദ്രമോദിയും കൂട്ടരും പരശ്രമിക്കുന്നത്. അതേസമയം ഗാന്ധിഘാതകനായ ഗോഡ്സെയെ മഹത്വവൽക്കരിക്കുവാനും ബിജെപി മറക്കുന്നില്ല. ഇന്ത്യ പാക്കിസ്ഥാൻ വിഭജനത്തിന് വഴിയൊരുക്കിയ ബ്രിട്ടീഷ് സാമ്രാജ്യത്വത്തെയും, ഒത്തു തീർപ്പിന് നേതൃത്വം നൽകിയ ഇന്ത്യൻ ഭരണവർഗത്തെയും നാളിതുവരെ വിമർശിക്കാത്ത ബിജെപി, പൗരത്വനിയമഭേദഗതിക്ക് നടത്തിയ ശ്രമം പോലെ തന്നെയാണ് ആഗസ്റ്റ് 14ന് ഇന്ത്യപാക്കിസ്ഥാൻ വിഭജന വിരുദ്ധ ദിനമായി ആചരിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്. ഇന്ത്യയുടെ ഐക്യത്തിന് മേൽ നടത്തുന്ന അടുത്ത ഭീഷണിയാണിത്. 'ഇന്ത്യയെ ഓർക്കുമ്പോൾ ഭയമാണെന്ന്' നോം ചോസ്കി ഉയർത്തിയ ആശങ്ക അർത്ഥവത്താവുകയാണ്. ഭരണകൂടം പൗരന്റെ ജീവിതത്തിലും ജീവനിലും തങ്ങളുടെ അധികാരം നിലനിർത്തുവാൻ അനിയന്ത്രിതമായ ഇടപെടലുകൾ നടത്തുകയാണ്. പ്രസക്തി നഷ്ടപ്പെട്ട ഒന്നായി ഇന്ത്യൻ ഭരണഘടനയെ കാണുന്നതും അത് പരിവർത്തനം ചെയ്യപ്പെടുന്നു എന്ന തോന്നലും ഉണ്ടാക്കുന്ന ഭയം ഒരു രണ്ടാം സ്വാതന്ത്ര്യസമരത്തിന്റെ ആവശ്യകത തുറന്നു വയ്ക്കുന്നു. മനുഷ്യാവകാശ പ്രവർത്തകരുടെ അറസ്റ്റുകൾ, കസ്റ്റഡിമരണങ്ങൾ, വിചാരണ കൂടാതെ തടവിലാക്കൽ എന്നിങ്ങനെയും, രോഹിത് വെമുല, പ്രൊഫ.കൽബർഗി, തുടങ്ങിയവർക്കെതിരായ കൊലപാതകങ്ങളും ഏറ്റവും ഒടുവിൽ കഴിഞ്ഞ ആഗസ്റ്റ് 14ന് 42 മാർഷൽമാർ എം.പിമാർക്കെതിരെ കാണിച്ച ഗുണ്ടായിസവും കൂടിയാകുമ്പോൾ ഇന്ത്യയെ കാത്തിരിക്കുന്നത് ഒരു വലിയ ഭയത്തിന്റെ ആഗമനം തന്നെയാണ്. ത്രിപുരയിൽ മുൻമുഖ്യമന്ത്രി മണിക് സർക്കാരിനെ വഴിതടഞ്ഞ് ആക്രമിച്ചതും, ജയശ്രീറാം മുദ്രാവാക്യം മുഴക്കിയ ആർഎസ്എസുകാർ ദശരഥ് ദേവിന്റെ പ്രതിമ തകർത്തതും സിപിഐ(എം) മുഖപത്രമായ ദേശർകഥയുടെ ഓഫീസും 'പ്രതിബാദികാല്' പത്രമാഫീസ് കത്തിച്ചതും ആണോ ഇന്ത്യൻ ജനാധിപത്യത്തിന്റെ മുഖം.

ഏഴര പതിറ്റാണ്ട് പിന്നിടുന്ന ഇന്ത്യ ആരുടെത്

എന്ന ചോദ്യം ഇവിടെ പ്രസക്തമാകുകയാണ്. ബിജെപി ആർ.എസ്.എസ് വരേണ്യവർഗ അച്ചുതണ്ട്, അഥവാ വിഷലിപ്തമായ ഈ അധികാര ശ്രേണി നാം ആർജിച്ച മൂല്യങ്ങൾക്കും, നേട്ടങ്ങൾക്കും, അവകാശങ്ങൾക്കും നേരെ പ്രതിബന്ധം സൃഷ്ടിക്കുന്നത് പതിവാക്കിയിരിക്കുന്നു. മൂലധന ശക്തികൾക്ക് പാരിതോഷികം നൽകുന്ന നടപടികളും തുടരെ തുടരെ എതിർപ്പുകളെ അവഗണിച്ച് ശക്തമാക്കിയിരിക്കുകയാണ് ബി.ജെ.പി. രാജ്യവില്പനയുടെ ശംഖൊലി മുഴങ്ങുകയാണ്. 12 മന്ത്രാലയങ്ങളുടെ 21 ഇനം ആസ്തികൾ 6 ലക്ഷം കോടി രൂപ മതിപ്പു തന്നാണ്ടിലേക്ക് കണക്കാക്കി (30 ലക്ഷം കോടിയുടെ വില്പന 5 കൊല്ലം കൊണ്ട്) വിൽക്കാനുള്ള പ്രഖ്യാപനം ഒടുവിലത്തേതാണ്. ഇത്തരുണത്തിൽ പാർലിമെന്റ് ചേരുന്നതും ചേരാത്തതും ഒരുപോലെയാണ്. 4 ലേബർ കോഡുകൾ പാസ്സാക്കിയ ബിജെപി 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസി'ന്റെ തടസ്സക്കാർ തൊഴിലാളികളാണെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. പണിമുടക്ക് നിരോധനവും കർഷക ദ്രോഹ ബില്ലും, വൈദ്യുതി സ്വകാര്യവത്കരണ ബില്ലും, ബി.പി.സി.എൽ വില്പന പോലുള്ള പൊതുമേഖലാ സ്വകാര്യവൽക്കരണവും നയരൂപീകരണ വേദിക്ക് പോലും നാണക്കേട് ഉണ്ടാക്കുന്ന നടപടികളാണ് ലോകം കാണുന്നത്.

ബി.ജെ.പി ഭരണത്തിൽ ഉയർന്ന് വന്ന പുതിയ ഇന്ത്യയുടെ പ്രതീകങ്ങൾ, അയോധ്യയിലെ രാമക്ഷേത്രനിർമ്മാണവും, പുതിയ പാർലമെന്റ് മന്ദിരമായ സെൻട്രൽ വിസ്തയും, ജമ്മുകാശ്മീരിന്റെ വിഭജനവും, ലക്ഷദ്വീപിലെ അപ്രഖ്യാപിത അടിയന്തിരാവസ്ഥയും, ഇന്ധനവില വർധനവും, കോവിഡ് കാലത്തെ 5 ലക്ഷം പേരുടെ മരണവും, നരേന്ദ്രമോദിയുടെ പേരിലുള്ള സ്റ്റേഡിയവും, സുഭാഷ് ചന്ദ്രബോസിന്റെ അതികായപ്രതിമയും, പെഗാസസ് ഫോൺ ചോർച്ചയും, റഫേൽ വിമാന കുംഭകോണവും രാജ്യസഭയിലെ ഗുണ്ടായിസവും ഒക്കെയായി ചരിത്രത്തിൽ ഇടം കണ്ടെത്തിയിരിക്കുകയാണ്.

ബി.ജെ.പി പിന്നിട്ട ഭരണം കോർപ്പറേറ്റ് നികുതി കുത്തനെ വെട്ടിക്കുറച്ചും, ശതകോടിക്കണക്കിന് വായ്പയും പലിശയും എഴുതി തള്ളിയും സാധാരണക്കാരന്റെ നോട്ടുകൾ നിരോധിച്ചും, ചരക്ക് സേവന നികുതി നടപ്പിലാക്കിയും വലിയ സാമ്പത്തിക അസമത്വം സൃഷ്ടിക്കുകയാണ്. ഇന്ത്യയുടെ ജിഡിപി 201920 ൽ 146 ലക്ഷം കോടി രൂപ എന്നത് 2021 ൽ 135 ലക്ഷം കോടിയായി കുറഞ്ഞു. ആഭ്യന്തര ഡിമാൻസ് വർദ്ധിപ്പിക്കാനും, ജനങ്ങളുടെ വാങ്ങൽ ശേഷി ഉയർത്താനും, പൊതു നിക്ഷേപങ്ങൾ വൻതോതിൽ വർധിപ്പിക്കുവാനും ഒരു നടപടിയുമില്ല. സംസ്ഥാനങ്ങളുടെ നികുതി വരുമാനവും 6.5 ലക്ഷം കോടിയിൽ നിന്നും 5.3 ലക്ഷം കോടിയായി കുറച്ചു. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകളുടെ എണ്ണം 60 ദശലക്ഷത്തിൽ നിന്നും 134 ദശലക്ഷമായി വർധിച്ചു. 2020 ൽ തൊഴിലില്ലായ്മ നിരക്ക് 24 ശതമാനമായി ഉയർന്നു. അവശ്യ വസ്തുക്കളുടെ വില വർധനവ് പണപ്പെരുപ്പം വർധിപ്പിച്ചു. ഇന്ത്യയിൽ ശതകോടീശ്വരന്മാരുടെ എണ്ണം 102 ൽ നിന്ന് 140 ആയി ഉയർത്തിയിരിക്കുകയാണ്. അവരുടെ മൊത്തം സമ്പത്ത് 59,600 കോടി ഡോളറായി പതിമടങ്ങ് വർധിച്ചിരിക്കുന്നു.

വേൾഡ് ഫ്രീഡം ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയിലെ തെരഞ്ഞെടുപ്പു രീതികളെ വിശേഷിപ്പിച്ചത് തെരഞ്ഞെടുപ്പ് സേച്ഛാധിപത്യം എന്നാണ്. ഇക്കണോമിസ്റ്റ് വാരിക വികലമായ ജനാധിപത്യം എന്ന് വിശേഷിപ്പിച്ചു. അമേരിക്കൻ ഫ്രീഡം ഹൗസ് ഇന്ത്യൻ ജനാധിപത്യത്തെ ഭാഗികമായ സ്വാതന്ത്ര ജനാധിപത്യം എന്നാണ് പേരിട്ടിരിക്കുന്നത്. ഹ്യൂമൻ ഫ്രീഡം ഇൻഡക്സ് ഇന്ത്യയുടെ റാങ്ക് 94 ൽ നിന്നും 111ാം സ്ഥാനത്തേക്ക് താഴ്ന്നു. ആത്മനിരഭർ ഭാരത് വെറും വാചാടോപമായി മാറ്റപ്പെട്ടിരിക്കുന്നു. ദേശീയതയുടെ നേരവകാശികളായി മേനി നടിക്കുന്നവർ സ്വീകരിക്കുന്ന ഓരോ നടപടിയും ദേശ വിരുദ്ധമായിക്കൊണ്ടിരിക്കുന്നു. ഇന്ത്യയെ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ച വിവേകാനന്ദൻ ഉണ്ടായിരുന്നെങ്കിൽ ഇന്ത്യൻ ഭരണകർത്താക്കളുടെയും ബി.ജെപിയുടെയും മുഖത്ത് കാർക്കിച്ച് തുപ്പിയേനെ.

ബി.ജെ.പിയുടെ പുതിയ ഇന്ത്യയ്ക്ക് ബദൽ വളരേണ്ടത് കൂടുതൽ ശക്തമായ ജനകീയ ചെറുത്ത് നിൽപ്പിലൂടെയാണ്. വർഗബഹുജന സമരങ്ങൾ കൈകോർക്കണം. കർഷക പ്രക്ഷോഭത്തിൽ ആവേശം കൊള്ളണം. അതിജീവനത്തിനായി ഇന്ത്യൻ കർഷകർ നടത്തുന്നത് സമാനതകളില്ലാത്ത പോരാട്ടമാണ്. യു.പിയിലെ മുസഫർ നഗറിലും ഹരിയാനയിലെ കർണാലിലും നടന്ന മഹാ പഞ്ചായത്തുകൾ കാലത്തിന്റെ ശബ്ദം തൊഴിലാളി-കർഷക ഐക്യമാണെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളത്തിലെ ഇടതു പക്ഷ ജനാധിപത്യ ബദൽ പുതിയ വികസന പാതയ്ക്ക് അടിത്തറ പാകിയിട്ടുണ്ട്. ദേശീയ തലത്തിൽ ഇടതുപക്ഷത്തെ മുൻനിർത്തിയുള്ള രാഷ്ട്രീയ ധ്രുവീകരണത്തിന് വഴിയൊരുക്കണം. തൊഴിലാളിവർഗത്തിന്റെ സാമ്പത്തികവും സാമൂഹ്യവുമായ മോചനമായിരിക്കണം സ്വാതന്ത്ര്യത്തിന്റെ പൂർത്തീകരണം. ഇന്നത്തെ ഇന്ത്യയുടെ വിനാശ വശങ്ങളെ കണ്ടെത്തിയുള്ള രണ്ടാം സ്വാതന്ത്ര്യ സമരത്തിലേക്ക് ഇന്നത്തെ പ്രതിരോധങ്ങളാകെ ഒഴുകി മുന്നേറുന്ന കാലം വിദൂരമല്ല.●

# ജിഡിപി വളർച്ച : കണക്കുകളിലെ പൊള്ളത്തരം




ഇന്ത്യയുടെ ജിഡിപി 202122 ആദ്യപാദത്തിൽ 20.1% വളർച്ച കൈവരിച്ചതായി നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് (NSO) ആഗസ്റ്റിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു. ഇത് വലിയ വളർച്ചയാണെന്നാണ് കേന്ദ്ര സർക്കാരിന്റെ വാദം. എന്നാൽ യഥാർത്ഥത്തിൽ ഇതൊരു വളർച്ചയേഅല്ല. ഈ കണക്ക് രേഖപ്പെടുത്തിയത് 2020-21 ലെ ആദ്യപാദത്തിൽ സാമ്പത്തിക രംഗം 24.4% ചുരുങ്ങിയതു കൊണ്ടാണ്. 202021 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിലെ വളർച്ചയും 2021-22 ലെ ആദ്യപാദവും തമ്മിലാണ് താരതമ്യം. അതുകൊണ്ടാണ് വളർച്ചയുണ്ടായി എന്ന രീതിയിൽ കണക്കു വരുന്നത്.

ഈ വളർച്ച രേഖപ്പെടുത്തുമ്പോഴും ജിഡിപി 2019 -20 നെക്കാൾ 3.3 ലക്ഷം കോടി കുറവാണ്, 2021-22 ലെ ആദ്യ പാദത്തിൽ രേഖപ്പെടുത്തിയത്. കോവിഡ് 19 ന്റെ ആഘാതം മൂലം 202021 ൽ സമ്പദ്‌വ്യവസ്ഥ വലിയ തകർച്ച നേരിടുകയുണ്ടായി. കോവിഡ് 2ാം തരംഗത്തിന്റെ ആഘാതം ഇപ്പോഴും തുടരുകയാണ്. 2020-21 ലെ വലിയ തകർച്ചയുടെ പശ്ചാത്തലത്തിൽ 2021-22 ന്റെ അടിസ്ഥാന വർഷമായ, 202021 ലെ തകർച്ച മൂലമാണ് ജിഡിപി വളർച്ചയുടെ തോന്നൽ സൃഷ്ടിക്കപ്പെട്ടത്. 201920 നിലവാരത്തിലേക്കെങ്കിലും സമ്പദ്‌രംഗം എത്തണമെങ്കിൽ 2021-22 ലെ വളർച്ച 20.1% ത്തിന്റെ സ്ഥാനത്ത് 32.3% ആകണം.

ഈ സാമ്പത്തിക വർഷം റിസർച്ച് ബാങ്കും ഐഎംഎഫ് ഒക്കെ പ്രവചിക്കുന്നതുപോലെ 9.5% വളർച്ച കൈവരിക്കണമെങ്കിൽ ഇനിയുള്ള 3 സാമ്പത്തിക പാദങ്ങളിൽ ശരാശരി 6.8% വളർച്ച കൈവരിക്കണം. സ്വകാര്യ ഉപഭോഗവും അതിനായുള്ള ആവശ്യകതയും ആണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് ആധാരമായ ഒരു പ്രധാന ഘടകം. 201819 മുതൽ 2020-21 വരെയുള്ള 3 വർഷങ്ങളിൽ അത് 56.5% ആയിരുന്നു. 2020- 21 ൽ സ്വകാര്യ ഉപഭോഗത്തിനായുള്ള ചെലവ് 26.2% ഇടിയുകയുണ്ടായി. ഇത് അടിസ്ഥാനമായി എടുക്കുമ്പോഴും 2021-22 ലെ സ്വകാര്യ ഉപഭോഗ വളർച്ച 19.3% മാത്രമാണ്. ഉപഭോഗവളർച്ച 2019-20 ലെ നിലവാരത്തിലേക്ക് എത്തണമെങ്കിൽ പോലും 35.5% വളർച്ച കൈവരിക്കേണ്ടതായിരുന്നു. കയറ്റുമതിയിലും മൂലധന നിക്ഷേപത്തിലും മാത്രമാണ് 202122 ആദ്യപാദത്തിൽ യഥാർത്ഥ വളർച്ച രേഖപ്പെടുത്തിയത്.

വ്യാപാരം, ട്രാൻസ്പോർട്ട്, സ്റ്റോറേജ് തുടങ്ങിയ മേഖലയിൽ 2021-22 ആദ്യപാദത്തിൽ 34.3% വളർച്ച നേടി. എന്നാൽ അടിസ്ഥാന വർഷമായ 2020- 21 ൽ 48.1% ചുരുക്കമാണ് രേഖപ്പെടുത്തിയത്. ഈ മൂന്ന് വലിയ സേവന മേഖലകളിലെ വളർച്ച 2019-20 മായി താരതമ്യപ്പെടുത്തിയാൽ 30.2% താഴെയാണ് എന്നത് സാമ്പത്തിക സ്ഥിതിയുടെ ഗുരുതരാവസ്ഥ സൂചിപ്പിക്കുന്നു.

കാർഷിക മേഖല മാത്രമാണ് 202021 ലും 202122 ലും വളർച്ച രേഖപ്പെടുത്തിയ ഒരു മേഖല 202021 ന്റെ ആദ്യപാദത്തിൽ 3.6%വും 2021-22 ആദ്യപാദത്തിൽ 4.5% വളർച്ച രേഖപ്പെടുത്തി. എന്നാൽ കാർഷിക മേഖലയുടെ മൊത്തം ജിഡിപിയിലേക്കുള്ള സംഭാവന 15% മാത്രമാണെന്ന് കാണണം.

ഈ സാമ്പത്തിക വർഷം 9.5% വളർച്ച രേഖപ്പെടുത്തിയാൽ പോലും 2 വർഷം കൊണ്ട് 1.1% മാത്രമെ സമ്പദ്‌വ്യവസ്ഥ 2019-20 ൽ നിന്ന് വളരു.

## അൺക്ടാഡ് റിപ്പോർട്ട് (UNCTAD)

അൺക്ടാഡ് സെപ്റ്റംബർ 14 ന് പുറത്തുവിട്ട റിപ്പോർട്ട് അനുസരിച്ച് ഇന്ത്യൻ സമ്പദ് വ്യവസ്ഥ 2021ൽ 7.2% വളർച്ച മാത്രമെ നേടൂ. ഭക്ഷ്യ രംഗത്തെ വിലക്കയറ്റവും സ്വകാര്യ ഉപഭോഗത്തിലെ ഇടിവും ആണിത് പ്രധാനകാരണം. ഇന്ത്യയുടെ തൊഴിൽ രംഗവും വളരെ മോശം സ്ഥിതിയിലാണെന്നാണ് അൺക്ടാഡ് പറയുന്നു. ഇന്ത്യൻ സമ്പദ് രംഗം കോവിഡിന്റെ പിടിയിൽ നിന്ന് ഈ വർഷവും അടുത്ത വർഷവും മോചിതമാവില്ലെന്നാണ് അൺക്ടാഡിന്റെ ട്രെയിഡ് ആന്റ് ഡെവലപ്മെന്റ് റിപ്പോർട്ട് 21 പറയുന്നത്. എന്നാൽ ആഗോള സമ്പദ്‌രംഗത്ത് ഉണർവുണ്ടാകും എന്നാണു അൺക്ടാഡ് പ്രതീക്ഷിക്കുന്നത്. 2021 ൽ കഴിഞ്ഞ 50 വർഷത്തെ ഏറ്റവും വലിയ വളർച്ച ആഗോള സമ്പദ്‌രംഗത്ത് 5.3% രേഖപ്പെടുത്തും എന്നാണ് പ്രതീക്ഷിക്കുന്നത്.

2019-20 ലെ കോവിഡിനു മുമ്പുള്ള സാമ്പത്തിക സ്ഥിതിയിൽ നിന്നും ഇപ്പോൾ ഇന്ത്യയുടെ സമ്പദ് സ്ഥിതി വളരെ മോശമാണ്.●



# രണ്ടാം എൽ.ഡി.എഫ് സർക്കാരിന്റെ ആദ്യ 100 ദിന കർമ പരിപാടി

2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെ നടപ്പാക്കാനുദ്ദേശിക്കുന്ന 145 പദ്ധതികളാണ് ബഹുമാനപെട്ട മുഖ്യമന്ത്രി സ.പിണറായി വിജയൻ പ്രഖ്യാപിച്ചത്. 100 ദിവസത്തിൽ ഒരാഴ്ച ശേഷിക്കുമ്പോൾ, കോവിഡ് പ്രതിസന്ധികൾക്കിടയിലും പ്രഖ്യാപിച്ച പദ്ധതികളിൽ 48 % (71 പദ്ധതികൾ ) പൂർണ്ണമായും പൂർത്തിയാക്കാനായത് സർക്കാരിന് നേട്ടമായി.

## ഭെൽ ഏറ്റെടുത്തു

34 കോടിരൂപയുടെ ബാധ്യതയും 43 കോടി രൂപ പുനരുദ്ധാരണത്തിനും ചേർത്ത് 77 കോടി രൂപ മുടക്കി കാസർകോട്ടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭെൽ ഇഎംഎൽ കമ്പനി ഏറ്റെടുത്തു.

## പുനർഗേഹം ഫ്ളാറ്റുകൾ

30 കോടി രൂപ ചിലവ് ചെയ്ത് പുനർഗേഹം ഫ്ളാറ്റുകൾ തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകളിൽ നിർമ്മിച്ചു.




## കെ-സിസ്

വ്യവസായ സ്ഥാപനങ്ങളിലെ സുതാര്യമായ പരിശോധനകൾക്കായി അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ച് കേന്ദ്രീകൃത പരിശോധനാ സംവിധാനമായ കെസിസ് (**Kerala Centralised Inspection System**) പോർട്ടൽ നിലവിൽ വന്നു. സംസ്ഥാനത്ത് ഇനിയും വൈദ്യുതീകരിക്കാത്ത 2256 അങ്കണവാടികളുടെ വൈദ്യുതീകരണം 44 ശതമാനം പൂർത്തീകരിച്ചു.

## വ്യവസായ എസ്റ്റേറ്റുകളിലെ യൂണിറ്റുകൾക്ക് 500 കോടി കെ എഫ് സി വായ്പ

വ്യവസായ എസ്റ്റേറ്റുകളിലെ ഉത്പ്പാദന സേവന മേഖലകളിലെ സംരംഭകർക്ക് പുതിയ യൂണിറ്റുകൾ തുടങ്ങുവാനും, നിലവിലുള്ള യൂണിറ്റുകൾ വിപുലീകരിക്കാനും കെ എഫ് സി വഴി 500 കോടിയുടെ വായ്പ പദ്ധതി.

## ചെറുകിട മേഖലയ്ക്ക് 5650 കോടി രൂപയുടെ കോവിഡ് അനുബന്ധ പാക്കേജ്



ചെറുകിട വ്യാപാരികളും, വ്യവസായികളും കൃഷിക്കാരും കേന്ദ്ര സംസ്ഥാന ധനകാര്യസ്ഥാപനങ്ങൾ, സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും എടുക്കുന്ന 2 ലക്ഷം രൂപ വരെയുള്ള വായ്പകളുടെ പലിശയുടെ 4 ശതമാനം വരെ സംസ്ഥാന സർക്കാർ ആറുമാസത്തേക്ക് വഹിക്കും. ആകെ 2,000 കോടി രൂപ വലിപ്പമുള്ളതും ഒരു ലക്ഷം പേർക്ക് ഗുണം ചെയ്യുന്നതും ആയ വായ്പാ പദ്ധതിക്കുള്ള പലിശയിളവാണിത്.

## മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി രണ്ടാം ഭാഗം

ഒരു കോടി വരെ 5% പലിശയിൽ ഒരു വർഷം 500 സംരംഭങ്ങൾക്ക് വായ്പ നൽകുന്ന ഈ പദ്ധതിയിൽ അടുത്ത അഞ്ച് വർഷം കൊണ്ട് 2500 പുതിയ വ്യവസായ യൂണിറ്റുകൾക്ക് 300 കോടിരൂപയുടെ വായ്പ പദ്ധതി.

## കോവിഡ് കാലത്തും അല്ലലില്ലാത്ത ഓണം




എല്ലാ വിഭാഗം ജനങ്ങളുടെ കൈയ്യിലും പണ ലഭ്യത ഉറപ്പാക്കാൻ സർക്കാർ ഈ കോവിഡ് സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും 9018 കോടി രൂപ ചെലവാക്കി. സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാൻ 1700 കോടി, ആയിരം രൂപ വീതം വിവിധ വിഭാഗം ജീവനക്കാർക്ക് നൽകിയതിനു ചെലവായത് 147 കോടി,വിവിധ ബോർഡുകൾക്ക് ശമ്പളം നൽകാൻ 30 കോടി, ഓണക്കിറ്റിന് 526 കോടി എന്നിങ്ങനെ വിവിധ മേഖലകളിൽ സഹായമെത്തിച്ചു. നെയ്യും കശുവണ്ടിപരിപ്പും അടക്കം 16 ഇനം സാധനങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഓണക്കിറ്റ് വിതരണം ചെയ്യു.പൂർത്തിയാക്കിയിരിക്കേണ്ട പ്രവൃത്തി ദിവസങ്ങളുടെ എണ്ണം 100 ൽ നിന്ന് 75 ആയി കുറച്ച് മുഴുവൻ തൊഴിലുറപ്പ് തൊഴിലാളികൾക്കും ഉത്സവബത്ത നൽകി. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് സർക്കാർ ഓണം എക്സ്ഗ്രേഷ്യയായി 2,250 രൂപ നൽകി.

## സർവീസ് മേഖല

പുതുക്കിയ ശമ്പളവും പെൻഷനും മാറ്റി വെച്ച ശമ്പളത്തിന്റെ 500 കോടി രൂപ കുടിശ്ശിക നൽകി. പെൻഷൻ പരിഷ്കരണത്തിന്റെ 2600 കോടി കുടിശ്ശിക എന്നിവ കൃത്യമായി വിതരണം ചെയ്യു. ആയിരത്തി മുന്നൂറോളം പതിയ തസ്തികൾ സൃഷ്ടിച്ചു ഇതിന് പുറമെ 7500 ലധികം പേർക്ക് പി എസ് സി വഴി നിയമനവും നൽകി. സർക്കാർ ജീവനക്കാരുടെ ബോണസ്/ ഫെസ്റ്റിവൽ അഡ്വാൻസ് എന്നിവയ്ക്ക് 800 കോടിയും വിവിധ സ്ഥാപനങ്ങളുടെ ബോണസ്, ഫെസ്റ്റിവൽ അഡ്വാൻസ് എന്നിവയ്ക്ക് 100 കോടിയും അനുവദിച്ചു. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ള ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ഒരു വർഷത്തെ മോറട്ടോറിയം അനുവദിച്ചു.



## ഓൺലൈൻ ക്ലാസിന് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ

വിദ്യാർത്ഥികൾ ലാപ്ടോപ്പുകൾക്കും ടാബ്ലറ്റുകൾക്കും 20000 രൂപ വരെ വായ്പ കെ.എസ്.എഫ്.ഇ യിൽ നിന്ന് അനുവദിക്കും.

## കെ എഫ് സി സംരംഭങ്ങൾക്ക് 20% അധിക വായ്പ

കെ എഫ് സി യിൽ നിന്നും വായ്പ എടുത്ത ടൂറിസം ചെറുകിട വ്യവസായ മേഖലകളിലെ സംരംഭകർക്ക് കോവിഡ് പ്രതിസന്ധിയിൽ നിന്നും കരകയറാൻ 20 ശതമാനം അധിക വായ്പ. കോവിഡ് പ്രതിരോധ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ഉദാര വ്യവസ്ഥയിൽ വായ്പ നൽകി.

ചെറുകിട വ്യവസായങ്ങൾ, ആരോഗ്യപരിപാലനം, ടൂറിസം എന്നിവയ്ക്കുള്ള കുറഞ്ഞ പലിശ 9.5% നിന്ന് 8% ശതമാനമായി കുറച്ചു . ഉയർന്ന പലിശ 12 ൽ നിന്നും 10.5 ശതമാനമായി കുറഞ്ഞു.




## കിഫ്ബി

932.69 കോടിയുടെ 10 പദ്ധതികൾക്കുകൂടി ഭരണസമിതി അംഗീകാരം നൽകി. പട്ടികജാതിപട്ടികവർഗമറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ. പൂർത്തിയാകാതെ കിടക്കുന്ന ആയിരം വീടുകളുടെ നിർമ്മാണം. ഒരു വീടിന് ഒന്നര ലക്ഷം രൂപ വീതം അനുവദിച്ച് ലക്ഷ്യം വെച്ച ആയിരം വീടുകളുടെ സ്ഥാനത്ത് 1,188 വീടുകൾ പൂർത്തീകരിച്ചു. വൈദ്യുതീകരിച്ച ആയിരം പഠനമുറികളുടെ നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതം അനുവദിച്ചു.

## 'ടേക്ക് എ ബ്രേക്ക്' ശൗചാലയങ്ങൾ നാടിന് സമർപ്പിച്ചു

പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും അടങ്ങുന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതി നാടിന് സമർപ്പിച്ചു. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ നവീകരണ ചരിത്രത്തിൽ ഏറ്റവുമധികം പദ്ധതികളുടെ ഉദ്ഘാടനം.362 കോടിയുടെ പദ്ധതികൾ, അതിൽ 208 കോടിയും ( 57 ശതമാനവും ) കിഫ്ബി ഫണ്ട് ഉദ്ഘാടനം ചെയ്യുന്നത് സ്കൂൾ കെട്ടിടങ്ങളും ഹയർസെക്കൻഡറി ലാബുകളും ഹയർസെക്കൻഡറി ലൈബ്രറികളുമാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്. 107 പുതിയ സ്കൂളുകൾക്ക് തറക്കല്ലിട്ടു.



## 13,534 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്തു

100ദിന കർമ്മ പദ്ധതിയുടെ ഭാഗമായി ലക്ഷ്യമിട്ട 12,000 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്തു.

## ആദ്യ ഡോസ് വാക്സിനേഷന് 80 ശതമാനത്തിലേക്ക്

സംസ്ഥാനത്തെ 80% ആൾക്കാർ (2,28,18,901)ആദ്യ ഡോസ് വാക്സിനേഷൻ എടുക്കുകയുണ്ടായി. വാകസിനേഷന് എടുക്കേണ്ട ജനസംഖ്യയുടെ 79.5 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും (2,28,18,901) 31.52 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും (90,51,085) നല്കി. ഒന്നും രണ്ടും ഡോസ് ഉൾപ്പെടെ ആകെ മൂന്ന് കോടിയിലധികം (3,18,69,986) ഡോസ് വാകസിന് നല്കാനായി.

## സ്മാർട്ട് കിച്ചണ് പദ്ധതിയുടെ മാർഗരേഖ സമർപ്പിക്കാൻ മൂന്നംഗ സമിതിയെ നിയോഗിച്ചു



ഗാർഹിക ജോലിയുടെ ഭാരം കുറയ്ക്കുന്നതിനായി എൽഡിഎഫ് പ്രകടനപത്രികയിൽ ഉൾപ്പെട്ട സ്മാർട്ട് കിച്ചൺ പദ്ധതിയുടെ മാർഗരേഖയും ശുപാർശയും സമർപ്പിക്കാൻ വനിത ശിശു വികസന വകുപ്പ് മൂന്നംഗ സമിതിയെ നിയമിച്ചു.

## റവന്യൂ വകുപ്പിലെ സേവനങ്ങൾ ഓൺലൈനായി

പൊതുജനങ്ങളുടെ സൗകര്യാർഥം കൂടുതൽ സേവനങ്ങൾ ഓൺലൈനാക്കുമെന്നതിന്റെ ഭാഗമായി ഭൂ നികുതി അടയ്ക്കുന്നതിനും തണ്ടപ്പേർ അക്കൗണ്ടും ലൊക്കേഷൻ മാപ്പും ലഭ്യമാക്കുന്നതിനും ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും സാമൂഹ്യ സുരക്ഷാ പെൻഷന് അപേക്ഷിക്കുന്നതിനും ഓൺലൈൻ സൗകര്യം ഒരുക്കി.

## ആശ്വാസ് വാടക വീട്

ദൂരസ്ഥലങ്ങളിൽ നിന്ന് മെഡിക്കൽ കോളേജിലെത്തുന്ന രോഗികൾക്കും കൂട്ടിരുപ്പുകാർക്കും കുറഞ്ഞ ചെലവിൽ വാടകയ്ക്ക് സൗകര്യം ഒരുക്കുന്ന ആശ്വാസ് പദ്ധതിയും ആലപ്പുഴ, തൃശൂർ മെഡിക്കൽ കോളേജുകളിൽ പദ്ധതിയുടെ ശിലാസ്ഥാപനം നടന്നു.

## ഓൺലൈൻ ക്ലാസിന് സഹായമായി 'വിദ്യാ തരംഗിണി'

ഓൺലൈൻ ക്ലാസിന് മൊബൈൽ ഫോൺ വാങ്ങാൻ ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികൾക്ക് സഹകരണ സംഘങ്ങൾ വഴി 10000 രൂപയുടെ പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കി.




## കോവിഡ് മഹാമാരി മൂലം രക്ഷിതാക്കളെ നഷ്ടമായ കുട്ടികൾക്കുള്ള ധനസഹായം

3 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപത്തോടൊപ്പം, കുട്ടിക്ക് 18 വയസ് ആകുന്നതുവരെ മാസംതോറും 2000 രൂപയും നൽകും . ഇതിനായി 3,19,99,000 രൂപ അനുവദിച്ചു. കുട്ടികളുടെ ബിരുദതലം വരെയുള്ള പഠനച്ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വഹിക്കും.

## നോർക്ക-പ്രവാസി ഭദ്രത സംരംഭകത്വ സഹായ പദ്ധതി

മഹാമാരിയുടെ പശ്ചാത്തലത്തിൽ തൊഴിൽരഹിതരായി തിരിച്ചെത്തി മടങ്ങിപ്പോകാൻ കഴിയാത്ത മലയാളികൾക്കായി നോർക്ക ആവിഷ്കരിച്ച പദ്ധതി. രണ്ടു ലക്ഷം വരെയുള്ള സൂക്ഷ്മ സംരംഭങ്ങൾക്ക് കുടുംബശ്രീ വഴി പ്രവാസി ഭദ്രത പേൾ, രണ്ടുകോടി വരെയുള്ള സംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സിയിലൂടെ പ്രവാസിഭദ്രത മെഗാ എന്നീ പദ്ധതികൾ നടപ്പിലാക്കി.




## 'കെ എഫ് സി സ്റ്റാർട്ടപ്പ് കേരള'

രണ്ടാം കോവിഡ് പാക്കേജിന്റെ ഭാഗമായി സ്റ്റാർട്ടപ്പുകൾക്ക് 10 കോടി രൂപ വരെ ധനസഹായം നൽകുന്ന ഒരു സമഗ്ര പദ്ധതിക്ക് തുടക്കമായി.

## വാടക, വിദ്യുത്ച്ഛക്തി ഇളവ്

സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടകയും , ഇലക്ട്രിസിറ്റി ഫിക്സഡ് ചാർജ്ജും ജൂലൈ മുതൽ ഡിസംബർ 31 വരെ ഒഴിവാക്കുകയാണ്. 20.1.2021 മുതൽ അടവ് മുടക്കമായ എല്ലാ കെ എസ് എഫ് ഇ നൽകിയ എല്ലാ ലോണുകളുടെയും പിഴപലിശ ഒഴിവാക്കി. കൊവിഡ് ബാധിച്ച കുടുംബങ്ങൾക്ക് 5% നിരക്കില് ഒരു ലക്ഷം രൂപ വരെ നല്കുന്ന ലോണിന്റെ കാലാവധി നീട്ടി.

## എൻഡോസൾഫാൻ ദുരിതബാധിതർക്കുമുള്ള ധനസഹായം

തീവ്രദുരിതമനുഭവിക്കുന്ന ഭിന്നശേഷിസഹോദരങ്ങൾക്കും എൻഡോസൾഫാൻ ദുരിതബാധിതർക്കുമുള്ള ധനസഹായം വിതരണം ചെയ്യു. എൻഡോസൾഫാൻ ദുരിതബാധിതരായ, പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവരെ പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 700 രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതിയായ സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതിയുടെയും കുടിശ്ശിക വിതരണം ചെയ്യു. മൂന്നു പദ്ധതികളിലൂടെ 23 കോടി 73 ലക്ഷം രൂപയാണ് വിതരണം ചെയ്യത്.




## കെ.എസ്.ആർ.ടി.സി

കെ.എസ്.ആർ.ടി.സി യുടെ നവീകരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച 50 കോടി രൂപയിൽ നിന്നും 44.64 കോടി രൂപ ഉപയോഗിച്ച് അത്യാധുനിക ശ്രേണിയിൽ ഉള്ള 100 പുതിയ ആധുനിക ബസുകൾ പുറത്തിറക്കും.

## 'ബാരിയർ ഫ്രീ' സംസ്ഥാനം

ഭിന്നശേഷിക്കാർക്ക് ആവശ്യമായ ഏറ്റവും ആധുനികമായ സഹായോപകരണങ്ങൾ ലഭ്യമാക്കുന്ന സംസ്ഥാനത്തെ ആദ്യ ഷോറൂമിന്റെ നിർമാണം പൂജപ്പുരയിലെ സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ആസ്ഥാനത്ത് ഉദ്ഘാടനം ചെയ്യു.

# എൽ.ഡി.എഫ് സർക്കാരിന്റെ തൊഴിൽ നയം ഇന്ത്യക്കാകെ മാതൃക



**സ. നന്ദകുമാർ നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ**

**കേരളത്തിൽ 70-പ്പരം മേഖലകളിൽ മെച്ചപ്പെട്ട മിനിമം വേജുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 49 വ്യവസായങ്ങളിൽ മിനിമം വേജ് പുതുക്കി. പുതിയതായി ആറ് മേഖലകൾക്ക് മിനിമം വേജ് പ്രഖ്യാപിച്ചു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇതുപോലെ തൊഴിൽ മേഖലയിൽ ഇടപെടുന്ന രീതിയില്ല. സാമൂഹിക സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് കുടുംബിനികളുടെ പ്രശ്നം പരിഹരിക്കാൻ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തീരുമാനം വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കണം.**

**കേരളത്തിലെ** തൊഴിൽ മേഖലയിലെ നേട്ടങ്ങൾ ഇന്ത്യയിലെ ഏത് സംസ്ഥാനത്തെക്കാളും മെച്ചപ്പെട്ടതാണ്. വർക്കേഴ്സ് പോപ്പുലേഷൻ റേറ്റ് ഇന്ത്യൻ ശരാശരിയേക്കാൾ കൂടുതലാണ്. സാമ്പത്തിക പ്രവർത്തനങ്ങളിൽ സ്ത്രീ തൊഴിലാളികളുടെ ഇടപെടൽ മെച്ചപ്പെട്ടതാണ്. ഗ്രാമീണ നഗര കാഷ്വൽ തൊഴിലാളികളുടെയും അസംഘടിത തൊഴിലാളികളുടെയും കൂലിയുമായി ബന്ധപ്പെട്ട കാര്യങ്ങളും വളരെ മെച്ചപ്പെട്ട രൂപത്തിലാണ്. സ്ത്രീകളുടെ കൂലി നിരക്ക് ദേശീയ ശരാശരിയെക്കാൾ 50% കൂടുതലാണ് കേരളത്തിലുള്ളത്. കേരളത്തിലെ കണക്കുകളും കോൺഗ്രസ്സും ബി.ജെ.പിയും ഭരിക്കുന്ന സംസ്ഥാനങ്ങളിൽ കുറവാണ്. പുത്തൻ തൊഴിൽ വിപണി ആഗോളതലത്തിൽ സജ്ജീവമാകുകയാണ്. Gig Economy എന്ന വിശേഷത്തിലൂടെ അറിയപ്പെടുന്ന പുതിയ വിപണി Job Sharing Crowd sourcing, Intering management, Voucher based work, Portfolio Work തുടങ്ങിയ പുതിയ തൊഴിൽദാന രീതികളിലൂടെ വളർന്നു വരികയാണ്. നമ്മൾ അഭിമുഖീകരിക്കാൻ പോകുന്ന ഒരു പ്രധാന പ്രശ്നമായി ഇത് മാറിക്കൊണ്ടിരിക്കുകയാണ്. തൊഴിൽ മേഖലയിൽ സുനിശ്ചിത വേതനമുള്ളവരെയും (Salaried Classes) വിദഗ്ധ തൊഴിലാളികളെയും ഒരു ഭാഗത്ത് നിർത്തി അസ്ഥിര തൊഴിലാളികളെയും തൊഴിൽ രഹിതരെയും കേന്ദ്രീകരിച്ചുകൊണ്ട് ഭിന്നിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ഒരു ശ്രമം നടക്കുന്നു. Knowledge based Industries വർദ്ധിക്കുന്നതോടെ സംഘടിത തൊഴിലാളികളുടെ എണ്ണത്തിൽ വലിയതോതിൽ കുറവ് വരും. ഇത്തരത്തിൽ തൊഴിൽ മേഖലയിൽ വളർന്നുവരുന്ന പ്രശ്നങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ച തൊഴിൽ നയം ഇന്ത്യയാകെ മാതൃകയാകുകയാണ്. വേതന സുരക്ഷ നടപ്പാക്കി സാമ്പത്തിക ഭദ്രതയും ആരോഗ്യ സുരക്ഷയും ഉറപ്പുവരുത്തി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള ഒരു പുതിയ തൊഴിൽ നയമാണ് എൽ.ഡി.എഫ് സർക്കാർ പ്രഖ്യാപിച്ചത്. ഇന്ത്യയിൽ കേരളം മാത്രമാണ് ഇത്തരത്തിലുള്ള ഒരു നയം പ്രഖ്യാപിച്ച ഏക സംസ്ഥാനം എന്ന് കാണണം. കേരളത്തിൽ പ്രഖ്യാപിച്ച പുതിയ തൊഴിൽ നയത്തിൽ ലേബർ കമ്മീഷണറേറ്റ് ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ലേബർ കമ്മീഷണറേറ്റ് കൈകാര്യം ചെയ്യേണ്ട വിവിധ നിർദ്ദേശങ്ങളുമുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തണമെങ്കിൽ അതിനാവശ്യമായ സ്റ്റാഫ് പാറ്റേൺ വേണം. ഇന്ന് അതിന്റെ കുറവ് നല്ല രൂപത്തിലുണ്ട്. തൊഴിലാളികളിൽ ലിംഗ സമത്വം നടപ്പിലാക്കുന്നതിനും സ്ത്രീ തൊഴിലാളി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മുന്തിയ പരിഗണനയാണ് നയപ്രഖ്യാപനത്തിൽ കൊടുത്തിട്ടുള്ളത്. സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരം ലഭിക്കുന്നതിന് ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഉത്പാദന മേഖലയിൽ അവസരങ്ങൾ വർദ്ധിപ്പിച്ച് തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മൂന്ന് ഷിഫ്റ്റും പ്രവർത്തിക്കത്തക്ക രത്തിലുള്ള സംവിധാനമുണ്ടാക്കണം. അവരുടെ

അധിക വരുമാനം വർദ്ധിപ്പിക്കത്തക്ക രൂപത്തിലുള്ള നടപടിയും കൈക്കൊള്ളണം. ഈ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള മറ്റൊരു കാര്യമാണ് തൊഴിൽ നിയമങ്ങളുടെ ഭേദഗതികൾ. പുതിയ കേന്ദ്ര നിയമം പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ അതിന് നമുക്ക് എത്രത്തോളം കഴിയും എന്നതിനെസംബന്ധിച്ച് പഠിച്ച് കേന്ദ്രം പാസ്സാക്കിയ കരിനിയമത്തിന്റെ വ്യാപ്തിയും കൂടി മനസ്സിലാക്കിക്കൊണ്ട് നിയമനിർമ്മാണം നടത്താൻ നമുക്ക് കഴിയണം. കേന്ദ്ര നിയമത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ആവശ്യമായ നിയമങ്ങളും കൊണ്ടുവരാൻ നമുക്ക് കഴിയേണ്ടതുണ്ട്.

എൽ.ഡി.എഫ് സർക്കാർ നല്ല രൂപത്തിൽ ഇടപെട്ട ഒരു മേഖലയാണ് പ്ലാന്റേഷൻ മേഖല. ആ മേഖലയെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ നിരവധി നിർദ്ദേശങ്ങൾ അന്നത്തെ ഗവൺമെന്റ് അംഗീകരിച്ചിരുന്നു. അന്ന് പ്രഖ്യാപിക്കപ്പെട്ട പാക്കേജ് നടപ്പിലാക്കാൻ അടിയന്തരമായ നടപടി എടുക്കണം. അതിഥി തൊഴിലാളികളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ മുന്തിയ പരിഗണന കൊടുത്ത ഒരു സംസ്ഥാനമാണ് കേരളം. കോവിഡ് മഹാമാരിയുടെ സമയത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ അവസ്ഥ നമ്മൾ കണ്ടതാണ്. കേരളത്തിൽ അവരെ പരിരക്ഷിക്കുന്നതിനാവശ്യമായ ഒരുപാട് നിർദ്ദേശങ്ങൾ കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യ തൊഴിലാളികളെ കണ്ടെത്തുന്നതിനും ആവാസ് പദ്ധതി രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി അടിയന്തരമായി കൈക്കൊള്ളണം. ODEPC (Overseas Development and Employment Promotion Consultants Ltd) നെ സംബന്ധിച്ചിടത്തോളം അത് ആരും ശ്രദ്ധിക്കാത്ത വകുപ്പായിരുന്നു എന്ന് നമുക്കറിയാം. അതിന്റെ പ്രവർത്തനം കഴിഞ്ഞ കാലത്ത് ഉന്നത നിലവാരത്തിൽ എത്തിക്കാൻ എൽ.ഡി.എഫ് സർക്കാരിന് കഴിഞ്ഞു. അതുപോലെതന്നെ KILE (Kerala Institute of Labour and Employment) ദേശീയ നിലവാരമുള്ള ഒരു പഠന പരിശീലന കേന്ദ്രമായി മാറിയിരിക്കുകയാണ്. രാജ്യത്തിന്റെ പുരോഗതിയുടെ മുന്നോട്ടുള്ള കുതിപ്പിൽ പ്രധാനപ്പെട്ടതാണ് അറിവും നൈപുണ്യവും. അധ്വാനശേഷിയുള്ളവരുടെ എണ്ണത്തിൽ കേരളം ഒന്നാമതാണ്. അവർക്ക് തൊഴിലവസരം ഉണ്ടാക്കുന്നതിന് നൈപുണ്യ വികസനം വേണം. കഴിഞ്ഞ സർക്കാർ തുടങ്ങിവച്ച നടപടികൾ ഇവിടെ പൂർത്തീകരിക്കണം. ബനാറസ് സാരിയും മറ്റ് ഉത്പന്നങ്ങളും, ഇവിടെനിന്നുള്ള കൈത്തറി തൊഴിലാളികളെ ചൈനയിൽ കൊണ്ടു പോയി പരിശീലിപ്പിച്ച് അവിടെ ഉത്പാദിപ്പിച്ച് വിൽക്കുന്ന കാഴ്ച നമ്മൾ കണ്ടതാണ്. അത്തരത്തിൽ പരമ്പരാഗത മേഖലയിലടക്കമുള്ള ആളുകളുടെ നൈപുണ്യം വികസിപ്പെച്ചെടുത്ത് കേരളത്തിലെ സാഹചര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിന് ആവശ്യമായ രൂപത്തിൽ ഒരു നൈപുണ്യ നയം വേണം. കേരളത്തിൽ ശക്തമായ തൊഴിലാളി ക്ഷേമപദ്ധതികളുണ്ട്. 26 ക്ഷേമനിധി ബോർഡുകളും 16 പെൻഷൻ ഫണ്ട് ബോർഡുകളും പ്രവർത്തിക്കുന്നു. 79,03,500 ൽപ്പരം ആളുകൾ ഇതിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ കാലത്ത് തൊഴിലാളികൾക്ക് ഈ ബോർഡുകൾ എങ്ങനെയാണ് താങ്ങായി നിന്നതെന്ന് കണ്ടതാണ്. സ്വന്തം കാലിൽ നിൽക്കാൻ കഴിയാത്ത ക്ഷേമനിധി ബോർഡുകളെ പരസ്പരം ലയിപ്പിക്കാനുള്ള നടപടി മുൻപ് ആലോചിച്ചതാണെങ്കിലും അത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അത് അടിയന്തരമായി നടപ്പിലാക്കണം. ക്ഷേമനിധിയെ തകർക്കുന്ന രീതിയിൽ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാണ് ഇന്ന് നിലവിലുള്ള വ്യാപകമായ ഡെപ്യൂട്ടേഷൻ. എല്ലാ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളും ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതാണ്.

കേരളത്തിൽ എഴുപതിൽപ്പരം മേഖലകളിൽ സാമന്യം മെച്ചപ്പെട്ട മിനിമം വേജുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 49 വ്യവസായങ്ങളിൽ മിനിമം വേജ് പുതുക്കി. ഇപ്പോൾ പുതിയതായി ആറ് മേഖലകൾക്ക് മിനിമം വേജ് പ്രഖ്യാപിച്ചു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇതുപോലെ തൊഴിൽ മേഖലയിൽ ഇടപെടുന്ന ഒരു രീതിയില്ല. സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ കുടുംബിനികളിൽ നല്ലൊരു വിഭാഗവും മറ്റ് ജോലികൾ ചെയ്യുന്നവരാണ്. അവരുടെ ഗാർഹികമായ അധ്വാനഭാരം കുറയ്ക്കണം. അവർ വീടുകളിൽ വന്നാൽ ഇരട്ടിപ്പണി ചെയ്യുകയാണ്. അതിൽ ഒരളവുമില്ല. അത് ആരും പരിശോധിക്കുന്നില്ല. അവരുടെ താത്പര്യം സംരക്ഷിക്കാൻ ഈ ഗവൺമെന്റ് ചില പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കുടുംബിനികളുടെ ഈ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തിക്കൊണ്ട് പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തീരുമാനം ഈ വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കണം. ഇത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പിന്തുണയ്ക്കാനുള്ള മനസ്സ് യു.ഡി.എഫ് കാണിക്കില്ല. കാരണം അവർ ഈ ബദൽ നയം അംഗീകരിക്കുന്നവരല്ല. അവർ നവലിബറൽ നയത്തിന്റെ വക്താക്കളാണ്. അതുകൊണ്ടാണ് തൊഴിലാളി വിരുദ്ധമായ നിയമങ്ങൾ ഇന്ത്യൻ പാർലമെന്റിനകത്ത് വന്നപ്പോൾ വോട്ടെടുപ്പിന് അവർ തയ്യാറാകാത്തത്. ഒരു ഡിവിഷനും അവർ ആവശ്യപ്പെട്ടിട്ടില്ല. കേരളത്തിലെ 19 എം.പി.മാർ പാർലമെന്റിലുണ്ട്. ഒരു യു.ഡി.എഫ് എം.പി പോലും ഈ നയത്തിനെതിരായി വോട്ട് രേഖപ്പെടുത്തിയിട്ടില്ല. ●

## LIC–GIC

# സ്വകാര്യവത്കരണം നാടിനാപത്ത്



● ജോസ്.റ്റി.എബ്രഹാം

**നവലിബറൽ** പരിഷ്ക്കാരങ്ങൾ ലോകത്ത് മേൽക്കൈ നേടിയിട്ട് നാല്പതിലധികം വർഷങ്ങളായി. നരസിംഹറാവും മൻമോഹൻസിംഗും ചേർന്ന് ഇന്ത്യയിലത് കെട്ടഴിച്ചുവിട്ടിട്ട് മുപ്പതു വർഷം പിന്നിടുകയാണ്. നവലിബറൽ പരിഷ്ക്കാരങ്ങളുടെ മറ്റൊരു പേരായിരുന്നു. LPG നയങ്ങൾ, ലിബറലൈസേഷൻ പ്രൈവറ്റൈസേഷൻ ഗ്ലോബലൈസേഷൻ സർക്കാർ നിയന്ത്രണങ്ങൾ പരമാവധി കുറച്ച് എല്ലാം കമ്പോളത്തിനും ലാഭത്തിനും അടിയറവയ്ക്കുക എന്നതായിരുന്നു നയം. ഇന്നിപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ കാണാൻ കഴിയുന്നത് ഈ നയം ലോകമാകെ സൃഷ്ടിച്ചത് വലിയ സാമൂഹിക സാമ്പത്തിക പ്രതിസന്ധിയ്ക്കാണ്.




നവലിബറൽ കാലത്തിന്റെ ഏറ്റവും പ്രധാനഘടകം സ്വകാര്യവത്കരണമാണ്. പൊതു സമ്പത്താകെ കിരാതമായ രീതിയിൽ ഒരുപിടി സമ്പന്നർ ഇന്ത്യയിലും കയ്യടക്കിക്കൊണ്ടിരിക്കുകയാണ്. 1990-91 വരെയുള്ള ദേശീയ സമ്പാദ്യവും, ജനങ്ങളുടെ നികുതി പണവും നിക്ഷേപിച്ച് പതിറ്റാണ്ടുകൾ കൊണ്ട് സൃഷ്ടിച്ച് വളർത്തിയ പൊതുമേഖലയെ വിറ്റ് പണമാക്കുക എന്ന നയമാണ് കേന്ദ്രസർക്കാർ നവലിബറൽക്കാലത്തു സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞ 30 വർഷം കൊണ്ട് പൊതു സ്വത്ത് വിറ്റ് കേന്ദ്ര സർക്കാർ 4.83 ലക്ഷം കോടി രൂപയിലധികം നേടി. ബി.ജെ.പി സർക്കാരുകളുടെ കാലത്താണ് തകൃതിയായി വില്പന നടന്നത്. ഇപ്പോൾ സ്ഥാപനങ്ങളുടെ വില്പനയിൽ നിന്ന് ആസ്തികളുടെ സ്വകാര്യവല്ക്കരണത്തിലേക്കു കടന്നിരിക്കുകയാണ് കേന്ദ്ര സർക്കാർ.

സ്വകാര്യവത്കരണത്തിന് എല്ലാ മേഖലയിലും ഇരയായി കൊണ്ടിരിക്കുകയാണ് എന്ന് വ്യക്തമാണ്. അതിൽ തന്നെ അന്തർദേശീയ ധനമൂലധനം (International Financial Capital) ലക്ഷ്യംവയ്ക്കുന്ന

**സർക്കാർ നിയന്ത്രണങ്ങൾ പരമാവധി കുറച്ച് എല്ലാം കമ്പോളത്തിനും ലാഭത്തിനും അടിയറവയ്ക്കുക എന്നതാണ് നവലിബറൽ നയം. കഴിഞ്ഞ 30 വർഷം കൊണ്ട് പൊതു സ്വത്ത് വിറ്റ് കേന്ദ്ര സർക്കാർ 4.83 ലക്ഷം കോടി രൂപയിലധികം നേടി. ബി.ജെ.പി സർക്കാരുകളുടെ കാലത്താണ് തകൃതിയായി വില്പന നടന്നത്. ഇപ്പോൾ സ്ഥാപനങ്ങളുടെ വില്പനയിൽ നിന്ന് ആസ്തികളുടെ സ്വകാര്യവല്ക്കരണത്തിലേക്കു കടന്നിരിക്കുകയാണ് കേന്ദ്രസർക്കാർ.**

ഏറ്റവും പ്രധാനപ്പെട്ട മേഖല സാമ്പത്തിക മേഖലയാണ്. ബാങ്കിംഗ് മേഖലയാണ് ഉദാരവല്ക്കരണത്തിന്റെ തുടക്കത്തിൽ സ്വകാര്യവല്ക്കരണത്തിന് വിധേയമായത്. ഇപ്പോൾ ബാങ്കിംഗ് മേഖലയൊടൊപ്പം തന്നെ ഇൻഷുറൻസ് മേഖലയും കടുത്ത ആക്രമണത്തിനു വിധേയമായി കൊണ്ടിരിക്കുകയാണ്.

### ഇൻഷുറൻസ് മേഖലാ സ്വകാര്യവല്ക്കരണം

ഇൻഷുറൻസ് മേഖലയിൽ തന്നെ ജനറൽ ഇൻഷുറൻസ് മേഖലയാണ് ആദ്യം സ്വകാര്യവല്ക്കരണത്തിനു വിധേയമായത്. ഇപ്പോൾ ലൈഫ് ഇൻഷുറൻസും ആക്രമണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്.

ഇൻഷ്വറൻസിൽ 74% വിദേശ നിക്ഷേപം അനുവദിച്ചുള്ള വിജ്ഞാപനം കേന്ദ്രസർക്കാർ അടുത്തിടെ പുറത്തിറക്കുകയുണ്ടായി. ഇൻഷ്വറൻസ് മേഖലയിലെ വിദേശനിക്ഷേപ പരിധി ഉയർത്തുന്നതിനുള്ള ഇൻഷ്വറൻസ് ഭേദഗതി ബില്ലിന് 2021 മാർച്ച് 18ന് പാർലമെന്റ് അംഗീകാരം നൽകി. 2021 മെയ് 19 മുതലാണ് ഇതിന് പ്രാബല്യം നൽകിയിരിക്കുന്നത്. 2000 മുതൽ ഇന്ത്യൻ ഇൻഷ്വറൻസ് മേഖലയിൽ 26% വിദേശ നിക്ഷേപം അനുവദിച്ചിരുന്നു. 2015 ൽ ഇത് 46% ആയി ഉയർത്തി. 2019 മാർച്ചിലെ കണക്കനുസരിച്ച് 23 സ്വകാര്യ ലൈഫ് ഇൻഷ്വറൻസ് കമ്പനികളിലായി 35.5% നേരിട്ടുള്ള വിദേശ നിക്ഷേപമുണ്ട്. നോൺ ലൈഫ് സ്വകാര്യ കമ്പനികളിലായി 21 ശതമാനവും 7 ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളിലായി 31.7% വും വിദേശ നിക്ഷേപമുണ്ട്. വിദേശ നിക്ഷേപം 74% ആയി ഉയർത്തുക വഴി ഇൻഷ്വറൻസ് മേഖലയുടെ സമ്പൂർണ്ണ സ്വകാര്യവല്ക്കരണവുമാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.

2021 സെപ്റ്റംബർ ഒന്നാം തീയതി ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ അതിന്റെ 65-ാം ദേശസാൽക്കരണദിനം ആചരിക്കുകയുണ്ടായി. 1956 ൽ ദേശസാൽക്കരണത്തിനു ശേഷം എൽഐസി വലിയ രീതിയിലുള്ള സേവനം ജനങ്ങൾക്കും രാജ്യത്തിനും നൽകുകയുണ്ടായി. എന്നാൽ കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ ഫിനാൻസ് ബില്ല് എന്ന കുറുക്കുവഴി ഉപയോഗിച്ച് എൽഐസിയെയും സ്വകാര്യ വല്ക്കരണ പാതയിലേക്കു തള്ളിവിട്ടിരിക്കുകയാണ്. എൽഐസിയുടെ 8% ഓഹരികൾ വിറ്റഴിച്ച് ഒരു ലക്ഷം കോടിയോളം രൂപയുടെ വരുമാനമുണ്ടാക്കുവാനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. എൽഐസി ആക്ട് ഭേദഗതിയോടെ ഈ സ്ഥാപനം ഒരു കോർപ്പറേഷൻ എന്ന പദവി നഷ്ടപ്പെട്ടു. ഒരു കമ്പനിയായി രൂപാന്തരം പ്രാപിക്കും.

1956 ൽ ഇന്ത്യയിൽ 245 സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളാണുണ്ടായിരുന്നത്. അവർ വലിയ തോതിൽ ജനങ്ങളെ തട്ടിപ്പിനിരയാക്കുന്നു എന്നു കണ്ടതിനാണ് 1956 ൽ അവയെ ദേശസാൽക്കരിച്ചു അഞ്ചുകോടി രൂപ നിക്ഷേപം നടത്തി കേന്ദ്രസർക്കാർ എൽഐസിയ്ക്കു രൂപം കൊടുത്തത്. ഇന്ന് എൽ.ഐ.സി ലോകത്തെ തന്നെ ഏറ്റവും വലിയ ഇൻഷ്വറൻസ് കമ്പനിയാണ്. എൽ.ഐസിയ്ക്ക് 42 കോടിയോളം പോളിസി ഹോൾഡേഴ്സുണ്ട്. 13.5 ലക്ഷം ഏജന്റുമാരും

**ഇൻഷ്വറൻസിൽ 74% വിദേശ നിക്ഷേപം അനുവദിച്ചുള്ള വിജ്ഞാപനം കേന്ദ്രസർക്കാർ അടുത്തിടെ പുറത്തിറക്കുകയുണ്ടായി. വിദേശ നിക്ഷേപം 74% ആയി ഉയർത്തുക വഴി ഇൻഷ്വറൻസ് മേഖലയുടെ സമ്പൂർണ്ണ സ്വകാര്യ വല്ക്കരണവുമാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. എൽഐസിയുടെ 8% ഓഹരികൾ വിറ്റഴിച്ച് ഒരു ലക്ഷം കോടിയോളം രൂപയുടെ വരുമാനമുണ്ടാക്കുവാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. എൽഐസി ആക്ട് ഭേദഗതിയോടെ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യക്ക് ഒരു കോർപ്പറേഷൻ എന്ന പദവി നഷ്ട പ്പെട്ട് ഒരു കമ്പനിയായി രൂപാന്തരം പ്രാപിക്കും.**

1.12 ലക്ഷം ജീവനക്കാരുമുണ്ട്. എൽ.ഐ.സിയുടെ ആകെ ആസ്തി 38.05 ലക്ഷം കോടിയാണ്. ലൈഫ് ഫണ്ട് 34.37 ലക്ഷം കോടി രൂപയാണ്. 2021 കാലത്ത് പോളിസി ഹോൾഡേഴ്സിനു നൽകിയത് 2.87 ലക്ഷം കോടി രൂപയാണ്. 2021 ൽ സെറ്റിൽ ചെയ്തത് 2.30 കോടി ക്ലെയിമുകളാണ്. എൽ.ഐ.സി തുടക്കം മുതലെ ഡിവിഡന്റായി കേന്ദ്ര സർക്കാരിനു നൽകിയത് 28700 കോടി രൂപയാണ്. കഴിഞ്ഞ 22 വർഷം കാലയളവെടുത്താൽ മാത്രം എൽ.ഐ.സി 32 ലക്ഷം കോടി യോളം രൂപ സർക്കാർ ബോണ്ടുകളിലും പദ്ധതികളിലുമായി നിക്ഷേപം നടത്തിയിട്ടുണ്ട്. സാമൂഹ്യ രംഗത്ത് പശ്ചാത്തല സൗകര്യമൊരുക്കാൻ എൽ.ഐ.സി 20 ലക്ഷം കോടിയോളം രൂപ ചിലവഴിച്ചിട്ടുണ്ട്.

കഴിഞ്ഞ 21 വർഷമായി 24 സ്വ




**ഇന്ത്യൻ പൊതുമേഖലയെയും വിലപ്പെട്ട ആസ്തികളും കോർപ്പറേറ്റ് ഭീമൻമാർക്ക് അടിയറവെക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നടപടികൾ സാമൂഹ്യ സുരക്ഷാ സംവിധാനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും പണം കണ്ടെത്താനാണ് എന്ന വാദം ന്യായമല്ല. യഥാർത്ഥത്തിൽ ഇത് ചങ്ങാത്ത മുതലാളിത്ത ശക്തികളെ പ്രീതിപ്പെടുത്താനാണ് ഉപയോഗിക്കുന്നത്.**

കാര്യ കമ്പനികൾ ലൈഫ് ഇൻഷ്വറൻസ് മേഖലയിൽ സർക്കാരിന്റെ എല്ലാ പിന്തുണയോടെ പ്രവർത്തിച്ചിട്ടും കമ്പോളത്തിലെ പോളിസിയുടെ 75% വും പ്രീമിയത്തിന്റെ 67%വും എൽ.ഐസിക്കാണ്.

കേന്ദ്രസർക്കാരിന് വിവിധ രൂപത്തിൽ വലിയ സഹായം ചെയ്ത സ്ഥാപനമാണ് എൽ.ഐസി. പലപ്പോഴും പൊതുമേഖലാ കമ്പനികളുടെ ഓഹരി വില്പന നടന്നപ്പോൾ എൽ.ഐസിയാണ് കമ്പോളത്തിൽ ഇടപെട്ട് കേന്ദ്ര സർക്കാരിന് പിന്തുണ നൽകിയത്. ഒഎൻജിസി, ഐഡിബിഐ, സിഐടിയു പല ദേശസാത്കരണ ബാങ്കുകൾ തുടങ്ങിയവയുടെ ഓഹരി വില്പനയിൽ എൽ.ഐ.സി സഹായിക്കുകയുണ്ടായി. പ്രൈവറ്റ് ബ്ലൂചിപ്പ് കമ്പനികളിലും എൽ.ഐസി വലിയ തോതിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. ** ഇൻഫ്രാസ്ട്രക്ചർ നിർമ്മാണത്തിനായി എൽ.ഐ.സി 1.50 ലക്ഷം കോടി പുതുക്കിയിട്ടുണ്ട്. ഇത്തരത്തിൽ വലിയ രീതിയിലുള്ള സഹായമാണ് ഭാരതത്തിന്റെ വികസനത്തിന് എൽ.ഐ.സി നൽകിയിട്ടുള്ളത്.

ഇപ്പോൾ എൽ.ഐ.സിയുടെ ലാഭവിഹിതത്തിന്റെ പങ്ക് കേന്ദ്ര സർക്കാരിനും പോളിസി ഉടമകൾക്കുമാണ് ലഭിക്കുന്നത്. ഓഹരി വിറ്റ് സ്വകാര്യ വല്കരണത്തിലേക്ക് നീങ്ങുമ്പോൾ ലാഭവിഹിതം ഓഹരി ഉടമകൾക്കു പോകും. എൽ.ഐ.സിയുടെ ഭൂരിഭാഗം ഓഹരികളും കൈക്കലാക്കുക വൻ നിക്ഷേപ സ്ഥാപനങ്ങളും കുത്തകകളും ആയിരിക്കും. അവരാകും ലാഭത്തിന്റെ അവകാശികൾ. പടിപടിയായി എൽ.ഐ.സിയുടെ ഭരണ സമിതിയും (ബോർഡ്) സ്വകാര്യ ശക്തികളുടെ നിയന്ത്രണത്തിലും. അതോടെ എൽ.ഐ.സിയുടെ പണം ദേശസാത്ക്കരണത്തിനു മുൻമ്പെന്നപോലെ ഊഹക്കച്ചവടത്തിലേക്കൊഴുകും. ലക്ഷക്കണക്കിനു കോടി വരുന്ന എൽ.ഐ.സിയുടെ പ്രീമിയം പണം രാജ്യത്തെ നിക്ഷേപത്തിനു ലഭിക്കാതെയാകും. കാലാവധി കഴിഞ്ഞാൽ പോളിസി ഉടമകൾക്ക് അവർ നിക്ഷേപിച്ച പണം തിരികെ ലഭിക്കാത്ത അവസ്ഥ പോലും സംജാതമാകാം.

എൽ.ഐ.സി ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ രാജ്യത്തിന് നൽകിയത്. വിലമതിക്കാനാവാത്ത സംഭാവനയാണ്. 2019-20 ലെ പബ്ലിക് എന്റർപ്രൈസ് സർവെ റിപ്പോർട്ടനുസരിച്ച് 256 പൊതുമേഖലാ സ്ഥാപനങ്ങളിൽ 171 ഉം ലാഭം രേഖപ്പെടുത്തി. 201920 ലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം 0.93 ലക്ഷം കോടിയായിരുന്നു. കോവിഡ് മൂലമാണ് 2019-20 ൽ ലാഭത്തിൽ ഇടിവുണ്ടായത്. നീതി ആയോഗിന്റെ നിരീക്ഷണത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ കാര്യക്ഷമതയില്ലാത്തവയാണ്. എന്നാൽ യാഥാർത്ഥ്യം മറിച്ചാണ്. 2018-19 ൽ 28% കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമാണ് നഷ്ടത്തിലായിരുന്നത്. അതേസമയം 01% വൻകിട സ്വകാര്യ സ്ഥാപനങ്ങൾ അതേ കാലയളവിൽ നഷ്ടത്തിലായിരുന്നു.

ഇന്ത്യൻ പൊതുമേഖലയെയും വിലപ്പെട്ട ആസ്തികളും കോർപ്പറേറ്റ് ഭീമൻമാർക്ക് അടിയറവെക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നടപടികൾ സാമൂഹ്യ സുരക്ഷാ സംവിധാനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും പണം കണ്ടെത്താനുള്ള വാദം പൊള്ളയാണ്. യഥാർത്ഥത്തിൽ ഇത് ചങ്ങാത്ത മുതലാളിത്ത ശക്തികളെ പ്രീതിപ്പെടുത്താനാണ്. കോളനിവല്ക്കരണത്തിനെതിരെയുള്ള സമരത്തിന്റെ തുടർച്ചയെന്നോണമാണ് പൊതുമേഖല ഉയർന്നു വന്നത്. ഇന്നിപ്പോൾ കാര്യങ്ങൾ നീങ്ങുന്നത് നേരെ എതിർ ദിശയിലാണ്. ഒരു രാജ്യം അതിന്റെ വിഭവങ്ങളുടെ മേലുള്ള നിയന്ത്രണം കൈവിടുന്നത് സാമ്പത്തിക സ്വാതന്ത്ര്യം അടിയറവക്കുന്നതിനു തുല്യമാണ്. പൊതു മേഖലയെ സംരക്ഷിക്കാനുള്ള സമരം ഇന്ത്യയുടെ സാമ്പത്തിക സ്വാതന്ത്ര്യം നിലനിർത്താനുള്ള സമരമാണ്.●

# അസംഘടിത തൊഴിലാളികൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ; 12 അക്ക തിരിച്ചറിയൽ നമ്പർ

രാജ്യത്തെ അസംഘടിത തൊഴിലാളികൾക്ക് അധാറിനു സമാനമായി ഇനി 12 അക്ക യൂണിവേഴ്സൽ അക്കൗണ്ട് നമ്പറും (യുഎഎൻ) കാർഡും ഏർപ്പെടുത്തും. 38 കോടിയോളം വരുന്ന അസംഘടിത മേഖലയ്ക്ക് സർക്കാർ ക്ഷേമപദ്ധതികൾക്ക് ഈ നമ്പറിലായിരിക്കും ആധാരം. അസംഘടിത തൊഴിലാളികളുടെ വിവരം ശേഖരിക്കുന്ന 'ഇശ്രം' പോർട്ടലിൽ കാർഡിനും നമ്പറിനുമായി അപേക്ഷിക്കണം.

രജിസ്ട്രേഷൻ പൂർത്തിയാക്കുന്നവർ പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജനയുടെയും ഭാഗമാകും. അപകടം മൂലമുള്ള മരണത്തിനോ വൈകല്യത്തിനോ 2 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന പദ്ധതിയുടെ ആദ്യ വർഷത്തെ പ്രീമിയം സർക്കാർ അടയ്ക്കും. സമാനമായ മറ്റ് ഇൻഷുറൻസ് പദ്ധതികളും ഇതുമായി ബന്ധിപ്പിക്കും.

കോവിഡ് പോലുള്ള ദുരിതങ്ങളുണ്ടാകുമ്പോൾ സഹായം നൽകുക ഈ വിവരശേഖരം അനുസരിച്ചായിരിക്കുമെന്ന് കേന്ദ്രം വ്യക്തമാക്കുന്നു. രജിസ്ട്രേഷന് ആധാർ നിർബന്ധമാണ്. അസംഘടിത തൊഴിലാളികളുടെ സമ്പൂർണ വിവരശേഖരണം നടത്താത്തതിനു തൊഴിൽ മന്ത്രാലയത്തെ ജൂണിൽ സുപ്രീം കോടതി വിമർശിച്ചിരുന്നു. പദ്ധതി ഔദ്യോഗികമായി ആരംഭിച്ചു.

### ആർക്കൊക്കെ?

അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന ആർക്കും അപേക്ഷിക്കാം. ഇപിഎഫ്, എഎസ്ഐ പദ്ധതികളിൽ അംഗമായിരിക്കരുത്. ആദായ നികുതി അടയ്ക്കുന്നവരാകരുത്. പ്രായപരിധി: 16-59. കർഷകർ, കർഷകത്തൊഴിലാളികൾ, വീട്ടു ജോലിക്കാർ, തടിപ്പണിക്കാർ, ബീഡിത്തൊഴിലാളികൾ, പത്ര ഏജന്റുമാർ, ഓട്ടോ ഡ്രൈവർമാർ, തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾ, വഴിയോരക്കച്ചവടക്കാർ, ആശാവർക്കർമാർ, മത്സ്യത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, അതിഥിത്തൊഴിലാളികൾ എന്നിങ്ങനെ ഏതു വിഭാഗത്തിലുള്ളവർക്കും ഭാഗമാകാം. സംസ്ഥാനങ്ങൾ നൽകുന്ന തൊഴിൽ കാർഡ് ഉള്ളവർക്കും അപേക്ഷിക്കാം.

### ആവശ്യമായ രേഖകൾ?

ആധാർ, ബാങ്ക് അക്കൗണ്ട്, ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ. (ആധാറുമായി ഫോൺ ബന്ധിപ്പിക്കാത്തവർക്ക് ആധാർ സേവാ കേന്ദ്രങ്ങളെ സമീപിക്കാം).

### സ്വന്തമായി അപേക്ഷിക്കുന്നതിങ്ങനെ

register.cshram.gov.in എന്ന വെബ്സൈറ്റിൽ Self Registration എന്നതിനു താഴെ ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ നമ്പർ നൽകുക. ഇപിഎഫ്, ഇഎസ്ഐ അംഗത്വമില്ലെന്നു വ്യക്തമാക്കി Sent OTP ക്ലിക്ക് ചെയ്യുക. ഫോണിലെത്തുന്ന ഒടിപി നമ്പർ നൽകുക.



ആധാർ നമ്പർ നൽകുമ്പോൾ വീണ്ടും ഫോണിൽ ലഭിക്കുന്ന ഒടിപി നൽകി മുന്നോട്ടു പോകുക. ഇതോടെ ആധാറിലെ ചിത്രവും വിവരങ്ങളും ദൃശ്യമാകും. ഇത് Confirm ചെയ്യുക. തുടർന്ന് ഇമെയിൽ നമ്പർ, പിതാവിന്റെ പേര്, രക്ത ഗ്രൂപ്പ്, നോമിനി തുടങ്ങിയ വിവരങ്ങൾ നൽകുക.

സ്ഥിരമായ വിലാസവും നിലവിൽ താമസിക്കുന്ന സ്ഥലത്തിന്റെ വിലാസവും നൽകുക. എത്ര വർഷമായി ഈ സ്ഥലത്തുണ്ടെന്നും വ്യക്തമാക്കണം. അതിഥിത്തൊഴിലാളിയെങ്കിൽ അക്കാര്യവും അറിയിക്കണം.

വിദ്യാഭ്യാസ യോഗ്യതയും പ്രതിമാസ വരുമാനവും രേഖപ്പെടുത്താം. നിശ്ചിത സർട്ടിഫിക്കറ്റ് നൽകാൻ ഓപ്ഷനുണ്ടെങ്കിലും നിർബന്ധമല്ല. ശേഷം ജോലി വിവരങ്ങൾ നൽകുക.

ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ട് തിരഞ്ഞെടുക്കാം. ഇല്ലെങ്കിൽ മറ്റൊരു അക്കൗണ്ട് വിവരങ്ങൾ നൽകുകയുമാകാം.

വിവരങ്ങൾ ചെയ്യുമ്പോൾ ഒടിപി ലഭിക്കും. ഇതോടെ രജിസ്ട്രേഷൻ പൂർത്തിയാകും. യുഎഎൻ നമ്പറുള്ള കാർഡ് ഡൗൺലോഡ് ചെയ്യാം. യുഎഎൻ നമ്പർ ഫോണിലും എസ്എംഎസ് ആയി എത്തും.

സംശയങ്ങൾക്ക് 14434 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കാം.

### നമ്പർ എങ്ങനെ ലഭിക്കും

ഇശ്രം പോർട്ടൽ വഴി സ്വന്തമായോ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്ന കോമൺ സർവീസ് സെന്ററുകൾ (സിഎസ്സി) വഴിയോ അപേക്ഷിക്കാം.

## കേന്ദ്ര സർക്കാരിന്റെ പുതിയ സ്ക്രാപേജ് പോളിസി



# വൻകിട കുത്തക വാഹന നിർമ്മാതാക്കൾക്ക് വേണ്ടി

കെ.എസ്. സുനിൽകുമാർ

**15 വർഷം പഴക്കമുള്ള വാഹനങ്ങൾ പൊളിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ പുതിയ സ്ക്രാപേജ് പോളിസി വൻകിട കുത്തക മുതലാളിമാർക്ക് വേണ്ടിയാണ്. പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ വില വർദ്ധനവു പോലെയും ആവശ്യസാധനങ്ങളുടെ വിലവർദ്ധനവ് പോലെയും ജനങ്ങളെ നേരിട്ട് ബാധിക്കുന്ന വിഷയമാണ് സ്ക്രാപേജ് പോളിസി. കുത്തക വാഹന നിർമ്മാതാക്കളെ സഹായിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് കേന്ദ്രസർക്കാർ നടപ്പിലാക്കുന്നത്.**

രാജ്യത്തെ സാധാരണ ജനങ്ങളും തൊഴിലാളികളും അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് നാം ഇപ്പോൾ ജീവിച്ചുകൊണ്ടിരിക്കുന്നത്. സാധ്യമാകുന്ന വഴികളിലൂടെയെല്ലാം രാജ്യത്തിന്റെ പുരോഗതിക്കുള്ള ഇന്ധനമാകുന്ന തൊഴിലാളികളെ സംരക്ഷിക്കുക എന്നത് ഒരു ഭരണകൂടത്തിന്റെ പ്രാഥമിക ഉത്തരവാദിത്വങ്ങളിലൊന്നാണ്. എന്നാൽ ഇന്ത്യയിൽ ഈ ഉത്തരവാദിത്വത്തിൽനിന്ന് കേന്ദ്ര സർക്കാർ ഒളിച്ചോടുക എന്നതു മാത്രമല്ല കൂടുതൽ സംഘർഷങ്ങളിലേക്ക് തൊഴിലാളികളെ തള്ളിവിടുന്നതിനുതകുന്ന നയങ്ങൾ നിരന്തരം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

കോവിഡുകാലം സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയെ എങ്ങനെ തരണം ചെയ്യും എന്നറിയാതെ പകച്ചു നിൽക്കുന്നവരാണ് ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങൾ. തൊഴിലില്ലായ്മയും വിലക്കയറ്റവും അനിയന്ത്രിതമായി ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആത്മഹത്യകൾ വർധിച്ചു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

15 വർഷം പഴക്കമുള്ള വാഹനങ്ങൾ പൊളിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ പുതിയ സ്ക്രാപേജ് പോളിസി ഈ ഗുരുതരമായ വെല്ലുവിളികൾക്കിടയിലാണ് നടപ്പിലാക്കുന്നത്. പെട്രോൾ-ഡീസൽ വില വർദ്ധനവ് പോലെയും പാചകവാതകത്തിന്റെ വിലവർദ്ധനവു



പോലെയും ആവശ്യസാധനങ്ങളുടെ വിലവർദ്ധനവ് പോലെയും ജനങ്ങളെ നേരിട്ട് ബാധിക്കുന്ന വിഷയമാണ് സ്ക്രാപേജ് പോളിസി. വാഹന നിർമ്മാതാക്കളെ സഹായിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് കേന്ദ്രസർക്കാർ നടപ്പിലാക്കുന്നത് എന്ന് പ്രത്യക്ഷത്തിൽ തന്നെ നമുക്ക് തിരിച്ചറിയാനാകും. സ്ക്രാപേജ് പോളിസി അനുസരിച്ച് വാണിജ്യവാഹനങ്ങൾക്ക് പരമാവധി 15 വർഷവും സ്വകാര്യവാഹനങ്ങൾക്ക് പരമാവധി 20 വർഷവുമാണ് ഉപയോഗത്തിനുള്ള കാലാവധി. കാലാവധി

പൂർത്തിയായ വാഹനങ്ങൾ ഫിറ്റ്നസ് ടെസ്റ്റിന് വിധേയമാക്കും. ഓട്ടോമാറ്റിക് ഫിറ്റ്നെസ് സെന്ററുകളുടെ സഹായത്തോടെയാകും ഈ വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുക. ഈ പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പൊളിക്കൽ നടപടി.

പലരാജ്യങ്ങളും സ്ക്രാപേജ് പോളിസി നടപ്പിലാക്കിയിട്ടുണ്ട് എന്നുള്ള വാദം കേന്ദ്രസർക്കാർ മുന്നോട്ടു വയ്ക്കുമ്പോഴും ബോധപൂർവം മറച്ചുവയ്ക്കപ്പെടുന്ന ചിലതുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ എണ്ണം 60 ദശലക്ഷത്തിൽ നിന്ന് 134 ദശലക്ഷമായി വളർന്ന ഇന്ത്യപോലെ ഭൂരിപക്ഷം ജനങ്ങളും ജീവിതത്തിൽ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഷ്ടപ്പെടുന്ന രാജ്യത്ത് വാഹനം എന്നത് ആവശ്യമെന്നതിനപ്പുറത്തേക്ക് ഒരു സ്വപ്നമാണ്. പലർക്കും പുതിയ വാഹനങ്ങൾ വാങ്ങാൻ സാധിക്കാതെ സെക്കൻഡ് ഹാൻഡ് വാഹനങ്ങൾ വാങ്ങി ഉപയോഗിക്കുകയും തൊഴിലെടുക്കുകയും ചെയ്യുന്ന അവസ്ഥയുമുണ്ട്. എന്നാൽ പുതിയ സ്ക്രാപേജ് പോളിസി നടപ്പിലാക്കിയിട്ടുള്ള രാജ്യങ്ങളുടെ ലിസ്റ്റ് പരിശോധിച്ചാൽ അതെല്ലാം വികസിതരാജ്യങ്ങൾ ആണെന്ന് മനസ്സിലാക്കാൻ സാധിക്കും. ലക്ഷം ഡോളറിന് മുകളിൽ ശരാശരി വാർഷിക വരുമാനമുള്ള രാജ്യങ്ങളാണ് അവ. മലിനീകരണം കുറയ്ക്കുന്നതിനും പൗരൻമാരുടെ കയ്യിലുള്ള പണം മാർക്കറ്റിലേക്ക് ഇറക്കുന്നതിനും വേണ്ടിയാണ് ഈ രാജ്യങ്ങൾ പോളിസി നടപ്പിലാക്കിയത്. സമ്പന്നർക്ക് ഒരു മാസത്തെ വരുമാനം കൊണ്ട് പുതിയ വണ്ടി വാങ്ങാവുന്ന സാമ്പത്തിക സ്ഥിതി ഉണ്ട്. മറ്റുള്ളവർ നടപ്പിലാക്കി എന്നതിനെ മറുപുറത്തു നിറുത്തിക്കൊണ്ടുള്ള സർക്കാർ വാദം അതുകൊണ്ട് അപഹാസ്യമാണ്.

സ്ക്രാപേജ് പോളിസി പോലെ ഗ്രീൻ ടാക്സ് എന്ന പേരിൽ പുതിയ നികുതി ഏർപ്പെടുത്തുന്നതിനും കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഫിറ്റ്നെസ് പുതുക്കുന്ന സമയത്ത് 8 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഈടാക്കും. റോഡ് നികുതിയുടെ 10 ശതമാനത്തിനും 25 ശതമാനത്തിനും ഇടയിലായിരിക്കും ഗ്രീൻ ടാക്സ് തുക. വാഹനത്തിന്റെ ടൈപ്പ്, ഉപയോഗിക്കുന്ന ഇന്ധനം, രജിസ്റ്റർ ചെയ്യുന്ന നഗരത്തിലെ മലിനീകരണ തോത് എന്നിവ അനുസരിച്ച് ഈ നികുതിയ്ക്ക് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും. ദരിദ്രനെ കൂടുതൽ ദരിദ്രനാക്കി നിലനിറുത്തുക എന്ന ആഗോളവൽക്കരണത്തിന്റെ തത്വം ഉപയോഗിച്ച് സാധാരണക്കാരെ പിഴിഞ്ഞെടുത്ത് വൻകിട കുത്തക മുതലാളിമാരെ വളർത്തുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ കേന്ദ്രസർക്കാർ നിർലജ്ജം നടപ്പിലാക്കികൊണ്ടിരിക്കുകയാണ്.

2000ലാണ് കേന്ദ്രസർക്കാർ വായുമലിനീകരണം നിയന്ത്രിക്കുകയെന്ന ഉദ്ദേശ്യത്തോടെ ആദ്യമായി യൂറോ എമൽഷൻ പദ്ധതി ഏർപ്പെടുത്തിയത്. മോട്ടോർ വാഹനങ്ങളുടെ കാർബൺ പുറന്തള്ളൽ ക്രമേണ കുറച്ചു കൊണ്ടുവരാനായി ഭാരത് സ്റ്റേജ് കരിമ്പുകച്ചട്ടങ്ങൾ ഇന്ത്യയിൽ ഏർപ്പെടുത്തി. രാജ്യത്തെമ്പാടും മലിനീകരണത്തിന്റെ തോത് വൻതോതിൽ ഉയർന്നിരിക്കുന്നുവെന്നും ഇത് കുറയ്ക്കാൻ കർശനമായ നിയന്ത്രണങ്ങൾ വാഹനങ്ങളുടെ കരിമ്പുക നിർഗമനത്തിൽ ഉണ്ടാകണമെന്നുമായിരുന്നു മദൻ ലോകൂർ, അബ്ദുൾ നസീർ, ദീപക് ഗുപ്ത എന്നിവരടങ്ങിയ സുപ്രീം കോടതി ബഞ്ചിന്റെ നിലപാട്. തുടർന്ന് അഞ്ചാം കരിമ്പുകച്ചട്ടത്തിലേക്ക് മാറുന്നതിനുപകരം ഇന്ത്യ ആറാം കരിമ്പുകച്ചട്ടത്തിലേക്ക് വളരെ വേഗത്തിൽ എടുത്തുചാടി. നിലവിൽ ബി.എസ് 6 അനുസരിച്ചാണ് ഇന്ത്യയിൽ വായുമലിനീകരണം നിയന്ത്രണം നടപ്പിലാക്കുന്നത്. ഇന്ത്യക്ക് മുമ്പ് ഈ പദ്ധതി ആരംഭിച്ച യൂറോപ്പിൽ ഇപ്പോൾ യൂറോ എമൽഷൻ സ്റ്റാന്റേർഡ് 4 അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഇന്ത്യ രണ്ട് ജനറേഷൻ പിന്നിട്ട് ആറിൽ എത്തിയിട്ടുണ്ട്. ഇതെല്ലാം സൂക്ഷ്മമായി പരിശോധിച്ചാൽ കുത്തക മുതലാളികൾക്ക് വേണ്ടി പരിസ്ഥിതിയുടെ മറവിൽ കേന്ദ്രസർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന കൊള്ളകൾ നമ്മുക്ക് ബോധ്യപ്പെടും. കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി സ്നേഹം എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് 2020ന്റെ കരട് രേഖ പുറത്തുവന്നപ്പോൾ കണ്ടതാണല്ലോ!

വാഹനനിർമാണം കൂടുന്നതോടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും എന്ന് ചിലർ നിരീക്ഷിക്കുന്നുണ്ട്. എന്നാൽ സെക്കൻഡ് ഹാൻഡ് കച്ചവടം നടത്തുന്നവരും സ്പെയർ പാർട്സ് ബിസിനസിൽ ഏർപ്പെടുന്നവരും ഇതോടെ തൊഴിൽരഹിതരാകും. കൂടാതെ അത്യാധുനിക സാങ്കേതികവിദ്യകളെയും ഓട്ടോമാറ്റിക് റോബോട്ടുകളേയും എല്ലാം ഉപയോഗിക്കുന്ന വാഹനനിർമാണ മേഖല പഴയ വാഹനങ്ങളിൽ നിന്നുള്ള സ്പെയർ പാർട്ടുകൾ പലതും വീണ്ടും ഉപയോഗിക്കാം എന്നതിനാൽ തന്നെ സ്പെയർ പാർട്ട് നിർമ്മാണത്തിന്റെ സാധ്യതകൾക്ക് മങ്ങലേൽക്കും. പരിമിതമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും എന്ന് വാദിക്കുന്നവർ ഈ മേഖലയിൽ ജോലിയെടുക്കുന്ന ലക്ഷക്കണക്കിന് സാധാരണ മനുഷ്യരുടെ തൊഴിൽ നഷ്ടത്തെ എങ്ങനെ നികത്താനാകുമെന്നതിനെപ്പറ്റിയും വ്യക്തമാക്കണം.

നിലവിൽ കേന്ദ്ര സർക്കാർ നിർദേശിക്കുന്ന ഓട്ടമേറ്റഡ് ടെസ്റ്റിങ് ചെലവേറിയതാണ്. വാഹനം

ശേഷം പേജ് 46

# പൊതുമേഖലയെ വില്ക്കാൻ ബിജെപിയും സംരക്ഷിക്കുവാൻ എൽ.ഡി.എഫും

**എല്ലാ എതിർപ്പുകളെയും അവഗണിച്ച് തന്ത്രപ്രധാനമായ എല്ലാ മേഖലകളെയും വിറ്റ് തുലയ്ക്കാൻ ബിജെപി സർക്കാർ ശ്രമിക്കുമ്പോ ഴാണ് പരിമിതമായ സാമ്പത്തിക, പാർലമെന്ററി അധികാരങ്ങൾ ഉപയോഗപ്പെടുത്തി ഇച്ഛാശക്തിയോടെ പൊതുമേഖലയെ സംര ക്ഷിക്കാനുള്ള എൽഡിഎഫിന്റെ ശ്രമങ്ങളെ നോക്കി കാണേണ്ടതു ണ്ട്. മുതലാളിമാർക്ക് തളികയിലെന്നപോലെ ആസ്തികൾ വച്ച് കൊ ടുക്കുവാനും അതുവഴി വൻ അഴിമതിയ്ക്ക് വഴിയൊരുക്കുവാനും കച്ച മുറുക്കിയിറങ്ങുമ്പോഴാണ് എൽ.ഡി.എഫ് സർക്കാരിന്റെ ബദൽ നയങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാവുന്നത്.**

"പൊതുമേഖലാ സ്ഥാപനങ്ങൾ ജനിക്കുന്നത് തന്നെ മരിക്കാനാണ്" എന്ന ഉത്തരവാദിത്വമില്ലാത്ത പ്രസ്ഥാവന നടത്തിയ ശ്രീ.നരേന്ദ്രമോദിയാണ് നമ്മുടെ പ്രധാനമന്ത്രി. സാമ്പത്തിക ക്രമീകരണം (മോണിറ്റൈസേഷൻ) എന്ന സംസ്കൃതം പറഞ്ഞ് നോട്ട് നിരോധനവും, ചരക്ക് സേവന നികുതിയും നടപ്പിലാക്കിയ ബി.ജെ. പി ഭരണം ഇപ്പോഴിതാ ആറ് ലക്ഷം കോടി രൂപയുടെ മതിപ്പ് കണക്ക് പ്രകാരം രാജ്യ ത്തിന്റെ ക്രിയാത്മകമായ ആസ്തികൾ വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇവിടെയാ ണ് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ അടച്ചു പൂട്ടലിൽ നിന്നും രക്ഷിക്കാ നും, ലാഭകരമായി പ്രവർത്തിക്കുവാനും പ്രതിസന്ധിയോടെ മുന്നേറുന്ന പിണറായി സർക്കാരിന്റെ നടപടികളെ നാം നോക്കി കാണേണ്ടത്. കേന്ദ്ര പൊതുമേഖലയിലു ള്ള പാലക്കാട്ടെ "ഇൻസ്ട്രുമെന്റേഷൻ" ഏറ്റെടുത്തു കൊണ്ടുള്ള എൽഡിഎഫ് സർ ക്കാരിന്റെ പ്രഖ്യാപനം അട്ടിമറിക്കാൻ ബി.ജെ.പി സർക്കാർ കരുക്കൾ നീക്കിയതാ ണ് നടപടികൾ പൂർണമാക്കാൻ തടസമായി നിൽക്കുന്നത്.

തിരുവനന്തപുരം വിമാനത്താവളം അദാനി ഗ്രൂപ്പിന് കൈമാറിക്കൊണ്ടുള്ള ബി.ജെ.പി സർക്കാരിന്റെ നടപടി ഒരു വശത്ത് മുന്നേറുമ്പോൾ വളരെ പ്രത്യാശയോ ടെ സിയാൽ മോഡലിൽ ഏറ്റെടുക്കാനുള്ള സന്നദ്ധതയുമായി എൽഡിഎഫ് സർ ക്കാർ കോടതിയെ സമീപിച്ചിരിക്കുകയാണ്. കോടതി തീരുമാനം വരുന്നതിന് മുമ്പേ തന്നെ ധൃതി പിടിച്ച് എയർപോർട്ടിന്റെ അധീനതയിലുള്ള വാഹനങ്ങളും, വിമാന റിപ്പ യർ യൂണിറ്റുകളും അഞ്ചേക്കർ സ്ഥലവും അദാനിക്ക് നൽകുവാനുള്ള നീക്കങ്ങളും നടന്നു വരികയാണ്.




## എച്ച്.എൻ.എൽ ഇനി കേരളത്തിന് സ്വന്തം

വെള്ളൂരിലെ എച്ച്എൻഎൽ അടച്ചു പൂട്ടാനുള്ള ബി.ജെ.പി സർക്കാരിന്റെ നടപടിയെ ചെറുത്ത് പരാജയപ്പെടുത്താൻ ന്യൂസ് പ്രിന്റ് ഫാക്ടറിയിലെ തൊഴിലാളി സംഘടനകൾ യോജിച്ച നിലപാട് സ്വീകരിച്ചതിന്റെ തുടർച്ചയിലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എച്ച്.എൻ.എൽ ഏറ്റെടുക്കുവാൻ തയ്യാറായി മുന്നോട്ട് വന്നതും ഫലം കണ്ടതും. ഫാക്ടറി പൂട്ടിയതിന് ശേഷം പട്ടിണി സഹിച്ചും ലോട്ടറി വിറ്റും, കൂലിവേല ചെയ്തുമാണ് നാളിതുവരെ ന്യൂസ് പ്രിന്റിലെ തൊഴിലാളികൾ കുടുംബം പോറ്റിയത്. തൊഴിലാളി കുടുംബങ്ങളുടെ കണ്ണീരിന്റെ വില തിരിച്ചറിയുവാൻ പിണറായി സർക്കാരിന് കഴിഞ്ഞു. ഉത്പാദന പ്രവർത്തനം ആരംഭിക്കുവാൻ വ്യവസായ മന്ത്രി രാജീവിന്റെ നേതൃത്വത്തിൽ ശ്രമങ്ങൾ ഏറെക്കുറെ വിജയത്തിലേക്കടുക്കുകയാണ്.

1974-79 കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന് (എച്ച്.പി.സി) കീഴിൽ കേരള ന്യൂസ് പ്രിന്റ് പ്രോജക്ട് (കെ.എൻ.പി) തുടങ്ങാൻ സംസ്ഥാന സർക്കാർ കോട്ടയം വെള്ളൂരിൽ 700 ഏക്കർ ഭൂമിയേറ്റെടുത്തു കൊടുത്തു.

1982ൽ എൺപത് കോടി രൂപ മുതൽ മുടക്കി എച്ച്.പി.സി വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു.വാർഷിക ഉത്പാദന ലക്ഷ്യം 80,000 ടൺ. പിന്നീട് ഒരു ലക്ഷം ടണ്ണായി.

1990 ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ എന്ന പേര് മാറ്റി എച്ച്.എൻ.എൽ (ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്) എന്നാക്കി. ഉത്പാദന ശേഷിയെക്കാൾ കൂടുതൽ ഉത്പാദനം 2009-ൽ ലാഭവിഹിതമായി 117 കോടിയോളം രൂപ കേന്ദ്രസർക്കാരിന് നൽകി. ഉത്പാദനം വർധിച്ചതോടെ കമ്പനി മിനിരത്ന പദവിയിലേക്ക് ഉയർന്നു.

2017-ൽ കമ്പനി സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച് കേന്ദ്ര സർക്കാർ താത്പര്യപത്രം ഇറക്കി. സംയുക്ത സംഘടനയായ എച്ച്.എൻ.എൽ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ കമ്പനി പടിക്കൽ അനിശ്ചിതകാല സത്യാഗ്രഹ സമരം ആരംഭിച്ചു. സമരം വർഷങ്ങളോളം തുടർന്നു. വലിയ പ്രക്ഷോഭം ബഹുജനങ്ങളുടെയും വിവിധ രാഷ്ട്രീയ കക്ഷികളുടെയും നേതൃത്വത്തിൽ കമ്പനി കവാടത്തിൽ നടന്നു. സ്ഥാപനം സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തയ്യാറെന്ന് കാണിച്ച് മുഖ്യമന്ത്രി സഖാവ് പിണറായി വിജയനും, വ്യവസായ വകുപ്പ് മന്ത്രിയും കേന്ദ്ര സർക്കാരുമായി നിരന്തരം ബന്ധപ്പെട്ടു. സംസ്ഥാന സർക്കാർ മറ്റ് പ്രൈവറ്റ് പാർട്ടികൾക്കൊപ്പം ടെണ്ടറിൽ പങ്കെടുക്കൂ എന്ന നിഷേധാത്മക നിലപാടാണ് ഈ സമയത്ത് സംസ്ഥാനത്തോട് കേന്ദ്രം സ്വീകരിച്ചത്. എം.എൽ.എ മാർ എം.പിമാർ എന്നിവരുടെ നേതൃത്വത്തിൽ നിയമസഭയിലും പാർലമെന്റിലും എച്ച്.എൻ.എൽ വില്പനക്കെതിരെ പ്രതിഷേധം പ്രകടിപ്പിച്ചു.

സർക്കാർ മതിയായ രേഖകളോടെ കമ്പനിയുടെ 700 ഏക്കർ സ്ഥലത്തിൽ അവകാശവാദം ഉന്നയിച്ചു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യതോടെ കളം മാറി. കമ്പനിയുടെ സ്ഥലത്തിൽ കണ്ണുവെച്ച് വന്ന 4 ഓളം റിയൽ എസ്റ്റേറ്റ് മാഫിയകൾ പിന്നോട്ട് പോയി.

ഇതിനിടയിൽ വനം വകുപ്പിൽ നിന്നും തടി വാങ്ങിയ ഇനത്തിലും, കുടിശ്ശിക ഇനത്തിലും സർക്കാരിന് കൊടുക്കുവാൻ ഉണ്ടായിരുന്ന 70 കോടിയോളം രൂപ സഖാവ് എളമരം കരീം മുഖ്യമന്ത്രിയെയും വൈദ്യുതി മന്ത്രിയെയും കണ്ട് ഇടപെട്ട് സാവകാശം വാങ്ങിയെടുത്തു.

2019 ജൂണിൽ മാതൃസ്ഥാപനമായ എച്ച്.പി.സി ലിക്വുഡേഷൻ പ്രവർത്തനങ്ങൾ തുടങ്ങി. എച്ച്.എൻ.എലിന്റെ 100 ശതമാനം ഓഹരികളുടെയും ഉടമസ്ഥാവകാശം എച്ച്.പി.സി.യുടെ കൈവശമായതിനാൽ എച്ച്.എൻ.എലും പ്രതിസന്ധിയിലായി.




**സാമ്പത്തിക ക്രമീകരണം (മോണിറ്റൈസേഷൻ) എന്ന സംസ്കൃതം പറഞ്ഞ് നോട്ട് നിരോധനവും, ചരക്ക് സേവന നികുതിയും നടപ്പിലാക്കിയ ബി.ജെ.പി ഭരണം ഇപ്പോഴിതാ ആറ് ലക്ഷം കോടി രൂപയുടെ മതിപ്പ് കണക്ക് പ്രകാരം രാജ്യത്തിന്റെ ക്രിയാത്മകമായ ആസ്തികൾ വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇവിടെയാണ് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ അടച്ചു പൂട്ടലിൽ നിന്നും രക്ഷിക്കാനും, ലാഭകരമായി പ്രവർത്തിക്കുവാനും പ്രതിസന്ധിയോടെ മുന്നേറുന്ന പിണറായി സർക്കാരിന്റെ നടപടികളെ നോക്കി കാണേണ്ടത്.**

നാഷണൽ കമ്പനി ലോ ട്രൈബ്യൂണൽ ലിക്വുഡേറ്ററായി കുൽദീപ് വർമയെ നിയമിച്ചു. സംസ്ഥാന സർക്കാർ ലിക്വുഡേറ്ററെ സമീപിച്ചു എച്ച്.എൻ.എൽ ന്റെ 100% ഷെയർ 25 കോടി രൂപയ്ക്ക് ഏറ്റെടുക്കുവാൻ തയ്യാറാണെന്ന് കേരള ഡിവിഷൻ അറിയിച്ചു.

ലിക്വുഡേറ്റർ ഇതു സംബന്ധിച്ച റിപ്പോർട്ട് എൻ.സി.എൽ.ടി ഡൽഹി ബെഞ്ചിൽ സമർപ്പിച്ചു. റിപ്പോർട്ടിനെ കേന്ദ്ര ഘനവ്യവസായ മന്ത്രാലയം എതിർത്തു. ജീവനക്കാരുടെയും തൊഴിലാളികളുടെയും വെള്ളൂർ ഗ്രാമത്തിന്റെയും സ്വപ്നങ്ങൾക്ക് പ്രതീക്ഷയേകി സംസ്ഥാന സർക്കാരിന് കമ്പനിയുടെ 100% ഷെയർ കൈമാറാൻ എൻ.സി.എൽ.ടി ഡൽഹി ബെഞ്ച് ഉത്തരവിട്ടു.

സ്ഥാപനം ഏറ്റെടുത്തു നടത്തുവാൻ വീണ്ടും തയ്യാറാണ് എന്ന് കാണിച്ചു സംസ്ഥാന സർക്കാർ കോടതിയെ സമീപിച്ചു. മറ്റ് പ്രൈവറ്റ് കമ്പനികൾക്കൊപ്പം ടെണ്ടർ പങ്കെടുക്കുവാൻ കോടതി നിർദ്ദേശിച്ചു. മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരം കിൻഫ്രയെ ചുമതലപ്പെടുത്തി. ആവശ്യമായ തുക കിഫ്ബിയിൽ നിന്ന് കിൻഫ്രയ്ക്ക് അനുവദിച്ചു.

ജനുവരി 29ന് 146 കോടി രൂപക്ക് സംസ്ഥാന സർക്കാരിന് കൈമാറുവാൻ കോടതിയുടെ കൊച്ചി ബെഞ്ച് വിശദമായ ഉത്തരവ് പുറപ്പെടുവിച്ചു.

എച്ച്.എൻ.എൽ കമ്പനി പൊതുമേഖലയിൽ നിലനിൽക്കണം എന്ന താത്പര്യത്തോടു കൂടി പിണറായി വിജയൻ സർക്കാർ നൽകുന്ന സഹായങ്ങളാണ് ഇന്ന് കമ്പനിക്ക് വലിയ ആശ്വാസമേകിയത്.

# കാസർകോട്ടെ ഭെൽ ഫാക്ടറിയും ഏറ്റെടുത്തു

കാസർകോട്ടെ ഭെൽ ഫാക്ടറിയും കേരളത്തിലെ എൽഡിഎഫ് സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. ഏറ്റെടുക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു കൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞ വാക്കുകൾ കാസർകോട്ടെ ജനങ്ങൾ ആവേശത്തോടെയാണ് ഏറ്റുവാങ്ങിയത്. സർക്കാരിന് ഇടപെടാൻ കഴിയുന്ന മേഖലയിലൊക്കെ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. എല്ലാ പൊതുമേഖലാ വ്യവസായങ്ങളും ലാഭത്തിലാക്കുകയാണ് എൽ.ഡി.എഫ് സർക്കാരിന്റെ ലക്ഷ്യം. സ്ഥാപനങ്ങളുടെ വൈവിധ്യവത്കരണവും നവീകരണവും സർക്കാർ ഉറപ്പു വരുത്തും. കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളെ സ്വകാര്യവത്കരിക്കാൻ ബി.ജെ.പി സർക്കാർ രംഗത്ത് വന്നപ്പോൾ കേരളത്തിലെ ഫാക്ടറികൾ കേരളത്തിന് വിട്ട് നിൽക്കണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെടുകയായിരുന്നു കേരളം എന്നും മുഖ്യമന്ത്രി വ്യക്തമാക്കി.




സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി (ഭെൽ) 1990 ൽ ആരംഭിച്ചതാണ്. വൻവികസന കുതിപ്പിനായി 2010 ൽ കേന്ദ്ര സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന് (ഭെൽ) കൈമാറുകയായിരുന്നു. 51% ഓഹരി ഭെല്ലിനും, 49% സംസ്ഥാന സർക്കാരിനുമായിരുന്നു. എന്നാൽ പ്രതീക്ഷയ്ക്ക് വിപരീതമായി ഭെൽ എം.എം.എൽ കമ്പിനി പിന്നീട് നഷ്ടത്തിലാവുകയും അടച്ചു പൂട്ടലിന്റെ വക്കിലുമെത്തി. തിരിച്ച് കേരളം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കമ്പനിയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ 43 കോടിയും തൊഴിലാളികളുടെ ശമ്പളകുടിശ്ശികയായ 14 കോടി ഉൾപ്പെടെ മൊത്തം ബാധ്യതകൾക്കായി 34 കോടിയും ചേർന്ന് 77 കോടി രൂപ കേരള സർക്കാർ ചെലവഴിച്ചാണ് കമ്പനി ഏറ്റെടുക്കുന്നത്. ഇതോടെ നിലവിലെ മെഷിനറികൾക്കൊപ്പം, ട്രാക്ടർ മോട്ടേഴ്സ്, കൺട്രോളറുകൾ, ആൾട്ടർനേറ്റർ, ഡിഫൻസിനാവശ്യമായ സ്പെഷ്യൽ പർപ്പസ് ആൾട്ടർനേറ്റർ തുടങ്ങിയവയും ഇവിടെ ഉത്പാദിപ്പിക്കുവാൻ സാധിക്കും.

കേരളത്തിലെ ഏറ്റവും വലിയ നിക്ഷേപമായ കൊച്ചിറിഫൈനറി വില്ക്കുവാനും, പാലക്കാട്ടെ ബെമൽ എറണാകുളത്തെ ഹിൽ ഇന്ത്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ കൈയൊഴിയാനും ജിഐസി, എൽഐസി, ബി.എസ്.എൻ.എൽ എന്നീ സ്ഥാപനങ്ങളിൽ മുന്തിയ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കി കേന്ദ്രം വാഴുന്ന ബി.ജെ.പി സർക്കാർ തന്ത്രപ്രധാനമായ എല്ലാ മേഖലകളെയും വിറ്റ് തുലയ്ക്കാനുള്ള നീക്കം എതിർപ്പുകളെ അവഗണിച്ചും തുടരുമ്പോഴാണ്. പരിമിതമായ സാമ്പത്തിക, പാർലമെന്ററി അധികാരങ്ങൾ ഉപയോഗപ്പെടുത്തി ഇച്ഛാശക്തിയോടെ നാം നേടിയ നേട്ടങ്ങൾ സംരക്ഷിക്കാനുള്ള എൽഡിഎഫിന്റെ ശ്രമങ്ങളെ നോക്കി കാണേണ്ടത്. തന്ത്രപ്രധാനമായ ആസ്തികൾ പോലും മുതലാളിമാർക്ക് തളികയിലെന്ന പോലെ കൊടുക്കുവാനും അതുവഴി വൻ അഴിമതിയ്ക്ക് വഴിയൊരുക്കുവാനും കേന്ദ്രത്തിലെ ബിജെപി സർക്കാർ കച്ചമുറുക്കിയിറങ്ങുമ്പോഴാണ് എൽ.ഡി.എഫ് സർക്കാരിന്റെ ബദൽ നയങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാവുന്നത്.



## ലോക ചരിത്രത്തിൽ

# തൊഴിലാളി പ്രസ്ഥാനം രൂപം കൊള്ളുന്നു

(മൂന്നാം ഭാഗം)



എൻ.പത്മലോചനൻ

**ബൂർഷ്വാസികൾ പണി എടുക്കുന്നവരെ ജംഗമ വസ്തുക്കളായും അവരുടെ വസ്തുവകകളായും ആണ് കണ്ടിരുന്നത്. അതുകൊണ്ട് തന്നെ പണി എടുക്കുന്നവർ ബൂർഷ്വാസിയെ തങ്ങളുടെ മുഖ്യ ശത്രുവായി കാണാൻ നിർബന്ധിതരായി. ഈ കാഴ്ചപ്പാടിന് നിദാനമായ നിരവധി ഉദാഹരണങ്ങൾ ഏംഗൽസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പണിയെടുക്കുന്നവർ ദാരിദ്ര്യത്തിലും ഇല്ലായ്മയിലും കഴിയുന്നു. മറ്റുള്ളവർ തങ്ങളെക്കാൾ മെച്ചപ്പെട്ട ജീവിതം നയിക്കുന്നു. സമ്പത്തിനെക്കാൾ കൂടുതൽ സമൂഹത്തിനു വേണ്ടി പണിയെടുക്കുന്നവർ പ്രവർത്തിക്കുന്നു, പക്ഷേ സ്വന്തം ജീവിതം മെച്ചപ്പെടുന്നില്ല.**

നിരവധി ട്രെയിഡ് യൂണിയൻ പ്രസ്ഥാനങ്ങളിൽ നിന്നും സാർവ്വദേശീയ സംഘടനയും
പ്രക്ഷോഭവും ആവശ്യമാണെന്ന ശക്തമായ അഭിപ്രായം ഉയർന്നു വന്നു. ഒരു സാർവ്വദേശീയ ട്രേയിഡ് യൂണിയൻ സംഘടന മുകളിൽ നിന്നുള്ള തീരുമാനപ്രകാരം സ്ഥാപിക്കുന്നതിനെ യഥാസ്ഥിതിക ട്രെയിഡ് യൂണിയൻ നേതൃത്വം ശക്തമായി എതിർത്തിരുന്നതിനാൽ യൂണിയനുകൾ താഴെതട്ടിൽ നിന്നും പരസ്പരം ബന്ധപ്പെട്ടു കൊണ്ട് പടിപടിയായി അതു കെട്ടിപ്പടുക്കാൻ തുടങ്ങി. ക്രമേണ ആ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞു എന്നതാണ് ചരിത്രം.

ഈ പ്രക്രിയയിൽ ഇംഗ്ലണ്ടിലെ ഓരോ ട്രേയിഡ് യൂണിയനുകളും ഇതര യൂറോപ്യൻ രാജ്യങ്ങളിലെ ട്രേഡ് യൂണിയനുകളുമായി ബന്ധം സ്ഥാപിക്കാൻ തുടങ്ങി. അവർ തിരിച്ചും ശക്തമായി പ്രതികരിച്ചു. ട്രേയിഡ് യൂണിയനുകൾ സമ്മേളനങ്ങളിൽ പരസ്പരം പ്രതിനിധികളെ കൈമാറാൻ തുടങ്ങി.

ലോകത്തിലെ വിവിധ രാജ്യങ്ങളിലെ തൊഴിലാളികൾക്കിടയിൽ സാർവ്വദേശീയ ഐക്യദാർഢ്യം ഉണ്ടാക്കുന്നതിനുള്ള സമ്മർദ്ദം ശക്തിപ്പെട്ടുകൊണ്ടിരുന്നു. ഓരോ മേഖലയിലും വ്യവസായത്തിലും സാർവ്വദേശീയ സെക്രട്ടേറിയറ്റുകൾ രൂപം കൊണ്ടു തുടങ്ങി. 1889 ജൂലൈയിൽ പാരീസിൽ ചേർന്ന പ്രിന്റർമാരുടെ യോഗത്തിൽ ഫ്രാൻസ്, സ്പെയിൻ, ഇറ്റലി, ജർമ്മനി, അമേരിക്ക, ഇംഗ്ലണ്ട്, ബൽജിയം എന്നീ രാജ്യങ്ങളിൽ നിന്നായി 17 പ്രതിനിധികൾ പങ്കെടുത്തു. ഇതിനെത്തുടർന്ന് 1890 മെയ് മാസത്തിൽ ഇന്റർനാഷണൽ മൈനേഴ്സ് ഫെഡറേഷൻ രൂപീകരിക്കാനായി. പാരീസിൽ ഖനി തൊഴിലാളി യൂണിയനുകളുടെ സമ്മേളനം ചേർന്നു. ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നായി 112 പ്രതിനിധികൾ അതിൽ പങ്കെടുത്തു.

ഈ പുതിയ തരത്തിൽപ്പെട്ട സാർവ്വദേശീയ സമ്മേളനങ്ങളും സംഘടനകളും പ്രാരംഭദിശയിലുള്ളതാണെങ്കിലും അതാതു തൊഴിൽ മേഖലയിലും വ്യവസായത്തിലുമുള്ളവർ തമ്മിലുള്ള ഈടുറ്റ പരസ്പര ബന്ധം കൈവന്നു. 1900 ആയപ്പോൾ ഇന്റർനാഷണൽ സെക്രട്ടേറിയറ്റുകൾ സ്ഥാപിച്ചു കൊണ്ടുള്ള 17 സംഘടനകൾ നിലവിൽ വന്നു. ഒന്നാം ലോകമഹായുദ്ധത്തിന് തൊട്ടു മുമ്പ് ആയപ്പോൾ 32 സംഘടനകൾ രൂപീകൃതമായി. അതിൽ ഏറ്റവും വലുത് ഖനി തൊഴിലാളികളുടേതായിരുന്നു, 13,74,000 അംഗങ്ങൾ. ലോഹതൊഴിലാളികളുടെ സംഘടനയിൽ 11,06,00 ഉം ട്രാൻസ്പോർട്ട് തൊഴിലാളികളുടെ സംഘടനയിൽ 8,81,950 ഉം അംഗങ്ങൾ ഉണ്ടായിരുന്നു. ഇതായിരുന്നു ഒടുവിൽ വലിയ സാർവ്വദേശീയ ട്രേയിഡ് യൂണിയൻ സെന്ററുകളായി വളർന്നത്.

## ദേശീയ ട്രെയിഡ് യൂണിയൻ സെന്ററുകളുടെ സാർവ്വദേശീയ സെക്രട്ടേറിയറ്റ്

സാർവ്വദേശീയ ട്രേയിഡ് യൂണിയൻ സെക്രട്ടേറിയറ്റുകൾ ക്രമേണ രൂപം കൊണ്ടതോടെ പൊതുവായുള്ള ഒരു ട്രേയിഡ് യൂണിയൻ ഇന്റർനാഷണൽ സ്ഥാപിക്കണമെന്നുള്ള ആവശ്യം ശക്തിപ്പെടാൻ തുടങ്ങി. പ്രധാനമായും ഇംഗ്ലണ്ട്, ഫ്രഞ്ച്, അമേരിക്കൻ ട്രെയിഡ് യൂണിയനുകളിൽ നിന്നാണ് ഈ ആവശ്യം ശക്തമായി ഉയർന്നു വന്നത്. പതിവുപോലെ ജർമ്മൻ നേതാക്കളുടെ എതിർപ്പ് തുടർന്നുകൊണ്ടിരുന്നു. 1890 ൽ കോപ്പൻഹേഗിലെ ഡാനിഷ് ട്രേയിഡ് യൂണിയൻ കൺവെൻഷനിൽ ഒത്തുചേരാൻ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ട്രേയിഡ് യൂണിയൻ പ്രതിനിധികൾക്ക് ബ്രിട്ടീഷ് ട്രേയിഡ് യൂണിയൻ പൊതുവായ ഒരു കത്തയച്ചു. 1902ൽ സ്റ്റുഡ്ഗർട്ടിൽ വച്ച് രണ്ടാം പൊതു തൊഴിലാളി സമ്മേളനം ചേരേണ്ടതായി വന്നു. ഈ സാർവ്വദേശീയ സമ്മേളനം ഒരു സാർവ്വദേശീയ സെന്ററിന് രൂപം നൽകി. പക്ഷേ അതിന് ഭാരവാഹികളോ സ്റ്റാഫോ ഉണ്ടായിരുന്നില്ല.

1903 ൽ ഡബ്ലിനിൽ ചേരുന്നതുവരെ പുതിയ സാർവ്വദേശീയ സംഘടന യഥാർത്ഥത്തിൽ രൂപം കൊണ്ടിരുന്നില്ല. അവിടെ വച്ചാണ് ദേശീയ ട്രേയിഡ് യൂണിയൻ സെന്ററുകളുടെ സാർവ്വദേശീയ സെക്രട്ടേറിയറ്റ് രൂപീകരിക്കപ്പെട്ടത്. അനൗപചാരികമായ അനുമതിയോടെ ലെജിയനെ ജനറൽ സെക്രട്ടറിയായും നിശ്ചയിച്ചു. അതുവരെ ഇത്തരം ഒരു പ്രസ്ഥാനം രൂപം കൊള്ളുന്നതു തടയാൻ ശ്രമിച്ചിരുന്ന ലെജിയൻ തന്റെ എതിർപ്പിന് നിലനില്പില്ലെന്നു വന്നപ്പോഴാണ് ചുവട് മാറ്റി അധികാര സ്ഥാനം ഏറ്റത്. ഒരു ബ്യൂറോക്രാറ്റായ ലെജിയൻ ഓരോ തൊഴിൽ മേഖലയിലായി നിലവിൽ വന്ന



ഇന്റർനാഷണൽ സെക്രട്ടേറിയറ്റുകളിലും അവ നിലവിൽ വന്ന ഉടൻ തന്നെ അവയിലെ പ്രമുഖ സ്ഥാനങ്ങൾ ഏറ്റെടുക്കാൻ ബ്യൂറോക്രാറ്റിക് സംവിധാനത്തെ ഉപയോഗിച്ചിരുന്നു. അങ്ങനെ 1914 ൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുമ്പോൾ 32 ഇന്റർനാഷണൽ സെക്രട്ടേറിയറ്റുകളിൽ 5 എണ്ണം ഒഴികെ എല്ലാത്തിന്റെയും ആസ്ഥാനം ബർലിനിലായി.

ഈ സാർവദേശീയ സംവിധാനത്തെ ഒരു യഥാർത്ഥ ട്രെയിഡ് യൂണിയൻ ഇന്റർനാഷണലാക്കി വളർത്താൻ താത്പര്യപ്പെട്ടിരുന്ന വിഭാഗങ്ങളും, പ്രധാനമായും ബ്രിട്ടീഷ്, ഫ്രഞ്ച്, അമേരിക്കൻ വിഭാഗങ്ങൾ, വിവിധ തൊഴിൽ മേഖലകളിലെ യൂണിയനുകളുടെ സെക്രട്ടേറിയറ്റിനെയും പൊതുവായ സെക്രട്ടേറിയറ്റിനെയും കുറെയേറെ സാർവ്വദേശീയ പോസ്റ്റാഫീസുകളുടെയും സ്റ്റാറ്റിസ്റ്റിക്കൽ ബ്യൂറോകളുടെയും ഒരു കൂട്ടമായി പരിമിതപ്പെടുത്താൻ ശ്രമിച്ചിരുന്ന ജർ

മ്മനിയിലെ യാഥാസ്ഥിതിക ബ്യൂറോക്രാറ്റുകളായ ലെജിയൻ ഗ്രൂപ്പും തമ്മിലുള്ള സംഘട്ടനം നിരന്തരം നടന്നിരുന്നു.

1909 ലെ പാരീസ് സമ്മേളനത്തിൽ ദേശീയ ട്രേയിഡ് യൂണിയൻ സെന്ററുകളുടെ ഇന്റർനാഷണൽ സെക്രട്ടേറിയറ്റ് പൊതുപണിമുടക്ക് പ്രശ്നം ഏറ്റെടുക്കുകയും കൈകാര്യം ചെയ്യുകയും വേണമെന്നുള്ള ഫ്രഞ്ച് പ്രതിനിധികളുടെ നിരന്തരമായ ആവശ്യത്തെ തുടർന്ന് ലെജിയൻ വിഭാഗത്തിന് മേധാവിത്വമുള്ള സമ്മേളനം തീരുമാനിച്ചത് എല്ലാ സൈദ്ധാന്തിക പ്രശ്നങ്ങളും ട്രെയിഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ അടവുകളെയോ പ്രവണതകളേയോ ബാധിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ആകില്ലെന്നാണ്. 1907ലെ സെക്രട്ടേറിയറ്റിന്റെ ക്രിസ്റ്റാനിയ സമ്മേളനം യുദ്ധത്തിനെതിരായ സാർവ്വദേശീയ പ്രക്ഷോഭം സംബന്ധിച്ച പ്രശ്നം ഒരു രാഷ്ട്രീയ പ്രശ്നമെന്ന നിലയിൽ സോഷ്യലിസ്റ്റ് ഇന്റർനാഷണലിന്റെ പരിഗണനയ്ക്ക് വിടുകയും ചർച്ച ചെയ്യാൻ വിസമ്മതിക്കുകയും ആണ് ചെയ്തത്.

ഈ കാലമായപ്പോൾ അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബർ ഇന്റർനാഷണൽ സെക്രട്ടേറിയറ്റിൽ ഔപചാരികമായി അഫിലിയേറ്റ് ചെയ്യപ്പെട്ടു. അമേരിക്കൻ പ്രതിനിധികൾ മിക്കവാറും എല്ലാ സമ്മേളനങ്ങളിലും പങ്കെടുക്കാനും തുടങ്ങി. ഇവരും യാഥാസ്ഥിതിക നിലപാടാണു സ്വീകരിച്ചു വന്നത്.

ശരിയായൊരു ലോകതൊഴിലാളി ഫെഡറേഷൻ രൂപം കൊള്ളണമെന്ന ആവശ്യം ഇന്റർനാഷണൽ സെക്രട്ടേറിയറ്റിന്റെ തുടർന്നുള്ള യോഗങ്ങളിലും ഉയർന്നു വന്നു. പ്രത്യേകിച്ചും 1907 നു ശേഷം പതിവുപോലെ ഈ ആവശ്യം പ്രധാനമായും ഉന്നയിച്ചു വന്നത്. ബ്രിട്ടീഷ്, ഫ്രഞ്ച്, അമേരിക്കൻ പ്രതിനിധികൾ നിന്നായിരുന്നു. ലെജിയനും പൊതുവിൽ സോഷ്യൽ ഡെമോക്രാറ്റുകളും കാര്യങ്ങൾ നടത്തിയിരുന്ന രീതിയിൽ അതൃപ്തരായ ഫ്രഞ്ചുകാരും, അമേരിക്കക്കാരും 1907 ലെ മോസ്കോ യോഗത്തിൽ നിന്നും വിട്ടു നിന്നു. പക്ഷേ പിന്നീടുള്ള യോഗങ്ങളിൽ പങ്കെടുക്കുകയും ഒരു വിപുലമായ സാർവ്വദേശീയ സംഘടന എന്ന ആവശ്യം വീണ്ടും ശക്തമായി ഉന്നയിക്കുകയും ചെയ്തു.

1911 ൽ ബുഡാപെസ്റ്റിലും, 1913 ൽ സൂറിച്ചിലും വെച്ച് ചേർന്ന രണ്ട് സമ്മേളനങ്ങൾ അവയുടെ സമയത്തിന്റെ ഏറിയ പങ്കും ശക്തമായി ഉയർന്നു വന്നിരുന്ന ഈ അടിയന്തിര പ്രശ്നം ചർച്ച ചെയ്യാൻ വിനിയോഗിച്ചു. ഒടുവിൽ സൂറിച്ചിൽ എത്തിയപ്പോൾ സമ്മർദ്ദം ഏറെ ശക്തമായി. ഒരു നാഷണൽ ട്രേയിഡ് യൂണിയൻ ഇന്റർനാഷണലിന്റെ രൂപീകരണത്തിനെ സമ്മതം മൂളാൻ ലെജിൻ നിർബന്ധിതനായി. ഇന്റർനാഷണലിന്റെ പേര് ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ട്രെയിഡ് യൂണിയൻസ് എന്ന് മാറ്റാനുള്ള അമേരിക്കൻ പ്രതിനിധി പെർക്കിൻസ് മുന്നോട്ട് വച്ച നിർദ്ദേശം സമ്മേളനം ഏകകണ്ഠമായി അംഗീകരിച്ചു. എന്നാൽ ആ സമയത്ത് ചക്രവാളത്തിൽ ഉരുണ്ട് കൂടി കൊണ്ടിരുന്ന സാമ്രാജ്യത്വ യുദ്ധത്തെ ചെറുക്കുക എന്ന ലക്ഷ്യം വിദൂരമായിപ്പോലും ലേജിയനും ശിങ്കിടികൾക്കും ഉണ്ടായിരുന്നില്ല. ആഗോള പ്രതിസന്ധിയെ കൈകാര്യം ചെയ്യുന്നതിന് കരുത്തുള്ള യാഥാർത്ഥ സംഘടനയോ നേതൃത്വമോ കൂടാതെയാണ് അവർ സാർവ്വദേശീയ ട്രേയിഡ് യൂണിയൻ പ്രസ്ഥാനത്തെ കൈവെടിഞ്ഞത്.

ഒരു സാർവ്വദേശീയ ട്രേയിഡ് യൂണിയൻ സംഘടന എന്ന ആശയം പ്രസിസന്ധിയിൽ പ്പെട്ട ഈ സന്ദർഭത്തിലാണ് പല രാജ്യങ്ങളിലും നിലനിന്നിരുന്ന കത്തോലിക്ക അഥവാ ക്രിസ്ത്യൻ ട്രെയിഡ് യൂണിയനുകൾ (ചുരുക്കം ചിലതിൽ പ്രൊട്ടസ്റ്റാന്റുകാരും ഉണ്ടായിരുന്നു) സാർവ്വദേശീയ സഹകരണത്തിനായുള്ള ചില നടപടികളിലേക്ക് നീങ്ങി തുടങ്ങിയത്. അവർ ക്രിസ്ത്യൻ ട്രേയിഡ് യൂണിയനുകളുടെ സാർവ്വദേശീയ സെക്രട്ടേറിയറ്റുകൾ രൂപീകരിച്ചു. ഈ പ്രസ്ഥാനം വത്തിക്കാന്റെ നിയന്ത്രണത്തിൽ ആയിരുന്നു. സ്വാഭാവികമായും ഇതൊരു മതേതര ട്രെയിഡ് യൂണിയൻ ആയിരുന്നില്ല. ഇന്ത്യയിൽ ബി.ജെ.പി നയിക്കുന്ന ബി.എം.എസ് പോലൊരു സംഘടനയായിരുന്നു. വർഗാധിഷ്ഠിത സംഘടനകൾ എന്ന നിലയിൽ ട്രേയിഡ് യൂണിയനുകൾ മതേതരവും ആയിരിക്കണം. മതത്തെയോ വിശ്വാസത്തേയോ അടിസ്ഥാനമാക്കിയുള്ളതെല്ലാം വർഗ്ഗാധിഷ്ഠിത ട്രെയിഡ് യൂണിയനുകൾക്കെതിരാണ്.

## ഇംഗ്ലണ്ടിലും യൂറോപ്പിലും ഉള്ള ജീവിതസാഹചര്യത്തെപ്പറ്റി ഏംഗൽസ്

യൂറോപ്പിലാകെ ട്രേഡ് യൂണിയനുകൾ നിലനിൽപ്പിനും, ശക്തിനേടുന്നതിനും ആധിപത്യം നേടുന്നതിനും വേണ്ടിയുള്ള പോരാട്ടം നടത്തുമ്പോൾ, ഇംഗ്ലണ്ടിൽ തൊഴിലാളികളും അവരുടെ കുടുംബങ്ങളും നേരിടുന്ന ജീവിത സാഹചര്യങ്ങളെപ്പറ്റി ഏംഗൽസ് നടത്തിയ വിലയിരുത്തൽ ഒന്നു പരിശോധിക്കാം. ഒരു മനുഷ്യനോ അവന്റെ വർഗ്ഗത്തിനോ ജീവിതം സന്തോഷകരമെന്ന് ചിന്തിക്കാൻ പോലും കഴിയാത്ത സാഹചര്യമാണ് നിലനിന്നിരുന്നത്. അതുകൊണ്ട് തന്നെ തൊഴിലെടുക്കുന്നവർ മുഴുവൻ ചിന്തിച്ചിരുന്നത് ഈ പരിതാപകരമായ ജീവിത സാഹചര്യത്തിൽ നിന്നും എങ്ങിനെ കരകയറും എന്നതിനെപ്പറ്റി മാത്രം ആയിരുന്നു. ചൂഷണാധിഷ്ഠിതമായ ഈ സാഹ

ചര്യത്തിൽ നിന്നും രക്ഷ നേടാൻ ചൂഷകവർഗ്ഗമായ ബൂർഷ്വാസിയെ നേരിട്ട് കൊണ്ടു മാത്രമേ കഴിയുമായിരുന്നുള്ളു. രാജ്യവും എല്ലാ സമ്പത്തും എല്ലാ അധികാരങ്ങളും അവർക്ക് മാത്രം വിധേയമായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ അധികാരശക്തിയായ ബൂർഷ്വാസിയെ മുഖ്യ ശത്രുവായി കണ്ടുകൊണ്ട്, അവരെ തോല്പിച്ചു കൊണ്ടു മാത്രമേ തങ്ങളുടെ ജീവിത സാഹചര്യം മനുഷ്യത്വപൂർണ്ണമാക്കാൻ കഴിയൂ എന്ന് മഹാഭൂരിപക്ഷം വരുന്ന അധ്വാനിക്കുന്ന വർഗ്ഗം ചിന്തിച്ചു.

ബൂർഷ്വാസികൾ പണി എടുക്കുന്നവരെ ബൂർഷ്വാസികളുടെ ജംഗമ വസ്തുക്കളായും അവരുടെ വസ്തുവകകളായും ആണ് കണ്ടിരുന്നത്. അതുകൊണ്ട് തന്നെ പണി എടുക്കുന്നവർ ബൂർഷ്വാസിയെ തങ്ങളുടെ മുഖ്യ ശത്രുവായി കാണാൻ നിർബന്ധിതരായി. ഏംഗൽസ് ഈ കാഴ്ചപ്പാടിന് നിദാനമായ നിരവധി ഉദാഹരണങ്ങൾ അദ്ദേഹത്തിന്റെ കൃതിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ഒരു മനുഷ്യന് ഓരോ ദിവസവും ജീവിതത്തെപ്പറ്റി ചിന്തിക്കാൻ ബൂർഷ്വാസിയെ തങ്ങളുടെ എതിരാളിയും ശത്രുവായും കാണേണ്ടി വരുന്നു. സ്വത്തുടമാ വർഗ്ഗത്തെ ഓരോ ദിവസവും ഹിംസാത്മക ബുദ്ധിയോട് കൂടി ശത്രുവായി കാണേണ്ടിവരുന്നു. ബൂർഷ്വാസി ആകട്ടെ പണ സമ്പാദനത്തിനു വേണ്ടി അതിനു തടസ്സമായി നില്ക്കുന്ന എല്ലാ മനുഷ്യരെയും വിശിഷ്യാ പണിയെടുക്കുന്നവരെ പരമ ശത്രുക്കളായി കാണുന്നു. ഇംഗ്ലീഷ് ദേശീയ ബോധം തന്നെ പണി എടുക്കുന്നവരിൽ നിന്നും തൂത്തുമാറ്റപ്പെടുന്നു. പണിയെടുക്കുന്നവർ ദാരിദ്ര്യത്തിലും ഇല്ലായ്മയിലും കഴിയുന്നു. മറ്റുള്ളവർ തങ്ങളെക്കാൾ മെച്ചപ്പെട്ട ജീവിതം നയിക്കുന്നു. സമ്പത്തിനെക്കാൾ കൂടുതൽ സമൂഹത്തിനു വേണ്ടി പണിയെടുക്കുന്നവർ പ്രവർത്തിക്കുന്നു, പക്ഷേ സ്വന്തം ജീവിതം മെച്ചപ്പെടുന്നില്ല. നിലവിലുള്ള സമൂഹത്തിൽ കുറ്റ കൃത്യങ്ങൾ പെരുകുന്നു, വിശിഷ്യ ഉത്പാദന മേഖലകളിൽ.

കുറ്റകൃത്യങ്ങൾ സാമൂഹ്യ നന്മയ്ക്ക് സഹായകരമല്ലെന്ന് പണി എടുക്കുന്നവർ വേഗം മനസ്സിലാക്കുന്നു. നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയ്ക്കെതിരായി ഒറ്റയ്ക്ക് പോരാടുന്നവർ കുറ്റവാളികളാകുന്നു. സമൂഹം അവരെ കുറ്റവാളികളാക്കുന്നു. ഇതിനെതിരായി പ്രതികരിക്കുന്നത് മോഷണം വഴിയാണ്. പുരാതന രീതിയിലുള്ള പ്രതിഷേധം ഇതു മാത്രമാണ്. അതുകൊണ്ട് തന്നെ ഈ രീതി തൊഴിലാളികളുടെ സാമൂഹ്യപ്രതിഷേധമായി മാറുന്നില്ല എന്ന് അവർക്ക് നിശബ്ദമായി അംഗീകരിക്കേണ്ടി വരുന്നു. ബൂർഷ്വാ വർഗ്ഗത്തിനെതിരായി ഒരു വർഗ്ഗമെന്ന നിലയിൽ പോരാട്ടം രൂപാന്തരപ്പെട്ടത് ഉല്പാദനത്തിന് യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനെതിരായ പോരാട്ട ഘട്ടത്തിലാണ്. ഇത്തരം പോരാട്ടങ്ങൾ നിരവധി യന്ത്രങ്ങൾ ഉല്പാദന മേഖലയിൽ സ്ഥാപിക്കുന്നതിനെതിരായി നടന്നു. 1844 ൽ ബെഹിമിയായിൽ അച്ചടി യന്ത്രങ്ങൾക്കും അതു സ്ഥാപിക്കപ്പെട്ട ഫാക്ടറികളും തകർക്കപ്പെട്ടു. ഇത്തരം പ്രതിഷേധങ്ങൾ ഒറ്റപ്പെട്ടതും ചുരുക്കം ചിലമേഖലകളിൽ മാത്രവുമായി ഒതുങ്ങി. മാത്രമല്ല സാമൂഹ്യ പുരോഗതിക്കെതിരായ പോരാട്ടമായി അതു രൂപാന്തരപ്പെട്ടു. അതു മൂലം



INTERNATIONAL·SOLIDARITY·OF·LABOUR· THE·TRUE·ANSWER·TO·JINGOISM· DEDICATED·TO·THE·WORKERS·OF·THE·WORLD· BY·WALTER·CRANE·MAY·1ST·1896·

യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനെതിരായ പോരാട്ടത്തെ സാമൂഹ്യമായും എതിർക്കുന്ന സ്ഥിതിയുണ്ടായി. ആകയാൽ യന്ത്രങ്ങൾ തകർക്കുന്ന രീതിയിലുള്ള എതിർപ്പിൽ നിന്നും പണിയെടുക്കുന്നവർക്ക് പിൻമാറേണ്ടി വന്നു. ടോറിയുടെ അപരിഷ്കൃത പാർലമെന്റ് യന്ത്രങ്ങളും, ഫാക്ടറികളും നശിപ്പിക്കുന്നതിനെതിരായ ഒരു നിയമത്തിനു രൂപം നൽകി. എന്നാൽ ഈ നിയമത്തിന് അംഗീകാരം നൽകാൻ പാർലമെന്റിന്റെ പൊതു സഭയ്ക്ക് കഴിയില്ലായിരുന്നു. കാരണം പ്രസ്തുത നിയമം തൊഴിലാളികളെയും, ഉടമകളായ ബൂർഷ്വാസികളെയും രണ്ടായി വേർതിരിക്കും എന്നുള്ളതുകൊണ്ടാണ്. പ്രസ്തുത നിയമം ബൂർഷ്വാസിയെ ഭരണ വർഗ്ഗമായി മാറ്റുകയായിരുന്നു. എന്നാൽ 1854ലെ ഈ നിയമം തൊഴിലാളികളെ കൂട്ടായ്മയിലേക്കു നയിക്കുന്നതും മറ്റെല്ലാ നിയമങ്ങളെയും മറികടന്നുള്ളതുമാണ്. ബൂർഷ്വാ ഭരണവർഗ്ഗത്തിനു മാത്രം ഉണ്ടായിരുന്ന കൂട്ടായ്മയ്ക്കുള്ള അവകാശം തൊഴിലാളി വർഗ്ഗവും നേടിയെടുത്തു. തൊഴിലാളികളുടെ കൂട്ടായ്മ രഹസ്യ രൂപത്തിലുണ്ടായിരുന്നെങ്കിലും അതുവരെ ഒരു നേട്ടവും ഉണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല.●

# ആഴക്കടൽ മത്സ്യമേഖലയെ കുത്തകകൾക്ക് തീറെഴുതുന്നു



**പി പി ചിത്തരഞ്ജൻ എംഎൽഎ**
സംസ്ഥാന ജനറൽ സെക്രട്ടറി, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ഫെഡറേഷൻ (സിഐടിയു)

**ആഴക്കടൽ മത്സ്യ മേഖലയെ കുത്തക കമ്പനികൾക്ക് തീറെഴുതുന്ന ദേശീയ ഫിഷറീസ് നയം 2020 കേന്ദ്ര സർക്കാർ പുറത്തിറക്കി. ഈ നയത്തിന് പിന്നാലെ രണ്ട് രേഖകൾ കൂടി കേന്ദ്രസർക്കാർ പുറത്തിറക്കിയിട്ടുണ്ട്. മറൈൻ ഫിഷറീസ് ബിൽ 2021 പാർലമെന്റ് വർഷകാല സമ്മേളനത്തിൽ തന്നെ തിരക്കിട്ട് പാസാക്കാൻ ആയിരുന്നു സർക്കാരിന്റെ നീക്കം. എന്നാൽ കേരളം, തമിഴ്നാട് അടക്കമുള്ള സംസ്ഥാന സർക്കാരുകളുടെ ഇടപെടലിന്റെയും മത്സ്യത്തൊഴിലാളി സംഘടനകൾ ഉയർത്തിയ ശക്തമായ പ്രതിഷേധത്തെയും തുടർന്ന് ബില്ല് പാസ്സാക്കുന്ന നടപടി സർക്കാർ തൽക്കാലം മാറ്റിവച്ചിരിക്കുകയാണ്. എന്നാൽ ബ്ലൂ ഇക്കണോമി നയവും ഇതുമായി ബന്ധപ്പെട്ട് നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുകയാണ്.**

**നമ്മുടെ** കടലിൽ വാണിജ്യ അടിസ്ഥാനത്തിൽ പിടിക്കുന്ന 665 ഇനങ്ങളിൽപെട്ട മത്സ്യങ്ങളും അതുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരുമായ 40 ലക്ഷം മത്സ്യത്തൊഴിലാളികളും ഉണ്ടെന്നും രേഖ പറയുന്നു. 17 കോടിയോളം വരുന്ന ജനങ്ങൾ തീരവാസികളാണ്. 20 ലക്ഷം ക്യുബിക് മീറ്ററോളം എണ്ണയും പ്രകൃതി വാതകങ്ങളും നമ്മുടെ കടലിന്റെ അടിത്തട്ടിലുണ്ട്. ഈ സമുദ്ര വിഭവങ്ങളെ ഏഴ് മേഖലകളാക്കി തിരിച്ച് വിവിധ ഉൽപ്പന്നങ്ങളുടെ കണക്കെടുപ്പ്, എണ്ണ വാതകങ്ങൾ എന്നിവയുടെ ഖനനം, തുറമുഖങ്ങളുടെ നിർമ്മാണം, ജൈവ ധാധു ഖനിജ വസ്തുക്കളുടെ ഖനനം, മത്സ്യബന്ധനം, കപ്പൽ ചരക്കുനീക്ക വികസനം, തീരദേശത്തെ ടൂറിസം, തീരത്തെ അടിസ്ഥാനസൗകര്യ വികസനം, സമുദ്ര രംഗത്തെ തന്ത്രപ്രധാനമായ സൈനിക നടപടികൾ എന്നിവയാണ് രേഖയിൽ പരാമർശിക്കുന്നത്. ഈ രേഖ മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾക്ക് നേരെയും തീര സംസ്ഥാനങ്ങൾക്കുള്ള അധികാരത്തിൽ ഇടപെടുന്നതും നമ്മുടെ ഫെഡറൽ തത്വങ്ങൾക്ക് തികച്ചും എതിരാണ്. കടലിനെ ഒരു കച്ചവട കേന്ദ്രം ആക്കുക എന്നതാണ് ബ്ലൂ ഇക്കണോമിയുടെ വ്യക്താക്കളുടെ അഭിപ്രായം. കടൽ മത്സ്യത്തൊഴിലാളികളുടെ മാത്രം സ്വത്തല്ല എന്നും മീൻ പിടിക്കുക എന്നതുമാത്രമല്ല കടലിലെ ധാതുക്കളെ ആകെ ചൂഷണം ചെയ്യണം എന്ന കാഴ്ചപ്പാടോടെയാണ് നീല സമ്പദ്ഘടന നിലവിൽ വരുന്നത്.




നമ്മുടെ രാജ്യത്തിന്റെ അധികാരപരിധിയിലുള്ള കടലിൽ നിന്ന് ഒരു വർഷം പിടിച്ചെടുക്കുന്ന മത്സ്യം 53 ലക്ഷം ടൺ ആണെന്നതാണ് സർക്കാരിന്റെ കണക്ക്. എന്നാൽ ഇപ്പോൾ നാം പിടിക്കുന്ന മത്സ്യം ശരാശരി 35 ലക്ഷം ടൺ മാത്രമാണ്. ഇന്ത്യൻ കടലിൽ കണക്കുകളനുസരിച്ച് ഏകദേശം 3.12 ലക്ഷം യാനങ്ങൾ പ്രവർത്തിക്കുന്നു. യഥാർത്ഥത്തിൽ നമുക്ക് ആവശ്യമുള്ളതിന്റെ മൂന്നിരട്ടി ആണിത്. ഭൂരിപക്ഷം യാനങ്ങളും പ്രവർത്തിക്കുന്നത് തീര കടലിലോ അതിനടുത്തുള്ള പുറംകടലിലോ ആണ്. അവിടെനിന്നും പരമാവധി മത്സ്യം പിടിക്കുന്നുമുണ്ട്. ആഴക്കടലിൽ ആകട്ടെ ട്യൂണ, ഓഷ്യാനിക് സ്ക്വിഡ്, ചെറുമീനുകൾ എന്നിവയുടെ സമൃദ്ധമായ സമ്പത്ത് ഇനിയും പിടിക്കപ്പെടാതെ കിടക്കുന്നുണ്ടെന്ന് സർക്കാർ വിലയിരുത്തുന്നു. ഈ രംഗത്തും

സംസ്കരണ മേഖലയിലും വൻകിട സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുമെന്ന് രേഖ പ്രഖ്യാപിക്കുന്നു.

മീനാകുമാരി കമ്മറ്റി റിപ്പോർട്ടിനെതിരെ ഇന്ത്യയിലെ മത്സ്യത്തൊഴിലാളി സമൂഹം നടത്തിയ സമരത്തെ തുടർന്ന് വിദേശ മത്സ്യ കപ്പലുകളുടെ പ്രവർത്തനം ഇന്ത്യാസർക്കാർ തടയുകയുണ്ടായി. പുതിയ മത്സ്യബന്ധന നിയമത്തിലും ഇക്കാര്യം എഴുതിവെച്ചിട്ടുണ്ട്. എന്നാൽ ഈ മേഖലകളിലേക്ക് ഇന്ത്യൻ കുത്തകകളെയും കമ്പനികളെയും കൊണ്ടുവരാനാണ് നീക്കം നടക്കുന്നത്. പുതിയ നിയമത്തിൽ യാനങ്ങളെ സംബന്ധിച്ച നിർവചനത്തിൽ മത്സ്യ കപ്പലുകളെയും ഉൾപ്പെടുത്തിയത് ഈ ലക്ഷ്യം വെച്ചു തന്നെയാണ്.

ഇന്ത്യയിൽ ഇന്ന് പ്രവർത്തിക്കുന്ന യാനങ്ങളെ ഒക്കെയും 24 മീറ്ററിൽ താഴെ മാത്രം നീളമുള്ളവയും ഐക്യരാഷ്ട്രസംഘടനയുടെ മാനദണ്ഡപ്രകാരം ചെറുകിട പരമ്പരാഗത മേഖലയിൽ പെടുന്നവയുമാണ്. ആഴക്കടലിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കോ അവരുടെ സഹകരണ സംഘങ്ങൾക്കോ മാത്രമായി യാനങ്ങളുടെ ഉടമസ്ഥാവകാശം നിജപ്പെടുത്തണം എന്ന കേരളത്തിന്റെ നിലപാടിന്റെ നേരെ എതിർദിശയിലേക്ക് ആണ് കേന്ദ്ര സർക്കാരിന്റെ നീക്കം. ഈ മേഖലയിൽ ലൈസൻസ് നൽകുവാനുള്ള സംസ്ഥാന സർക്കാരിന്റെ അവകാശവും ഫലത്തിൽ നഷ്ടപ്പെടുകയാണ്. കേന്ദ്ര സർക്കാരിന്റെ ലൈസൻസ് ലഭിക്കണമെങ്കിൽ അവർ നിർദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് യാനങ്ങൾ ക്രമീകരിക്കേണ്ടതായിവരും. അല്ലാത്തപക്ഷം വലിയ പിഴ അടയ്ക്കേണ്ട സാഹചര്യ മുണ്ടാകും. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നൂറുകണക്കിന് വള്ളങ്ങൾ സംസ്ഥാന പരിധിക്ക് വെളിയിൽ പോയി മൾട്ടി ഡേ ഫിഷിംഗ് നടത്തുന്നവരും ആണ്. പുതിയ മത്സ്യബന്ധന നിയമം ഇവരെയും ഇരുട്ടിൽ നിർത്തിയിരിക്കുകയാണ്.

യഥാർത്ഥത്തിൽ സമുദ്ര വിഭവങ്ങളുടെ ചൂഷണം ആണ് ബ്ലൂ ഇക്കണോമിയുടെ പ്രധാന ലക്ഷ്യം. സാമ്പത്തിക വളർച്ചയ്ക്ക് സമുദ്ര വിഭവങ്ങളെ എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന അന്വേഷണമാണ് നടക്കുന്നതെന്ന് രേഖയിൽ പറയുന്നു. ഇന്ത്യയുടെ ആഭ്യന്തര ഉത്പാദനത്തിൽ 8 ശതമാനം മാത്രമാണ് സമുദ്ര മേഖല ഇന്ന് പ്രദാനം ചെയ്യുന്നത് അത് ഇരട്ടിപ്പിക്കുകയാണ് ലക്ഷ്യം. ഇതിന് സ്വകാര്യവല്ക്കരണ നടപടികളുമായി ശക്തമായി മുന്നോട്ടു പോകും എന്നതാണ് കാഴ്ചപ്പാട്.

ആധുനിക വ്യവസായങ്ങൾക്ക് കടൽ ധനിജങ്ങൾ ആവശ്യമാണ് എന്ന വാദമാണ് ഈ നയം മുന്നോട്ട് വെക്കുന്നത്. കമ്പ്യൂട്ടർ ചിപ്പുകൾ പോലെയുള്ളവയ്ക്കാണ് അവയുടെ ആവശ്യം കൂടുതലായി വേണ്ടിവരുന്നത്. ഇത്തരം അസംസ്കൃത വസ്തുക്കൾക്ക് വേണ്ടിയുള്ള ആഴക്കടൽ ഖനനം കടലിന്റെ പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കും. മറ്റ് രാജ്യങ്ങളിൽ പുറം കടലിൽ ആണ് ഖനനം നടക്കുന്നത് എങ്കിൽ ഇവിടെ നയരേഖയിൽ തീരക്കടൽ ഉൾപ്പെടുത്തിയിരിക്കുന്നു. അത് ഏറ്റവും കൂടുതൽ ബാധിക്കുന്ന സംസ്ഥാനം കേരളം ആയിരിക്കും.

ലോക ബാങ്ക് പോലും ബ്ലൂ ഇക്കണോമിയിൽ പരിഗണിച്ച ചില വിഷയങ്ങൾ ഇന്ത്യയുടെ 7 മുഖ്യ വിഷയങ്ങളിൽ ഉൾപ്പെടുത്തി കാണുന്നില്ല. കടലുമായി ബന്ധപ്പെട്ട കാലാവസ്ഥ വ്യതിയാനങ്ങൾ, കടൽജല മലിനീകരണ നിവാരണം, എന്നിവ ബ്ലൂ ഇക്കണോമിയുടെ മുഖ്യ വിഷയങ്ങളായി ലോക ബാങ്ക് പോലും പരിഗണിക്കുമ്പോൾ നമ്മുടെ കരട് രേഖയിൽ അങ്ങനെ കണക്കിൽ എടുത്തിട്ടില്ല. മാലിന്യസംസ്കരണവും കാലാവസ്ഥ വ്യതിയാനവും ബ്ലൂ ഇക്കണോമി പരിഗണിച്ചിട്ടില്ല. ബ്ലൂ ഇക്കണോമി ഖനന കാര്യത്തിലാണ് ഊന്നൽ നൽകുന്നത്.

പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ജൂൺ 16 ന് ആഴക്കടൽ മിഷൻ യോഗം ചേരുകയുണ്ടായി. അടുത്ത അഞ്ചുവർഷത്തിനകം ഈ രംഗത്ത് കേന്ദ്രസർക്കാർ 4072 കോടി രൂപയുടെ നിക്ഷേപം നടത്തും. ഇങ്ങനെ സർക്കാർ ചെലവിൽ കണ്ടെത്തുന്ന എണ്ണ, പ്രകൃതി വാതകങ്ങൾ, മാംഗനീസ്, നൊഡ്യൂൾസ്, കോപ്പർ നിക്കൽ, കോബാൾട്ട്, പോളിമെറ്റാലിക് ഉൽപ്പന്നങ്ങൾ എന്നിവയും ഖനനം ചെയ്ത് എടുക്കണം എന്നാണ് രേഖ പറയുന്നത്. ഇങ്ങനെ സർക്കാർ ചെലവിൽ കണ്ടെത്തുന്ന ധാധു ഖനിജങ്ങളുടെ ഖനനം, സംസ്കരണം, വിപണനം തുടങ്ങിയവ കുത്തകകളെ ഏൽപ്പിക്കും എന്ന് ഈ രേഖ സംശയമില്ലാതെ വ്യക്തമാക്കുന്നു. അദാനി അംബാനിമാരാണ് ഈ നയത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ. ധാതു ഖനനം അദാനി ഗ്രൂപ്പിലും എണ്ണ വാതക പര്യവേക്ഷണം അംബാനിക്കും വീതം വെച്ച് നൽകുകയാണ് മോദി സർക്കാർ.

ഉപജീവനം തടയുകയും തൊഴിൽ അവകാശങ്ങൾ നിഹനിക്കുകയും, സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കുകയും, കടലിന്റെ ആവാസവ്യവസ്ഥയെ തകർക്കുകയും ചെയ്യുന്ന നടപടികളെ കൈയ്യും കെട്ടി നോക്കി നിൽക്കാനാവില്ല. ബ്ലൂ ഇക്കണോമി രേഖകളും, സമുദ്ര മത്സ്യബന്ധന നിയമവും തീര സംസ്ഥാനങ്ങളുമായും തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് ആവശ്യമായ തിരുത്തലുകൾ വരുത്തുവാൻ കേന്ദ്രസർക്കാർ തയ്യാറാകണം. ഈ ആവശ്യം മുൻനിർത്തിയാണ് സെപ്റ്റംബർ 18 വൈകുന്നേരം 5 മണിക്ക് കേരളത്തിന്റെ തീരദേശത്ത് കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ഫെഡറേഷൻ നേതൃത്വത്തിൽ പ്രതിഷേധ ശൃംഖല സംഘടിപ്പിച്ചത്.●

# കേന്ദ്ര സർക്കാരിന്റെ പുതിയ സ്ക്രാപേജ് പോളിസി

പേജ് 35-ൽ നിന്ന്

ടെസ്റ്റിനു വിധേയമാക്കണമെങ്കിൽ ഏകദേശം 40,000 രൂപ മുതൽ 50,000 രൂപ വരെ ചെലവ് പ്രതീക്ഷിക്കാം. ഈ തുക വാഹന ഉടമ വഹിക്കണം. ടെസ്റ്റിനു മുമ്പ് വണ്ടി സർവീസ് ചെയ്യുന്നതിനും വലിയൊരു തുക ചെലവാക്കും. മൊത്തത്തിൽ ഭീമമായ നഷ്ടം ജനങ്ങളുടെ മേലെ അടിച്ചേൽപ്പിക്കപ്പെടും. ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവും കൂടി സ്ക്രാപിംഗ് പോളിസിക്ക് പിന്നിലുണ്ടെന്ന് വാദവും സമാനമായ സാമ്പത്തിക ആഘാതങ്ങൾ ഉണ്ടാക്കുന്നുണ്ട്. സാധാരണക്കാരന് വാങ്ങാൻ കഴിയാത്ത തരത്തിൽ ഭീമമായ തുകയാണ് ഇലക്ട്രോണിക് വാഹനങ്ങൾക്ക് നിലവിലെ വിപണിയിലുള്ളത്. ഇവ ഉപയോഗിക്കാൻ ആവശ്യമായ സംവിധാനങ്ങളോ ബോധവൽക്കരണമോ ഒന്നും ഉണ്ടാകാത്ത സാഹചര്യമാണ് നിലവിലുള്ളത്.

പെട്രോൾഡീസൽ ഉൾപ്പെടെയുള്ള ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗംമൂലം ഉല്പാദിപ്പിക്കപ്പെടുന്ന ഹരിതഗൃഹവാതകങ്ങൾ ഭൗമമണ്ഡലത്തിൽ ഓസോൺ പാളികളിൽ വിള്ളലുണ്ടാക്കുന്നുവെന്നും ഇത് നിയന്ത്രിക്കാൻ സ്ക്രാപേജ് പോളിസി ആവശ്യമുണ്ടെന്നുമുള്ള വാദമാണ് ചിലർ ഉന്നയിക്കുന്നത്. പ്രകൃതിയ്ക്ക് ഭീമമായ മുറിവുകളുണ്ടാക്കുന്നവ നിയന്ത്രിക്കണമെന്നതിൽ ആർക്കും മറ്റൊരു അഭിപ്രായമില്ല. എന്നാൽ ഇതിനായി ഇലക്ട്രിക് വാഹനം ഉൾപ്പെടെയുള്ള പുത്തൻ സാങ്കേതിക സൗകര്യങ്ങൾ സർക്കാർ സഹായത്തോടെയോ സബ്സിഡിലൂടെയോ തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. അതുവരെ കാര്യക്ഷമത പരിശോധനയ്ക്കൊപ്പം എൻജിൻ കാര്യക്ഷമത, എക്കണോമിക്ക് സ്റ്റാൻഡേർഡ് എന്നിവ പരിശോധിക്കാനും കാര്യക്ഷമത കുറഞ്ഞ വാഹനങ്ങൾ കരിമ്പുക അളവിൽ കൂടുതലുള്ള വാഹനങ്ങളുടെ പെർമിറ്റ് റദ്ദുചെയ്യാനും അത്തരത്തിലുള്ള വാഹനങ്ങൾ പൊളിക്കാനും തീരുമാനിക്കുന്നതിനു പകരം കാലാവധി മാത്രം മാനദണ്ഡമാക്കി അശാസ്ത്രീയമായ ഈ തീരുമാനത്തിൽ നിന്നു സർക്കാർ പിന്മാറണം. ഇന്ധനവില ഇതേസമയം അനിയന്ത്രിതമായി വർദ്ധിപ്പിക്കുകയാണ്. 2021 ജനുവരി ഒന്നു മുതൽ ജൂലൈ മാസം വരെ പെട്രോളിന് 67 തവണയും ഡീസലിന് 63 തവണയും വില വർദ്ധിപ്പിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ദൈനംദിന ജീവിതം കൂടുതൽ ദുരിതപൂർണ്ണമാവുകയും അവർ കൂടുതൽ പ്രതിസന്ധികളിലേക്ക് വീഴുകയും ചെയ്യുന്ന സാഹചര്യം കേന്ദ്ര സർക്കാരിന്റെ സ്ക്രാപേജ് പോളിസി പോലെയുള്ള നയങ്ങളുടെ പശ്ചാത്തലത്തിൽ നാം വിപുലമായി ചർച്ചചെയ്യേണ്ടതുണ്ട്.

കോവിഡ്കാലത്തു ദൈനംദിന ജീവിതചെലവ് നടത്തിപോകാൻ കഴിയാതെ പകച്ചുനിൽക്കുന്ന മോട്ടോർ വാഹന തൊഴിലാളികൾ വാഹനം പൊളിക്കേണ്ടി വരുമെന്ന സർക്കാരിന്റെ പുതിയ നയത്തെ ആശങ്കയോടെയാണ് വീക്ഷിക്കുന്നത്. ശാരീരിക അകലം പാലിക്കാനായി ജനങ്ങൾ സ്വകാര്യവാഹനങ്ങളെ ആശ്രയിക്കാൻ ആരംഭിച്ചത് തൊഴിലാളികളുടെ ദൈനംദിന ജീവിതത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഒരു ഓട്ടോറിക്ഷ തൊഴിലാളിയെ സംബന്ധിച്ചെടുത്തോളം ഓട്ടോ എന്നത് അവരുടെ വീട് കൂടിയാണ്. കുടുംബത്തെ മുഴുവൻ സംരക്ഷിച്ചു നിർത്തുന്ന ഒരു വലയം ആണ് അവർക്ക് അവരുടെ വാഹനം. ഇത്തരത്തിൽ വൈകാരിക ഉപജീവന തലങ്ങൾ കൂടി ഈ വിഷയത്തിൽ ഉൾചേർന്നിട്ടുണ്ട്.

പ്രതിസന്ധിയിലായ മോട്ടർവാഹന തൊഴിൽ രംഗം ഉപേക്ഷിച്ച് മറ്റ് തൊഴിൽ മേഖലയിലേക്ക് പോകാൻ തൊഴിലാളികൾ നിർബന്ധിതമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. തൊഴിലാളികളുടെ ആത്മഹത്യകൾപോലും കേന്ദ്ര സർക്കാരിനെ തൊഴിലാളികൾക്ക് ഗുണകരമാകുന്ന സാമ്പത്തിക പാക്കേജ് നിർമിക്കുന്നതിന് പ്രേരിപ്പിച്ചിട്ടില്ല. മോട്ടോർ മേഖല സമ്പൂർണ്ണമായും കോർപ്പറേറ്റുകൾക്ക് കൈമാറാനുള്ള പദ്ധതികൾ തകൃതിയിൽ നടക്കുകയാണ്. അഗ്രിഗേറ്റർ എന്ന പുതിയ പദ്ധതിയിലൂടെ കോർപ്പറേറ്റുകൾക്ക് മോട്ടോർ മേഖല പൂർണ്ണമായും തീറെഴുതി കൊടുക്കാനുള്ള ശ്രമവും കേന്ദ്രം നടത്തുന്നുണ്ട്. ഇതുപോലെ റോഡുകളിൽ വാഹനഗതാഗതം നടത്തുവാനുള്ള പെർമിറ്റ് കോർപറേറ്റുകൾക്ക് കൈമാറിയത് വഴി പൊതുമേഖലയിലെ ഗതാഗതസംവിധാനങ്ങൾ പണയപ്പെടുത്തി. കേരളത്തിലെ കെഎസ്ആർടിസിയും തമിഴ്നാട്ടിലെ തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഉൾപ്പെടെയുള്ള പൊതുഗതാഗത സംവിധാനങ്ങൾ സ്വകാര്യമേഖലയ്ക്ക് വഴിമാറികൊടുക്കാൻ നിർബന്ധിക്കപ്പെടുകയാണ്. ഇത്തരം അട്ടിമറിപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനും സംസ്ഥാനങ്ങളെ കൂടുതൽ കടബാധ്യതയിലേക്ക് തള്ളിവിടാനും പൊതുഗതാഗതമേഖലയെ തകർക്കുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ സ്ക്രാപേജ് പോളിസിയുടെ അജണ്ടയിൽ ഒളിഞ്ഞിരിപ്പുണ്ട്.●

# സ്കീം വർക്കർമാരുടെ ദേശീയ പണിമുടക്ക്



ആശാ, അംഗൻവാടി, മിഡ് ഡേ മീൽസ് സംഘടനകളുടെ ദേശീയ ഫെഡറേഷനുകളാണ് സെപ്റ്റംബർ 24 ന് ഒരു ദിവസത്തെ പണിമുടക്കിന് ആഹ്വാനം ചെയ്തിട്ടുള്ളത്. കേരളത്തിൽ ഈ രംഗത്തെ തൊഴിലാളി സംഘടനകളുടെ (സിഐടിയു, എൻഐടിയുസി, എഐടിയുസി, എസ്ടിയു) സംസ്ഥാന നേതൃത്വ യോഗം പണിമുടക്ക് നോട്ടീസ് നൽകുകയും 24 ന് പണിമുടക്കിയ തൊഴിലാളികൾ പഞ്ചായത്ത്/നഗരകേന്ദ്രങ്ങളിലെ കേന്ദ്രസർക്കാർ ഓഫീസുകളുടെ മുന്നിൽ രാവിലെ 10 മുതൽ പ്രതിഷേധം സംഘടിപ്പിക്കുകയും ചെയ്യു.

കോവിഡ് കാലത്ത് ആരോഗ്യമേഖലയിൽ മുൻ നിരയിൽ നിന്ന് ജോലി ചെയ്ത് കൊണ്ടിരിക്കുന്നവരും, തൊഴിൽ ചെയ്യാൻ സാഹചര്യമില്ലാതെ വരുമാനം ലഭിക്കാത്തവരുമായ സ്കീം വർക്കർമാർക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കാനും, സുരക്ഷാ ഉപകരണങ്ങൾ നൽകുവാനും, റിസ്ക് അലവൻസ് നൽകുക, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ ഫലമായി മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് മതിയായ കോമ്പൻസേഷൻ നൽകുക. സാമൂഹ്യ സുരക്ഷ ആനുകൂല്യങ്ങൾ നൽകുക, പെൻഷൻ അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന് മുമ്പിൽ ഉന്നയിച്ചുകൊണ്ടാണ് പണിമുടക്കം.

കോവിഡിന്റെ രണ്ടാം തരംഗം ആരോഗ്യമേഖലയിലും പൊതുജനങ്ങളുടെ ജീവിതത്തിലും വിവരണാതീതമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. മൂന്നാം തരംഗവും ശക്തമാകുമെന്നാണ് സൂചന. പ്രതിരോധ വാക്സിൻ ഊർജ്ജിതപ്പെടുത്തുക, പൊതുജനാരോഗ്യ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക, ആരോഗ്യ പ്രവർത്തകർക്ക് മികച്ച പരിശീലനം, നിലവിലുള്ള സ്കീം വർക്കർമാരെ സ്ഥിരപ്പെടുത്തൽ, കൂടുതൽ ജീവനക്കാരെ ആരോഗ്യമേഖലയിൽ നിയമിക്കുക തുടങ്ങിയ ആവശ്യങ്ങൾ കേന്ദ്ര സർക്കാർ പരിഗണിക്കുന്നേയില്ല. മറിച്ച് സ്കീമുകൾക്ക് നിലവിൽ നൽകുന്ന ഫണ്ടും ബി.ജെ.പി സർക്കാർ വെട്ടിക്കുറയ്ക്കുകയാണ്. രാജ്യത്താകെ പത്ത് ലക്ഷത്തോളം ആശാ വർക്കർമാരാണുള്ളത്. ലീവ് പോലും അനുവദിക്കാതെ 24 മണിക്കൂറോളം കോവിഡ് ഡ്യൂട്ടിയും മതിയായ സുരക്ഷാ ഉപകരണങ്ങൾ പോലുമില്ലാതെയാണ് ആശമാരെ നിയോഗിക്കുന്നത്. ആരോഗ്യസർവേ, കോവിഡ് കേസുകൾ ടെസ്റ്റ് ചെയ്യുക, രോഗികൾക്ക് ചികിത്സാസഹായം എത്തിക്കുക, കോവിഡ് രോഗികളെ ക്വാറന്റീയിൻ കേന്ദ്രങ്ങളിൽ പോയി നിരീക്ഷിക്കുക, തുടങ്ങിയ ജോലികളെല്ലാം 9 മണിക്കൂർവരെയുള്ള വാക്സിൻ ഡ്യൂട്ടിക്ക് പുറമെയാണെന്നതാണ് ഗൗരവതരമാകുന്നത്.

ഐസിഡിഎസിൽ 27 ലക്ഷം അംഗൻവാടി

ശേഷം പേജ് 50

### മുസഫർനഗറിലെ കിസാൻ മസ്ദൂർ മഹാ പഞ്ചായത്തിന്റെ ആഹ്വാനം

# കർഷക വിരുദ്ധ ജനവിരുദ്ധ ബിജെപിയെ പരാജയപ്പെടുത്തുക

**ലോക പ്രസിദ്ധ പണ്ഡിതനും ആക്ടിവിസ്റ്റുമായ നോം ചോംസ്കി കർഷക സമരത്തെ വിശേഷിപ്പിച്ചത് ഇരുണ്ട കാലത്തെ പ്രതീക്ഷയുടെ പ്രകാശ കിരണം എന്നും ലോകത്ത് ആകമാനമുള്ള സമരങ്ങൾക്ക് ഒരു മാതൃക ആണെന്നുമാണ്. സമാധാനപൂർണവും ദീർഘവുമായ ഈ സമരത്തിന് ലോകമാകെ വലിയ അഭിനന്ദനവും പിന്തുണയും അർപ്പിക്കുന്നു.**



വിജു കൃഷ്ണൻ



രാജ്യം ഇപ്പോൾ സാക്ഷ്യം വഹിക്കുന്ന ഐക്യ കർഷക സമരം കുറച്ച് പതിറ്റാണ്ടുകളായി നടക്കുന്ന പ്രക്ഷോഭങ്ങളിൽ ഏറ്റവും ബൃഹത്തായതും ദൈർഘ്യം ഏറിയതുമാണ്. നരേന്ദ്ര മോഡി നയിക്കുന്ന ബിജെപി സർക്കാരിനെതിരെ ഉള്ള ഈ ജനമുന്നേറ്റത്തിന് വലിയ വിഭാഗം ജനങ്ങൾക്ക് പ്രചോദനം ആയത് ഇന്ത്യൻ കാർഷിക മേഖലയെ കോർപറേറ്റുകൾക്ക് എത്തിച്ചുകൊടുക്കാൻ അവസരം നൽകിക്കൊണ്ട് പാസാക്കിയ മൂന്ന് കർഷക വിരുദ്ധ ബില്ലുകൾ ആണ്.

കർഷക വിരുദ്ധമായ മൂന്ന് ഓർഡിനൻസുകൾ കൊണ്ടുവന്ന 2020 ജൂണിലാണ് കർഷകർ സമരം തുടങ്ങിയത്. ഓർഡിൻസിൽ സുപ്രധാന മാറ്റങ്ങൾ കണ്ടതോടെ ഡൽഹിയുടെ സമീപ സംസ്ഥാനങ്ങളിൽ നിന്ന് ഓൾ ഇന്ത്യ കിസാൻ സംഘർഷ്കോഓർഡിനേഷൻകമ്മിറ്റി(AIKSCC) നവംബർ 26, 27 ദിവസങ്ങളിൽ ദില്ലി ചലോ മാർച്ച് നടത്താനും നവംബർ 26ന് ഗ്രാമീണ ഭാരത ഹർത്താൽ ആചരിക്കാനും ആഹ്വാനം ചെയ്തതിന് സമാന്തരമായി കേന്ദ്ര ട്രേഡ് യൂണിയനുകൾ ഈ ദിവസം പൊതുപണിമുടക്കിനും ആഹ്വാനംചെയ്തു. കർഷകരുടെ ആവശ്യങ്ങൾ അംഗീകരിക്കണമെന്നാവശ്യപ്പെട്ടും തൊഴിലാളി വർഗത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുമായിരുന്നു ഈ പണിമുടക്കാഹ്വാനം. ഡൽഹിയിലേക്ക് മാർച്ച് ചെയ്ത കർഷകരെ ബിജെപി സർക്കാർ നിഷ്ഠുരമായാണ് നേരിട്ടത്. കടുത്ത തണുപ്പിലും കൊടിയ ചൂടിലും 650ലേറെ കർഷകർ രക്തസാക്ഷികളായിട്ടും അവരുമായി ചർച്ച നടത്താൻ പ്രധാനമന്ത്രിയോ ബിജെപി സർക്കാരോ തയ്യാറായിട്ടില്ല.

ബിജെപി ആർഎസ്എസ് സംഘവും ബിജെപി സർക്കാരിന്റെ പ്രചാരണ യന്ത്രങ്ങളും കോർപ്പറേറ്റ് മാധ്യമങ്ങളും ചേർന്ന് കർഷകർക്കെതിരെ വിഷലിപ്തമായ പ്രചാരണം നടത്തുകയാണ്. പാകിസ്ഥാനോ ചൈനയ്ക്കോ വേണ്ടി ഖലിസ്ഥാനികളാണ് ഈ സമരം നടത്തുന്നതെന്ന ചിത്രീകരിക്കാനുള്ള ഇത്തരം ശ്രമങ്ങൾക്ക് രാജ്യത്തെ ജനങ്ങൾ ചുട്ടമറുപടി നൽകി.

അംബാനി അദാനിമാരെ ബഹിഷ്കരിക്കുക, കോർപറേറ്റുകളെ ബഹിഷ്കരിക്കുക, വാഹനങ്ങൾക്ക് ടോൾ രഹിത യാത്രകൾ സാധ്യമാക്കുക തുടങ്ങിയ പ്രചാരണങ്ങൾ വിവിധ സംസ്ഥാനങ്ങളിലെ കർഷകർ നടത്തുകയാണ്. ഇത് ഒരു സമ്പൂർണ ഇന്ത്യൻ പ്രക്ഷോഭമായി മാറുകയാണ്. എഐകെഎസ്സിസിയും സംയുക്ത കിസാൻ മോർച്ചയും മൂന്നു കർഷക വിരുദ്ധ നിയമങ്ങൾക്കെതിരെയാണ് സമരം നയിക്കുന്നത്. മൂന്നു നിയമങ്ങളും പിൻവലിക്കുക, കാർഷികോൽപ്പന്നങ്ങൾക്കു കുറഞ്ഞ താങ്ങുവില നിയമപരമായി ഉറപ്പാക്കുക, വൈദ്യുതി നിയമ ഭേദഗതി പിൻവ

ലിക്കുക, തൊഴിലാളിവിരുദ്ധമായ ലേബർ കോഡുകൾ റദ്ദാക്കുക എന്നീ ആവശ്യങ്ങളാണ് പ്രധാനമായും പ്രക്ഷോഭകർ ഉന്നയിക്കുന്നത്. ഇതിനൊപ്പം മഹാമാരി ജനങ്ങൾ അനുഭവിക്കുന്ന നീറുന്ന പ്രശ്നങ്ങൾക്ക് ആശ്വാസം പകരാനായി വേതനപിന്തുണയും സാർവത്രിക വാക്സിനേഷനും ഉറപ്പാക്കുകയും വിലക്കയറ്റം തടയണമെന്നും സമരത്തിന്റെ ഭാഗമായി ആവശ്യപ്പെടുന്നുണ്ട്.




മഹാമാരിയും ലോക്ഡൗണും സൃഷ്ടിച്ച പ്രതിസന്ധിയിലാണ്ടുപോയ ജനങ്ങളെ നരേന്ദ്ര മോഡി സർക്കാരും വിവിധ സംസ്ഥാനങ്ങളിലെ ബിജെപി സർക്കാരുകളും കൂടുതൽ രൂക്ഷമായ പ്രതിസന്ധികളിലേക്ക് തള്ളിവിടുകയാണ്. ഗംഗയിൽ ഒഴുകിനടക്കുന്ന അവകാശികളില്ലാത്ത അസംഖ്യം ശവശരീരങ്ങളും ഓക്സിജൻ കിട്ടാതെ മരിക്കുന്ന ലക്ഷങ്ങളും ഈ മാനുഷിക പ്രതിസന്ധിയുടെ തീവ്രത വ്യക്തമാക്കുന്നു. ഗുജറാത്തി കവയിത്രി പാരുൾ ഖക്കർ എഴുതിയ ശവവാഹിനി എന്ന കവിത സർക്കാരിന്റെ ദയനീയ പരാജയം പ്രതിഫലിപ്പിച്ചു.

ഈയിടെ പൂർത്തിയായ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ സംയുക്ത കിസാൻ മോർച്ച 'കർഷകവിരുദ്ധ ബിജെപിക്ക് വോട്ടില്ല' എന്ന പ്രചാരണം നടത്തി. ബിജെപിയുടെ ധാർഷ്ട്യം നിറഞ്ഞ കോർപറേറ്റ് അനുകൂലനിലപാടും കർഷകവിരുദ്ധവും ജനവിരുദ്ധവുമായ നടപടികളും തുറന്നു കാണിക്കാൻ വേണ്ടിയായിരുന്നു ഈ പ്രചാരണം. കോർപറേറ്റുകൾക്ക് കൃഷിഭൂമിയിൽ ആധിപത്യം സ്ഥാപിക്കാനും കോർപറേറ്റ് കൊള്ളയ്ക്കും ഒത്താശ ചെയ്യുന്ന സർക്കാരിനെ ചെറുക്കാൻ അതിന്റെ രാഷ്ട്രീയ പരാജയം അനിവാര്യമാണെന്ന അഭിപ്രായമാണ് കിസാൻ മോർച്ചയ്ക്കുള്ളത്. തെരഞ്ഞെടുപ്പിൽ ബിജെപിക്ക് കനത്ത തിരിച്ചടിയേറ്റു. എന്നിട്ടും പ്രധാനമന്ത്രിയും ബിജെപിയും കർഷകരോട് ധാർഷ്ട്യം നിറഞ്ഞ സമീപനമാണ് തുടരുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിലെ ദൗത്യം വരാനിരിക്കുന്ന യുപി, പഞ്ചാബ്, ഉത്തരാഖണ്ഡ് തെരഞ്ഞെടുപ്പുകളിലും നടപ്പാക്കണം.

2021 സപ്തംബർ 27ന്റെ ഭാരത് ബന്ദ് വൻവിജയമാക്കണമെന്ന് സപ്തംബർ 5ന് മുസാഫർ നഗറിൽ നടന്ന മഹാപഞ്ചായത്ത് ആഹ്വാനം ചെയ്തു. കർഷകവിരുദ്ധവും ജനവിരുദ്ധവുമായ ബിജെപിയെ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ തോൽപ്പിക്കാനായി മിഷൻ ഉത്തർപ്രദേശും മിഷൻ ഉത്തരാഖണ്ഡും നടപ്പാക്കണമെന്നും മഹാപഞ്ചായത്ത് ആഹ്വാനം ചെയ്തു. കുറച്ചു വർഷം മുമ്പ് രൂക്ഷമായ വർഗീയ ലഹള നടന്ന മുസാഫർ നഗറിൽ നിന്നു തന്നെയാണ് ദൃഢമായ ഈ ആഹ്വാനമുണ്ടായത് എന്നത് ശ്രദ്ധേയമാണ്. ശ്രദ്ധാപൂർവവും ബോധപൂർവവുമായ ഇടപെടലുകളും പ്രശ്നങ്ങളിൽ അധിഷ്ഠിതമായ ഐക്യവും കൊണ്ട് വ്യത്യസ്ത സംഘടനകളെ ഏകോപിപ്പിക്കാൻ കഴിഞ്ഞതിന്റെയും അവയെ ബിജെപി പ്രതിനിധാനം ചെയ്യുന്ന കോർപറേറ്റ് അനുകൂലവും വർഗീയവും ഏകാധിപത്യപരവുമായ നയങ്ങൾക്കെതിരെ രാഷ്ട്രീയമായി തന്നെ അണിനിരത്താൻ കഴിഞ്ഞതിന്റെ ഫലമാണ് മുസാഫർ നഗറിൽ വിജയകരമായി നടന്ന മഹാപഞ്ചായത്ത്.

കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും വിവിധ സംഘടനകളെ ഏകോപിപ്പിച്ച് ഇത്തരമൊരു അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ അഖിലേന്ത്യ കിസാൻ സഭ സുപ്രധാന പങ്കാണ് വഹിച്ചത്. കോർപറേറ്റ് കൊള്ളയ്ക്കും മോഡി സർക്കാരിന്റെ ധാർഷ്ട്യത്തിനുമെതിരെ അഖിലേന്ത്യ കിസാൻ സഭ, അഖിലേന്ത്യ കർഷകത്തൊഴിലാളി യൂണിയൻ, സിഐടിയു എന്നീ സംഘടനകൾ രണ്ടാഴ്ചക്കാലം എല്ലാ സംസ്ഥാനങ്ങളിലും തീവ്രമായ പ്രചാരണ പ്രവർത്തനങ്ങളാണ് നടത്തിയത്. ഇതിന്റെ തുടർച്ചയായാണ് ക്വിറ്റ് ഇന്ത്യ സമരവാർഷികദിനമായ 2021 ആഗസ്ത് ഒമ്പതിന് 'കോർപറേറ്റ് കൊള്ള അവസാനിപ്പിക്കുക, ഇന്ത്യയെ രക്ഷിക്കുക' മുദ്രാവാക്യമുയർത്തി വലിയ പ്രക്ഷോഭം നടത്തിയത്. ഭാരത് ബന്ദ് വിജയിപ്പിക്കാനായി ഈ പ്രവർത്തനം കൂടുതൽ തീവ്രമാക്കേണ്ടതുണ്ട്. ●

# സ്കീം വർക്കർമാരുടെ ദേശീയ പണിമുടക്ക്

പേജ് 47–ൽ നിന്ന്

ജീവനക്കാരുണ്ട്. ഇവർക്കും ആശമാരെ പോലെ കോവിഡ് കാല ഡ്യൂട്ടികൾ നൽകുകയാണ്. ഗുണഭോക്താക്കൾക്ക് മുടങ്ങാതെ റേഷൻ വീടുകളിൽ വിതരണം ചെയ്യുക തുടങ്ങിയ ജോലികൾ നിർവഹിച്ചു വരുന്നു. ഏകദേശം 27 ലക്ഷം സ്കൂൾ പാചകതൊഴിലാളികൾ രാജ്യത്ത് പ്രവർത്തിക്കുന്നു. കോവിഡ് കാലത്ത് രണ്ട് കൊല്ലമായി ജോലി ചെയ്യാൻ കഴിയാതെ ഒരാനുകൂല്യവും ലഭിക്കാതെ കഷ്ടപ്പെടുന്ന തൊഴിലാളികളാണ്. സ്കൂൾ കുട്ടികൾക്ക് സർക്കാർ നൽകുന്ന ഭക്ഷ്യധാന്യം അവരുടെ വീടുകളിൽ എത്തിച്ച് നൽകുന്നതിന് പുറമെ, സാമൂഹ്യ അടുക്കളയിലും, ക്വാറന്റയിൻ കേന്ദ്രങ്ങളിലും ജോലി നോക്കുന്നുണ്ട്. ഇപ്പോൾ സ്കൂളുകളിലെയും അംഗൻവാടികളിലെയും ശുചീകരണ ജോലികളും ചെയ്യാൻ നിർബന്ധിക്കുന്നു. നാഷണൽ ഹെൽത്ത് മിഷന്റെ കീഴിലും, 108 ആംബുലൻസുകളിലുമായി കോവിഡ് ഡ്യൂട്ടി അടക്കമുള്ള മുൻനിരജോലികൾ ചെയ്തു വരുന്ന ലക്ഷക്കണക്കിന് തൊഴിലാളികളും ഈ ഭീഷണി നേരിടുന്നുണ്ട്. രാഷ്ട്രീയ പ്രേരിതമായി ഭരണമാറ്റം അടിസ്ഥാനത്തിൽ വർഷങ്ങളായി ജോലി ചെയ്യുന്ന സ്കീം വർക്കർമാരെ പിരിച്ചു വിടുന്ന നടപടികളും ഉദ്യോഗസ്ഥന്മാരുടെ ചീത്തവിളികളും കേൾക്കേണ്ട അവസ്ഥയും സ്കീം വർക്കർമാർ അനുഭവിക്കേണ്ടിവരുന്നുണ്ട്. ആരോഗ്യമേഖലയിലേക്ക് ജിഡിപിയുടെ 6% നീക്കിവയ്ക്കണം, സ്കീം വർക്കർമാർക്ക് ആരോഗ്യ ഇൻഷ്വറൻസ്, 10,000 രൂപ റിസ്ക് അലവൻസ് 21,000 രൂപ മിനിമം വേജസ്, 10 കിലോഗ്രാം സൗജന്യ ഭക്ഷ്യധാന്യം, പ്രതിമാസം 7500 രൂപ കോവിഡ് ആശ്വാസ ധനം എന്നിവ അനുവദിക്കുക. ഡിജിറ്റലൈസേഷൻ ജോലിയുടെ പേരിൽ അംഗൻവാടി ജീവനക്കാർക്കെതിരെയുള്ള പ്രതികാര നടപടികൾ ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ദേശീയ പണിമുടക്കിൽ ഉയർത്തുന്നത്. ●

# 50 കൊല്ലത്തിനിടെ പ്രകൃതി ദുരന്തങ്ങൾ 20 ലക്ഷം ജീവനെടുത്തു

കാലാവസ്ഥാവ്യതിയാനം മൂലമുള്ള പ്രകൃതിദുരന്തങ്ങൾ കഴിഞ്ഞ അഞ്ചു പതിറ്റാണ്ടിനിടെ അഞ്ചിരട്ടിയായി വർധിച്ചെന്ന് ലോക കാലാവസ്ഥാ പഠന സംഘടന (ഡബ്ല്യു.എം.ഒ). 20 ലക്ഷം പേർ ഇക്കാലയളവിൽ മരിച്ചു. കോടിക്കണക്കിന് ഡോളറിന്റെ നാശനഷ്ടമുണ്ടായി. ആഗോളതാപനം മൂലം കൂടുതൽ കഠിനമായ പ്രകൃതിദുരന്തങ്ങൾ ഇനിയും വരാനിരിക്കുന്നു എന്ന മുന്നറിയിപ്പാണ് ഡബ്ല്യു.എം.ഒ നൽകുന്നത്.

- ആസൂത്രണവും കൃത്യമായ മുന്നറിയിപ്പും മരണസംഖ്യ കുറച്ചു.
  70 കളിൽ 50,000 മരിച്ചപ്പോൾ 2010 ൽ 18,000 മാത്രം.
- അഞ്ചു പതിറ്റാണ്ടിലെ നഷ്ടം 3.64 ലക്ഷം കോടി ഡോളർ.
- വിലയിരുത്തിയത് 1979 നും 2019 നുമിടയിലുണ്ടായ 11,000 ത്തോളം ദുരന്തങ്ങൾ.
  (എത്യോപ്യയിൽ മൂന്നു ലക്ഷം പേരുടെ ജീവനെടുത്ത 1983 ലെ വരൾച്ചയും യു.എസിൽ 1800 പേരുടെ മരണത്തിനിടയാക്കിയ 2005 ലെ കത്രീന ചുഴലിക്കാറ്റുമടക്കം)
- മരണം 20 ലക്ഷം (91 ശതമാനവും വികസ്വര രാജ്യങ്ങളിൽ)
- ഏറ്റവുമധികം നാശനഷ്ടമുണ്ടാക്കിയത് കത്രീന ചുഴലിക്കാറ്റ് 16,361 കോടി ഡോളർ
- ചെലവ് 70 കളിൽ 17,540 കോടി ഡോളർ. 2010 കാലയളവിൽ 1.38 ലക്ഷം കോടി ഡോളർ.
  (ഹാർവേ, മരിയ, ഇർമ തുടങ്ങിയ ചുഴലിക്കാറ്റുകൾ യു.എസിൽ വീശിയ കാലം)
- ആഫ്രിക്കൻ രാജ്യങ്ങളിൽ മുന്നറിയിപ്പു സംവിധാനം ഫലപ്രദമല്ല.